


വാഴ്ത്തപ്പെട്ട ചാവറയച്ചനും വാഴ്ത്തപ്പെട്ട ഏൽഫോൻസാമ്മയും

ഫാ. ജോൺ റോമയോ പട്ടശ്ശേരി C.M.I.

ORKS
100
ALORE
076
AM COLLEGE

വാഴ്ത്തപ്പെട്ട ചാവറയച്ചനും
വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയും

ഫാ. ജോൺ റോമയോ പട്ടശ്ശേരി

DHARMARAM VIDYA KSHETRAM
LIBRARY
BANGALORE-29

DHARMARAM VIDYA KSHETRAM
LIBRARY
Ac. No. 32217
Call No. K 91.1/ P 276

(Malayalam)

VAZHTHAPETTA CHAVARAYACHANUM
VAZHTHAPETTA ALPHONSAMMAYUM

By Fr. JOHN ROMEO C.M.I., M.A.

First Edition – April 1991

Copy Right
Fr. John Romeo Pattasserry

Published by
Chavara Books and Publications, Alwaye
Price Rs. 15/–
Printed at
St. Joseph's Press, Mannanam

ഉള്ളടക്കം

		പേജ്
1	ആമുഖക്കുറിപ്പ്	7
2	വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജീവചരിത്ര സംഗ്രഹം	9
3	വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ജീവചരിത്ര സംഗ്രഹം	18
4	രോഗശാന്തിയെക്കുറിച്ച് വാഴ്ത്. അൽഫോൻസാമ്മയുടെ വിവരണം (സ്വന്തം കൈപ്പട)	25
5	രോഗശാന്തിയെക്കുറിച്ച് വൈസ്പോസ്റ്റുലേറ്ററുടെ പ്രസ്താവന	30
6	നോവിസ് മിസ്സ്രസ് ബ. ഉർസുലാമ്മയുടെ സാക്ഷ്യം	46
7	ബ. സി. എമിറിച്ചിന്റെ സാക്ഷ്യം (വാഴ്ത്. അൽഫോൻസാമ്മ മാന്നാനത്തു ചാവറയച്ചന്റെ കബറിടത്തിങ്കൽ പ്രാർത്ഥിക്കാൻ വന്നതിനെക്കുറിച്ച്)	58
8	ബ. സി. അൽഫോൻസാ ഇടയാടിയുടെ സാക്ഷ്യം	59
9	,, സി. കൊച്ചുത്രേസ്യായുടെ സാക്ഷ്യം	65

10	ബ.	സി. മഗ്ദ്ദലീത്തായുടെ സാക്ഷ്യം	68
11	,,	സി. മേരി റീത്താ പറേടത്തിന്റെ സാക്ഷ്യം	75
12	,,	സി. മറിയം ക്ലാരയുടെ സാക്ഷ്യം	77
13	,,	സി. മേരി മത്തീനായുടെ സാക്ഷ്യം (കിഴക്കേകരിഞ്ഞാണി)	79
14	,.	സി. മേരി സെലീനാമ്മയുടെ സാക്ഷ്യം	81
15	,,	സി. ബ്രിജീത്തായുടെ സാക്ഷ്യം	84
16	,,	സി. മേരി മത്തീനായുടെ സാക്ഷ്യം	88
17	,,	സി. മേരി റീത്തായുടെ സാക്ഷ്യം	91
18	,,	സി. മേരി സിസിലിയുടെ സാക്ഷ്യം	94
19	,,	സി. ഫിലോമിനായുടെ സാക്ഷ്യം	96
20	,,	സി. മേരി സെലസ്റ്റീനായുടെ സാക്ഷ്യം	103
21	,,	സി. മേരി അനസ്താസിയായുടെ സാക്ഷ്യം	106
22	,,	സി. മൂയീസായുടെ സാക്ഷ്യം	108
23	,,	ഡോ. റവ. എസ്. തോമസ് രോഗശാന്തിയെക്കുറിച്ചു നല്കുന്ന വിവരണം	109
24	,,	രോഗശാന്തിയെക്കുറിച്ചു് 'ജീവചരിത്രകാരന്മാർ'	113

ഗ്രന്ഥകർത്താവിന്റെ കൃതികൾ

വാഴ്ത്തപ്പെട്ട ചാവറയച്ചൻ
Ist Edition — 1987
IInd Edition — 1988
IIIrd Edition — 1989
പുണ്യചരിതനായ പാലയ്ക്കൽ മല്പാൻ
ചാവറയച്ചൻ വികാരിയായിരുന്ന പള്ളിപ്പുറം
ധർമ്മഗീതി (Ed) ഗാനങ്ങൾ
അമൃതധാര (Ed) ഗാനങ്ങൾ
വാഴ്ത്തപ്പെട്ട ചാവറയച്ചൻ — വ്യക്തിയും വീക്ഷണവും
Vol. I 1989
Vol. II 1989
ചാവറപ്പിതാവിന്റെ ആഴമായ ആദ്ധ്യാത്മികത
വാഴ്ത്തപ്പെട്ട ചാവറയച്ചനും വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയും
നെയ്ത്തിരി
വാഴ്ത്തപ്പെട്ട ചാവറയെപ്പറ്റി മഹാന്മാർ
അത്ഭുതങ്ങൾ ആയിരങ്ങൾ
വാഴ്ത്തപ്പെട്ട ചാവറ — സഹനങ്ങളുടെ മനുഷ്യൻ
വേദനയുടെ വാടാമലർ

ആമുഖക്കുറിപ്പ്

1936–ൽ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മ ഒരു നവ കന്യകയായി നൊവിഷ്യേറ്റ് കഴിക്കുന്നകാലം. നിരവ ധിയായ അസുഖങ്ങൾ മൂലം വളരെയേറെ വേദന സഹി ച്ചിരുന്നു. ഒളശ്ശ വൈദ്യന്മാരുടെ ആയുർവേദ ചികിത്സ യ്ക്കോ എറണാകുളം ജനറൽ ആശുപത്രിയിലെ ചികി ത്സയ്ക്കോ സർജറിയ്ക്കോ രോഗം സുഖപ്പെടുത്താൻ സാധി ക്കാതെ രോഗിണിയെ നൊവിഷ്യേറ്റിൽനിന്നും തിരി ച്ചയയ്ക്കുവാൻ അധികാരികൾ പ്ലാനിടുകയും കാളാശ്ശേരി പിതാവിന്റെ കരുണമൂലം 'അവൾ മരിക്കുന്നെങ്കിൽ നൊവിസ്സായിത്തന്നെ മരിക്കട്ടെ' എന്ന വലിയ അനു വാദത്തോടെ മരണത്തിന്റെ കാലൊച്ചയും പാർത്തു വേദന കടിച്ചിറക്കി കഴിയുന്ന സമയം എല്ലാ പ്രതീ ക്ഷകളോടും ശ്രദ്ധാപൂർവ്വം വിശ്വാസത്തോടുംകൂടി വാഴ്ത്ത പ്പെട്ട ചാവറയച്ചനോടുള്ള നവനാൾ പ്രാർത്ഥന നവസ ന്യാസഗുരുവിന്റെ നിർദ്ദേശപ്രകാരം നടത്തിയിരുന്നു. നൊവേനയുടെ ഒൻപതാം ദിവസം രാത്രി വാഴ്ത്ത പ്പെട്ട ചാവറയച്ചൻ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയ്ക്കു പ്രത്യക്ഷനായി രോഗശാന്തി നൽകുകയും എല്ലാ രോഗ ങ്ങളും പൂർണ്ണമായി സുഖപ്പെട്ട് രോഗിണി ഉടനെതന്നെ എഴുന്നേറ്റു കപ്പേളയിൽചെന്നു ദൈവത്തിനു നന്ദി പറയുകയും പിറ്റെ ദിവസം മുതൽ കൂട്ടക്രമങ്ങൾക്കു പോ യിത്തുടങ്ങുകയും പൊതുഭക്ഷണം മാത്രം കഴിക്കുകയും ചെയ്തിരുന്നു. നൊവിഷ്യേറ്റു കഴിഞ്ഞ് ഭരണങ്ങാനത്തു ചെന്നശേഷവും രണ്ടു പ്രാവശ്യംകൂടി ചാവറയച്ചൻ

വാഴ്ത്ത. അൽഫോൻസാമ്മയുടെ പ്രത്യക്ഷപ്പെട്ട് രോഗശാന്തി നല്കുന്നുണ്ട്. വാഴ്ത്ത. ചാവറയച്ചൻ നല്കിയ ഈ രോഗശാന്തിയെക്കുറിച്ച വാഴ്ത്ത. അൽഫോൻസാമ്മതന്നെ സ്വന്തം കൈപ്പടയിൽ എഴുതിയ രോഗശാന്തിവിവരണം ഇന്നു മാന്നാനത്തു ചാവറയച്ചന്റെ മ്യൂസിയത്തിൽ ഒരമൂല്യ രേഖയായി സൂക്ഷിച്ചിരിക്കുന്നു. ഒരു വാഴ്ത്തപ്പെട്ടവളെ സഭയ്ക്കു നല്കിയ വിഖ്യാതമായ ഈ രോഗശാന്തിയെക്കുറിച്ച പലരും ഇന്നു അജ്ഞരാണ്. 1st class miracle എന്നു പറയുന്നതരത്തിലുള്ള ഈ അത്ഭുതത്തെക്കുറിച്ച വളരെ വിശദമായ പഠനം – നാമകരണ കാര്യാലയം നടത്തിയിട്ടുണ്ട്. പൊതുജനങ്ങളുടെ അറിവിലേക്കായി ഈ രോഗശാന്തിവിവരവും ഇതേക്കുറിച്ച് അന്നു അൽഫോൻസാമ്മയുടെകൂടെ നവസന്ന്യാസത്തിൽ കഴിഞ്ഞിരുന്നവരുടേയും ചങ്ങനാശ്ശേരി മഠത്തിൽ ഉണ്ടായിരുന്നവരുടേയും ചികിത്സിച്ച ഡോക്ടരുടേയും സാക്ഷ്യങ്ങളും വലിയ ഒരു മുതൽക്കൂട്ടുതന്നെ ആയിരിക്കുമെന്നുള്ളതിനു സംശയമില്ല. ഈ വിവരങ്ങളും വാഴ്ത്ത. ചാവറയച്ചനോടും വാഴ്ത്ത. അൽഫോൻസാമ്മയോടും അനുഗ്രഹങ്ങൾക്കായി അപേക്ഷിക്കുവാൻ ധാരാളം പേരെ പ്രേരിപ്പിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. രണ്ടു പുണ്യാത്മാക്കളുടെയും അനുഗ്രഹങ്ങളും അനുവാചകർക്കു നേർന്നുകൊണ്ട്,

ഫാ. ജോൺ റോമയോ പട്ടശ്ശേരി

വൈസ് പോസ്റ്റുലേറ്റർ

മാന്നാനം.

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജീവചരിത്രസംഗ്രഹം

വഞ്ചിപ്പാട്ടിന്റേയും തേക്കുപാട്ടിന്റേയും ഈരടികൾ കേട്ടുണരുന്ന മനോഹരമായ ഒരു കുട്ടനാടൻ ദ്വീപാണ് കൈനകരി. ആലപ്പുഴയിൽനിന്നു -8- കിലോമീറ്റർ തെക്കുകിഴക്കായി – നെടുമുടിയിൽനിന്നും-4-കിലോമീറ്റർ വടക്കുകിഴക്കായി ഈ ദ്വീപു സ്ഥിതിചെയ്യുന്നു. ഇന്നും റോഡുകൾ കടന്നുചെല്ലാത്ത, വണ്ടികൾ കടന്നു ചെല്ലാത്ത കുഗ്രാമമായി തന്നെയാണ് കൈനകരി സ്ഥിതിചെയ്യുന്നതു്. ഈ കൈനകരിയിലെ പ്രശസ്തമായ പടിഞ്ഞാറെ ചാവറ കുടുംബത്തിൽ 1805-ഫെബ്രുവരി 10–ാംതീയതി, കുര്യാക്കോസ്–മറിയം ദമ്പതികളുടെ കനിഷ്ഠ പുത്രനായി കുര്യാക്കോസ് ഭ്രജാതനായി. 8–ാം ദിവസം ചേന്നങ്കരി പള്ളിയിൽവച്ചു ജ്ഞാനസ്നാനം നല്കപ്പെട്ടു. കുര്യാക്കോസ് എന്ന പേരാണ് അവനു നൽകപ്പെട്ടതു്. തികഞ്ഞ മാതൃഭക്തയായ കൊച്ചുകുര്യാക്കോയുടെ അമ്മ നന്മനിറഞ്ഞ മറിയമേ എന്ന ജപവും മറ്റു പ്രാർത്ഥനകളും കുഞ്ഞിപ്രായത്തിൽ തന്നെ അവനെ അഭ്യസിപ്പിച്ചു. വെച്ചൂർ പള്ളിയിൽ എല്ലാക്കൊല്ലവും കൊണ്ടുപോയി അടിമവെച്ചിരുന്നു. അഞ്ചുവയസ്സിൽ അടുത്തുള്ള ആശാന്റെ കളരിയിൽ വിദ്യ അഭ്യസിച്ചു. 9–ാം വയസ്സായപ്പോഴെ മലയാളവും തമിഴും സംസ്കൃതവും എഴുതുവാനും വായിക്കുവാനും അർത്ഥം വിശകലനം ചെയ്യുവാനും കൊച്ചുകുര്യാക്കോസു പഠിച്ചു. ആശാന്റെ തലയിലുള്ള വിദ്യമുഴുവൻ നാലു കൊല്ലംകൊണ്ടു സ്വായത്തമാക്കി. വൈദികനായി ദൈവസേവനത്തിനു സ്വയം പ്രതിഷ്ഠിക്കാൻ വലിയ ആഗ്രഹമുണ്ടായിരുന്നെങ്കിലും മാതാപിതാക്കളുടെ എതിർപ്പിനെ ഭയന്നു ഇക്കാര്യം അറിയിക്കാതെവച്ചിരുന്നു. എങ്കി

ലും പഠനം കഴിഞ്ഞു വീട്ടിൽ നിൽക്കുന്ന കാലത്തു മിക്കവാറും ദിവസങ്ങളിൽ ചേന്നങ്കരി പള്ളിയിൽ പോകുകയും അവിടത്തെ വികാരിയച്ചനിൽനിന്നും സുറിയാനിഭാഷ വായിക്കാൻ പഠിക്കുകയും ചെയ്തിരുന്നു.

ആയിടയ്ക്കാണ് പുണ്യധനനായ പാലയ്ക്കൽ തോമ്മാ മല്പാൻ ഇളയമ്മയെ കാണാൻ കാളാശ്ശേരിയിൽ വന്നതു്. കുര്യാക്കോയുടെ കാര്യം അറിഞ്ഞു് അവനെ കാണുവാൻ പടിഞ്ഞാറെ ചാവറ ഭവനത്തിൽ എത്തുകയും വൈദിക വിദ്യാഭ്യാസത്തിനായി കുര്യാക്കോയെ അയയ്ക്കുന്നതിന് മാതാപിതാക്കളെ നിർബന്ധിക്കുകയും ചെയ്തു. ആദ്യം വലിയ എതിർപ്പുപ്രകടിപ്പിച്ചെങ്കിലും പിന്നീടു് പാലയ്ക്കൽ മല്പാനച്ചന്റെകൂടെ പള്ളിപ്പുറം സെമിനാരിയിലേയ്ക്കു തന്റെ 11–ാംവയസ്സിൽ കുര്യാക്കോയെ യാത്രയയച്ചു.

സെമിനാരിയിൽ എല്ലാവക്കും മാതൃകയായി പഠനകാര്യങ്ങളിൽ ഒന്നാമനായി മല്പാനച്ചന്റെ കണ്ണിലുണ്ണിയായി വളർന്നുവന്നു. വലിയകാര്യങ്ങൾക്കായി മാററിവയ്ക്കപ്പെട്ടിരുന്ന കുര്യാക്കോ ശമ്മാശ്ശനെ അഗ്നിപരീക്ഷകൾകൊണ്ടു് മാറ്റുകൂട്ടുവാൻ ദൈവം തിരുമനസ്സായി. 2 കൊല്ലം സെമിനാരിയിൽ കഴിഞ്ഞപ്പോഴേ ഏതോ സാംക്രമികരോഗം കാരണം അപ്പനും അമ്മയും ഏകസഹോദരനും അടുക്കലടുക്കൽ ഈലോകവാസം വെടിഞ്ഞു. ജ്യേഷ്ഠസഹോദരന്റെ കുഞ്ഞുമകനുമാത്രം കുടുംബത്തിൽ ശേഷിച്ചു. കുടുംബം അന്യംനിൽക്കാതെ നിലനിർത്തുവാൻ സെമിനാരിയിൽനിന്നും ചിറപ്പന്മാർ ബലമായി തന്നെ കുര്യാക്കോസു് ശമ്മാശ്ശനെ വീട്ടിലേക്കുകൊണ്ടുപോയി. ദൈവത്തിനു പ്രതിഷ്ഠിതനായ തന്നെ കുടുംബജീവിതവുമായി ബന്ധിപ്പിക്കുവാനുള്ള പരിശ്രമങ്ങളെല്ലാം പരാജിതമായി. 3 മാസത്തിനുള്ളിൽ വീണ്ടും സെമിനാരിയിലേയ്ക്കു തിരിച്ചുവന്നു. 24 വയസ്സുവരെ എല്ലാ സുകൃതങ്ങളിലും മുഴുകി നല്ലൊരു വൈദിക വിദ്യാർത്ഥിയായി ജീവിച്ചു. 1829–നവംബർ അവസാനം

അർത്ഥങ്ങൾ പള്ളിയിൽ വച്ച് മോൺ മൗറേലിയൂസ് സ്ഥലത്തിനു മെത്രാപ്പോലീത്തായിൽനിന്നും പട്ടമേറ്റു. സ്വന്തഇടവകയിൽ കുർബാന അർപ്പിച്ചു.

ഗുരുഭ്രതന്റെ ആഗ്രഹം അനുസരിച്ച് പള്ളിപ്പുറത്തേക്കു പോകുകയും അവിടെ ശമ്മാശ്ശന്മാരെ പഠിപ്പിക്കുകയും ചെയ്തു. ഈയവസരത്തിലാണ് ആദ്യത്തെ സന്ന്യാസസഭാസ്ഥാപനത്തിനുള്ള സ്ഥലം അന്വേഷണം ആരംഭിച്ചതു്. സുഖമില്ലാതിരുന്ന പാലയ്ക്കൽ മല്പാൻ, ചാവറയച്ചനെത്തന്നെ ഈ ചുമതലയേൽപ്പിച്ചു. പലയിടത്തും ചുറ്റിക്കറങ്ങി അവസാനം മാന്നാനത്തെ 'ഓലൻ കണ്ണാലമുകളം' എന്ന കുന്നിൻപ്രദേശം കൊവേന്തയ്ക്കു പറ്റിയസ്ഥലമായി കണ്ടെത്തുകയും ഗുരുഭ്രതന്മാരെ കാണിച്ച് അംഗീകാരം വാങ്ങിക്കുകയും ചെയ്തു. ആശ്രമത്തിനു് 1831—മെയ് 11—നു് ശിലാസ്ഥാപനം നടത്തി പണികളും ആരംഭിച്ചു. പുതുതായിവന്ന ഫ്രാൻസീസ്കൻ സേവ്യർ മെത്രാപ്പോലീത്ത ചില കിംവദന്തികളുടെ അടിസ്ഥാനത്തിൽ ആശ്രമസ്ഥാപനത്തിനു പരിശ്രമിച്ചുകൊണ്ടിരുന്ന ചാവറയച്ചനെയും പോരുക്കരയച്ചനെയും ഓരോ പള്ളിയിലേയ്ക്കു വികാരിമാരാക്കി സ്ഥലം മാറ്റി. ആശ്രമപ്പണി $2\frac{1}{2}$ കൊല്ലത്തോളം മുടങ്ങി. 33—ൽ വീണ്ടും പണി ആരംഭിച്ചു. വൈദികരാകുവാനും സന്ന്യാസസഭയിൽ ചേരുവാനും അനേകം അപേക്ഷകർ വന്നതിനാൽ ഒരു സെമിനാരി—മാന്നാനം കൊവേന്തയോടു ചേർന്നു സ്ഥാപിച്ചു. പ്രാർത്ഥനപുസ്തകങ്ങളും വേദപാഠവും അച്ചടിക്കാൻ മരംകൊണ്ടു് ഒരു പ്രസ്സുണ്ടാക്കി പ്രവർത്തിപ്പിച്ചു. ഹരിജനങ്ങൾക്കു അക്ഷരജ്ഞാനം കൊടുക്കാൻ സ്കൂളുകളും സ്ഥാപിച്ചു. പിടിയരി പിരിച്ചാണു് ഹരിജൻ കുട്ടികൾക്കു് ഉച്ചഭക്ഷണവും അവരുടെ അദ്ധ്യാപകർക്കു് ശമ്പളവും കൊടുത്തതു്.

മാന്നാനത്തെ അച്ചന്മാരുടെ സുകൃതജീവിതം കണ്ടു് പല ഇടവക വൈദികരും അനേകം യുവാക്കളും ഈ സമൂഹത്തിൽ ചേരുവാൻ വന്നു. 1855 ഡിസംബർ 8നു്

ഈ സന്യാസസമൂഹത്തിനു് (അമലോത്ഭവ ദാസസംഘം) തിരുസഭയുടെ ഔദ്യോഗികമായ അംഗീകാരം കിട്ടി. ചാവറയച്ചനും മറ്റു പത്തുപേരും വ്രതം അനുഷ്ഠിച്ചു് കാനോനികമായ സന്യാസജീവിതം സമാരംഭിച്ചു.

ഈ സഭയിലെ സന്യാസവൈദികർ സ്വന്തം പരിപൂർണ്ണതയ്ക്കായി ദീഘ്ലസമയം ദൈവിക ധ്യാനയോഗത്തിൽ ചിലവഴിക്കും. തപസ്സും പ്രായശ്ചിത്ത പ്രവൃത്തികളും അനുഷ്ഠിക്കുകയും ജ്ഞാനധ്യാനം വഴിയും മറ്റും ഇടവക നവീകരണം സാധിക്കുകയും ചെയ്തു.

സത്യസഭയിൽനിന്നും കേരള സുറിയാനിസഭയെ വെട്ടിമുറിക്കുവാൻ പരിശ്രമിച്ച റോക്കോസു് ശീശ്മയോടു് ഈ സഭാംഗങ്ങളും സുധീരം പോരാടുകയും ദൈവജനത്തെ ഉറപ്പിച്ചുനിർത്തുവാൻ ഏറെ പണിപ്പെടുകയും ചെയ്തു. ഇരവു പകലാക്കി ചാവറയച്ചൻ ഈ മാരണത്തിനെതിരായി പടപൊരുതി. പലപ്പോഴും തന്റെ ജീവനെ രക്ഷിക്കുവാൻവേണ്ടി പലരുടെയും വീട്ടകളിൽ ഒളിച്ചുതാമസിക്കേണ്ടി വന്നിട്ടുണ്ടു്. ചാവറയച്ചന്റെ നിസ്തുലമായ സേവനത്തെ പ്രകീർത്തിച്ചുകൊണ്ടു് അന്നു തിരുസഭയെ ഭാഗ്യമോടെ ഭരിച്ചിരുന്ന ഒൻപതാം പീയൂസു് മാർപ്പാപ്പാ ഒരു ആശീർവാദ സന്ദേശം സ്വന്തം കൈപ്പടയിൽ എഴുതി ചാവറ അച്ചനു അയച്ചുകൊടുത്തു. സുറിയാനി സമുദായത്തിന്റെ വികാരി ജനറാളായി നിയമിതനായ അദ്ദേഹം പള്ളികളും സന്ദർശിച്ചു വഴക്കുകളും തെറ്റിദ്ധാരണയും മാറ്റിയും സത്യം മനസിലാക്കികൊടുത്തും പല പള്ളികളേയും ശീശ്മയിൽനിന്നും രക്ഷിച്ചു. മഹറോൻ ശിക്ഷ ഏറ്റുവാങ്ങുകയും സ്വന്തം പാത്രിയക്കീസിനാൽ ശാസിക്കപ്പെടുകയും തിരിയെ വിളിക്കപ്പെടുകയും ചെയ്ത റോക്കോസു് മെത്രാനെ കേരളത്തിൽനിന്നും പോകാതിരിക്കാൻ ശീശ്മവാദികളും വളരെ പണിചെയ്തു. പക്ഷേ ധന്യനായ ചാവറയച്ചൻ അദ്ദേഹത്തിന്റെ രക്ഷയ്ക്കെത്തുകയും പണപ്പിരിവുനടത്തി തിരിച്ചു പോകുവാനുള്ള യാത്രച്ചിലവു സംഘടിപ്പിക്കുകയും ചെയ്തു.

അങ്ങനെ ശീശ്മയുടെ ഒഴുക്കു ഏറെക്കുറെ തടഞ്ഞു. പിന്നീടുണ്ടായ മേലൂസ് ശീശ്മയേയും നേരിടുവാൻ ചാവറയച്ചനു ഇതു ധൈര്യം പകർന്നു. 1864-ൽ വരാപ്പുഴ മെത്രാപ്പോലീത്തായുടെ അഭീഷ്ടപ്രകാരം കൂനമ്മാവിൽ മാന്നാനത്തിന്റെ ശാഖാഭവനമായി ആരംഭിച്ച ആശ്രമത്തിലേക്കു സ്ഥലം മാറുകയും അവിടെ ശ്രേഷ്ഠനായി കൊണ്ടു് മാന്നാനത്തു ചെയ്തിരുന്നതുപോലെയുള്ള ദൈവജന സമുദ്ധാരണ പ്രവർത്തികളെ വടക്കൻ ദിക്കുകളിലും ഭംഗിയായി നിർവ്വഹിച്ചുകൊണ്ടിരുന്നു. കൂനമ്മാവിൽ ആയിരിക്കുമ്പോഴാണു് 1866-ൽ ഭാരതത്തിലെ സ്ത്രീകളുടെ ഒന്നാമത്തെ സന്യാസ സമൂഹമായ C.M.C സന്യാസിനി സഭയ്ക്കു തുടക്കം കുറിച്ചതു്. ചാവറയച്ചൻ മരണം വരെ അവക്കുവേണ്ട നിർദ്ദേശങ്ങളും കൊടുക്കുകയും പലരിൽനിന്നും പണം പിരിച്ചെടുത്തു കൂനമ്മാവിൽ ഇന്നുള്ള മഠം പണിയിക്കുകയും ചെയ്തു. വി. കർബ്ബാനയുടെ ആരാധനയ്ക്കു് ദൈവജനത്തെ ഒട്ടുപ്പിക്കുവാനായി കൂനമ്മാവിൽ വച്ചു് ആദ്യമായി അവിടത്തെ ആശ്രമദേവാലയത്തിൽ 40 മണി ആരാധന എന്ന മൂന്നു ദിവസത്തെ ദീർഘമായ ആരാധനായജ്ഞം സമാരംഭിക്കുകയും ഇതിൽ നിന്നും ദൈവജനത്തിനു സംലബ്ധമായ ദൈവാനുഗ്രഹങ്ങളും മനസിലാക്കി പിറെക്കൊല്ലം മുതൽ എല്ലാ ആശ്രമദേവാലയങ്ങളിലും ഈ വിശേഷപ്പെട്ട ദൈവാരാധന നടപ്പിലാക്കുകയും ചെയ്തു.

കൂനമ്മാവിലെ കാലാവസ്ഥ ചാവറയച്ചന്റെ ആരോഗ്യസ്ഥിതിക്കു് തീർത്തും അനുകൂലമായിരുന്നില്ല. അതിനാൽ ഓരോ തരത്തിലുള്ള സുഖക്കേടുകളും അദ്ദേഹത്തെ വട്ടമിട്ടുവാൻ തുടങ്ങി. 7 കൊല്ലം കൂനമ്മാവിൽ താമസിച്ചതിൽ അവസാനത്തെ മൂന്നു കൊല്ലം മുഴുവൻ തന്നെ പലവിധ രോഗത്താൽ അദ്ദേഹം വളരെയേറെ പീഡിപ്പിക്കപ്പെട്ടു. കണ്ണിന്റെ കാഴ്ച വളരെ കുറവായി എന്നു മാത്രമല്ല വലിയ വേദനയും അനുഭവിച്ചിരുന്നു. ഇതിനുള്ള ചികിത്സ തന്നെ വളരെ സഹനം ഉളവാക്കുന്നതായിരുന്നു. കാലിൽ നീരു വന്നു; വാതപ്പനിയും വാത

പ്പൊട്ടും മറുമായിരുന്ന ഇതരരോഗങ്ങളും. രോഗങ്ങളെല്ലാം അസാമാന്യ ക്ഷമയോടുകൂടി സഹിച്ചിരുന്നു. മാന്നാനത്തേക്കു നല്ല കാലാവസ്ഥയെ പ്രതി മാറ്റം വാങ്ങി പോരുവാൻ സഹപ്രവർത്തകർ പല പ്രാവശ്യം നിർബന്ധിച്ചിട്ടും ചാവറയച്ചൻ ഒട്ടും താൽപര്യം കാണിച്ചില്ല.

അങ്ങനെ 1871 ജനുവരിമാസം 3–ാം തീയതി കാലത്തു 7 മണിക്കു് തന്റെ സഹവൈദികരുടെയും വൈദികവിദ്യാർത്ഥികളുടെയും എരിവേറിയ പ്രാർത്ഥനാമദ്ധ്യേ ഈ പുണ്യചരിതന്റെ പാവനാത്മാവു് ദൈവത്തിന്റെ പക്കലേക്കു ചിറകടിച്ചു പറന്നുയർന്നു. തന്റെ യടുക്കൽ വന്നുകൂടിയ ആശ്രമവാസികളും കരയുകയും ദുഃഖിക്കുകയും ചെയ്യുന്നതു കണ്ടു് അദ്ദേഹം ധൈര്യപൂർവ്വം പറഞ്ഞു: ''നിങ്ങൾ എന്തിനാണു കരയുന്നതു് എന്നെ ഓർത്തിട്ടാണോ. ദൈവത്തിന്റേയും തിരുക്കുടുംബത്തിന്റേയും അനുഗ്രഹത്താൽ മാമ്മോദീസായിൽ കിട്ടിയ വരപ്രസാദം നഷ്ടപ്പെടുവാനായിട്ടു് ഒരിക്കലും എനിക്കു ഇടയായിട്ടില്ല ''

കേരളത്തിലെ സഭാംഗങ്ങളും ഇടവകജനങ്ങളും മിക്ക പള്ളികളടേയും ദർശന സമൂഹങ്ങളും കുന്നമ്മാവിൽ പിറേറദിവസം തടിച്ചുകൂടി. കേരളത്തിന്റെ ഈ പുണ്യനായകനു അന്ത്യാഭിവാദനം അർപ്പിക്കാൻ. കുന്നമ്മാവു പള്ളിക്കും പള്ളിമൈതാനത്തിനും പരിസരത്തിനും ഉൾക്കൊള്ളുവാൻ സാധിക്കാത്ത തരത്തിലുള്ള വലിയ ഒരു ജനാവലിയാണു് സംസ്കാര ശുശ്രൂഷയിൽ പങ്കുകൊണ്ടതു്. പലരും ജീവിച്ചിരുന്ന ഈ വിശുദ്ധന്റെ കരം ചുംബിക്കുവാനും ഭൗതികാവശിഷ്ടങ്ങൾ മുട്ടിച്ചൊട്ടുക്കുവാനും പൂക്കൾ വിതറുവാനും തിരക്കുകൂട്ടി. ശവസംസ്കാരപ്രസംഗം നടത്തിയ തോപ്പിലച്ചൻ ധൈര്യമായി പറഞ്ഞു. ഇന്നു മലയാളസഭയുടെ കൊടിവീണിരിക്കുന്നു. കുന്നമ്മാവു് വി. ഫിലോമിനായുടെ ആശ്രമദേവാലയത്തിന്റെ മദ്ബഹായുടെ താഴെ മദ്ധ്യത്തിൽ പ്രത്യേകം തയ്യാർ ചെയ്ത കല്ല

റയിൽ ഈ പാവനചരിതന്റെ പൂജ്യശരീരം ഭൂമിദാനം ചെയ്തു. ശവസംസ്കാരം കഴിഞ്ഞു് അദ്ദേഹത്തിന്റെ കമ്പ സാരക്കാരനായിരുന്ന ലെയോപ്പോൾഡു് മൂപ്പച്ചൻ തന്റെ ഡയറിയിൽ എഴുതിവച്ചു. ''നിർമ്മലവും പരിപാവനവുമായ ആത്മാവേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ''. ഇദ്ദേഹം ഒരു വിശുദ്ധനാണെന്നുള്ള ഉറച്ച വിശ്വാസം കൊണ്ടു് അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്ത്രങ്ങളും മറ്റും പൂജ്യമായി സൂക്ഷിക്കുകയും ഓരോ കൊവേന്തയിലേയ്ക്കു സൂക്ഷ്മത്തിനായി അയച്ചുകൊടുക്കുകയും ചെയ്തു. അദ്ദേഹം തന്നെ പാവറയച്ചന്റെ ജീവചരിത്രം എഴുതിയുണ്ടാക്കി അടിച്ചു പ്രസിദ്ധപ്പെടുത്തി. വിശുദ്ധരുടെ ശരീരം അഴിയാതിരിക്കും എന്ന വിചാരംകൊണ്ടു് ലെയോപ്പോൾദച്ചൻ ഒരു ദിവസം രഹസ്യമായി ഒരു വേലക്കാരനെ കൂട്ടി പാവറയച്ചന്റെ കബറിടം തുറന്നുനോക്കി. അഴിയാതിരിക്കുന്നില്ല എന്നു മനസ്സിലാക്കി. 1873-ൽ തന്നെ ലെയോപ്പോൾദച്ചനെ സുറിയാനി സഭയുമായുള്ള എല്ലാ ബന്ധത്തിൽനിന്നും മാറിയതിനാൽ-നാമകരണ നടപടികൾക്കായി അദ്ദേഹം ചെയ്യുവന്ന പ്രവൃത്തികൾ പിൻതുടർന്നു കൊണ്ടുപോകുവാൻ സാധിച്ചില്ല. അന്നത്തെ സഭാനേതൃത്വവും ഇതിനു് അനുകൂലമല്ലായിരുന്നു. 1889- സുറിയാനിക്കാർക്കായി പ്രത്യേക രൂപതകൾ സ്ഥാപിച്ചപ്പോൾ പാവറയച്ചൻ അടക്കപ്പെട്ടിരുന്ന കുന്നമ്മാവു് ആശ്രമവും ദേവാലയവും ആർക്കായിരിക്കണം എന്ന തർക്കം ഉണ്ടായി- ലത്തീൻ റീത്തുകാർക്കു കൊടുക്കണം എന്ന തീരുമാനമാണുണ്ടായതു്. അതിൻപ്രകാരം 10 ദിവസത്തിനുള്ളിൽ സുറിയാനി അച്ചന്മാരും ശമ്മാശ്ശന്മാരും തങ്ങൾ 30-ൽ പരം കൊല്ലമായി പാർത്തുവന്നിരുന്ന ആശ്രമവും വസ്തുവകകളും വിട്ടൊഴിഞ്ഞു് വെറുംകയ്യോടെ മാന്നാനത്തേയ്ക്കും അമ്പഴക്കാട്ടേയ്ക്കും യാത്രയാകുകയാണു്. തങ്ങളുടെ സഭാസ്ഥാപകനായ പുണ്യപിതാവു പാവറയച്ചന്റെ പൂജ്യാവശിഷ്ടം കൊണ്ടുപോരുവാൻ വേണ്ടി കല്ലറ തുറക്കുവാൻ ആരംഭിച്ചെങ്കിലും ഏതോ തെറ്റിദ്ധാരണയാൽ നാട്ടുകാരായ ലത്തീൻകാരുടെ എതിർപ്പുമൂലം അന്നു സാധിച്ചില്ല. വരാപ്പുഴ വികാരി

ജനറാം ഫിലിപ്പോസ് മൂപ്പച്ചന്റെ വാശാനപ്രകാരം ഒരാഴ്ചകഴിഞ്ഞു് പാറപ്പുറം വക്കിയച്ചനും ചാണ്ടപ്പിള്ള യച്ചനും കൂടിയാണു് കബറിടം തുറന്നു പൂജ്യാവശിഷ്ടങ്ങളും കുനമ്മാവു ദേവാലയത്തിൽനിന്നും എടുക്കുന്നതു്. ഒരു ചെമ്പുപെട്ടിയിലാക്കി (ഈ ചെമ്പുപെട്ടിയാണു് ചാവറയച്ചന്റെ കബറിടത്തിന്റെ തലയ്ക്കൽ ഇന്നു നേർച്ചപെട്ടിയായി മാന്നാനത്തു വച്ചിരിക്കുന്നതു്.) മാന്നാനത്തേയ്ക്കു കൊണ്ടുവരികയും വളരെ ആഘോഷമായ തിരുക്കർമ്മങ്ങളോടെ 1889–മെയ് 24നു് മാന്നാനം ആശ്രമദേവാലയത്തിന്റെ മദ്ബഹായുടെ അഴിക്കു താഴെ മദ്ധ്യത്തിൽ വീണ്ടും ഭൂമിദാനം ചെയ്കയും ചെയ്തു.

പ്രാർത്ഥിക്കുവാനായി അനേകം പേർ ഈ കബറിടത്തിൽ തടിച്ചു കൂടുക പതിവായി. പലർക്കും ധാരാളം രോഗശമനങ്ങളും അനുഗ്രഹങ്ങളും ലഭിച്ചുവന്നിരുന്നു. മരണാസന്നനായ സി. അൽഫോൻസാക്കു ചാവറയച്ചൻ പ്രത്യക്ഷപ്പെട്ടു നല്കിയ അനുഗ്രഹം ഇതിൽ ഏറ്റവും പ്രസിദ്ധമായതാണു്. ഇതിന്റെ വിവരണമാണല്ലോ ഈ പുസ്തകംതന്നെ.

അനുഗ്രഹങ്ങളും നിരവധി പേർക്കു കിട്ടിത്തുടങ്ങിയപ്പോൾ സഭയുടെ പൊതുസംഘം 1936–ൽതന്നെ വാഴ്ത്തപ്പെട്ട ചാവറയച്ചനെ വിശുദ്ധ പദവിയിലേയ്ക്കുയർത്തുവാൻ നടപടികളും ആരംഭിക്കണമെന്നു് തിരുസിംഹാസനത്തോടു് അപേക്ഷിച്ചു. എങ്കിലും 1955–ൽ ആണു് റീത്തുകളുടെ തിരുസംഘം നടപടികളും ആരംഭിക്കുന്നതു്. 1970–ൽ–രൂപതാകോടതികളുടേയും കമ്മീഷനുകളുടേയും എല്ലാ നടപടിക്രമങ്ങളും വീരോചിതമായ പുണ്യം അഭ്യസിച്ചിരുന്നു എന്നു തെളിയിക്കുന്ന രേഖകളും റീത്തുകളുടെ തിരുസംഘത്തിനു സമർപ്പിച്ചു. സംഘത്തിന്റെ വിശദമായ പഠനത്തിനും വിശകലനത്തിനും ശേഷം1984–ൽ ദൈവദാസനായ ചാവറയച്ചനെ ധന്യനെന്നു പരിശുദ്ധ പിതാവു പ്രഖ്യാപിച്ചു. കൂടരഞ്ഞി പെണ്ണാപറമ്പിൽ ജോസഫിന്റെ ജന്മനാ മടങ്ങിയിരുന്ന പാദം നേരെ

യായ അനുഗ്രഹം Ist class miracle ആയി സ്വീകരിച്ചു കൊണ്ട് അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവൻ എന്നു പ്രഖ്യാപിക്കുവാൻ പരിശുദ്ധ പിതാവ് തീരുമാനിച്ചു. വാഴ്ത്തപ്പെട്ട ചാവറയച്ചനിൽനിന്നും വലിയ അനുഗ്രഹം നേടിയ ദൈവദാസി—അൽഫോൻസാമ്മയുടേയും നാമകരണ നടപടിക്രമം ഈ കാലത്തുതന്നെ പൂർത്തിയാക്കുകയും ധന്യയെന്നു പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. പരിശുദ്ധപിതാവിന്റെ കേരള സന്ദർശനം തീരുമാനിക്കപ്പെടുകയും രണ്ടു പേരുടേയും വാഴ്ത്തപ്പെട്ടവർ എന്ന പ്രഖ്യാപനം കേരളത്തിൽ വച്ചു നടത്തുവാൻ ക്രമീകരണങ്ങളും ആരംഭിക്കുകയും ചെയ്തു. അങ്ങനെ 1986–ഫെബ്രുവരി 8–ന് ഭാരത മണ്ണിന്റെ മണമുള്ള ഭാരത അമ്മയുടെ അരുമമക്കളായ ധന്യനായ ചാവറയച്ചനേയും ധന്യയായ അൽഫോൻസാമ്മയേയും കോട്ടയത്തെ പേപ്പൽ വേദിയിൽ വച്ചു വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുകയും ചെയ്തു.

ഇന്നും ആയിരക്കണക്കിനു തീർത്ഥകർ ദിവസവും മാന്നാനത്തു വന്നു കൂടിക്കൊണ്ടിരിക്കുന്നു. പൂജ്യപാദന്റെ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുവാനും അനുഗ്രഹങ്ങൾക്കു നന്ദിപറയുവാനുമാണ് അവർ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വിദേശങ്ങളിൽനിന്നുപോലും എത്തിക്കൊണ്ടിരിക്കുന്നതു്. ആഘോഷമായ നൊവേന നടത്തുന്ന ശനിയാഴ്ചകളിൽ തീർത്ഥകരുടെ എണ്ണം പതിനായിരത്തിനടുത്തുവരും. അനുഗ്രഹങ്ങൾ കിട്ടിയവരുടെ സാക്ഷ്യരേഖകൾ കൊണ്ട് ചാവറ മ്യൂസിയവും പരിസരവും നിറഞ്ഞിരിക്കുകയാണ്. വാഴ്ത്തപ്പെട്ട ചാവറയച്ചനേയും ചാവറയച്ചന്റെ വലിയ ഭക്തയായ വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയേയും വിശുദ്ധരായി പ്രഖ്യാപിക്കുന്ന ദിവസത്തിനായി നമുക്കു കാത്തോക്കാം. വിശുദ്ധിയുടെ ഈ ഉന്നത പദവിയിലേക്ക് ഇവർ താമസിയാതെ ഉയർത്തപ്പെടുമെന്നു നമുക്കു പ്രതീക്ഷിക്കാം. അതിനായി പ്രാർത്ഥിക്കാം.

വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ ലഘു ജീവചരിത്രം

1910 ആഗസ്റ്റ് ആരംഭത്തിലെ ഒരു സായാഹ്നം. പറമ്പിൽ പണിയെടുത്തു തളർന്നു വരുന്ന തന്റെ പ്രിയതമനു കാപ്പിയും പുഴുക്കും വേഗം ശരിയാക്കണം. ശേഖരിച്ചു വിറകെല്ലാം തീർന്നു. വിറകു കൂട്ടിവച്ചിരിക്കുന്ന ചാർത്തിൽ വന്നു കുറെ വിറകു വലിച്ചെടുത്തു. കാൽപാദത്തിൽ എന്തോ തണുപ്പ്. വിറകിനിടയിൽനിന്നും വന്ന ഒരു ചേരപ്പാമ്പ്— മറിയാമ്മയുടെ കാലിൽ ചുറ്റിയിരിക്കുന്നു. കാൽ വലിച്ചുകുടഞ്ഞു. ചേരപ്പാമ്പ് തെറിച്ചു ദൂരെ വീണെങ്കിലും മറിയാമ്മയുടെ മനസ്സിലും ശരീരത്തിലും ഏറ്റ ആഘാതം വളരെ ഗൗരവമേറിയതായിരുന്നു. കാപ്പികുടിക്കാൻ കൈയും കാലും കഴുകിവന്ന മുട്ടത്തുപാടത്തു പഴൂപ്പറമ്പിൽ ഔസേപ്പുചേട്ടൻ വീട്ടിൽ കയറി നോക്കിയപ്പോഴും അബോധാവസ്ഥയിൽ കട്ടിലിൽ കിടക്കുന്ന സഹധർമ്മിണി മറിയാമ്മയെ ആണു കാണുവാനിടയായതു്. ചികിത്സകരും പലതു ചെയ്തെങ്കിലും മറിയാമ്മയുടെ മനസ്സിനേറ്റ ആഘാതം വിടാതെ നിന്നു. 8 മാസം ഗർഭിണിയായിരുന്ന അവർ മാസം പൂർത്തിയാകാതെ 1910 ആഗസ്റ്റ് 19—ാം തീയതി ഒരു പിഞ്ചുകുഞ്ഞിനു ജന്മം നൽകി. ദൈവത്തിന്റെ പരിപാലനയെന്നപോലെ ഈ ദിവസങ്ങളിൽ— സ്വന്ത ജ്യേഷ്ഠസഹോദരി മുട്ടുചിറ മുരിക്കൻ പഴയപുരയിൽ വിവാഹം ചെയ്തയച്ചിരുന്ന അന്നമ്മ— അനുജത്തിയുടെ ശുശ്രൂഷയ്ക്കായി മുട്ടത്തുപാടത്തു എത്തിയിരുന്നു. പൊന്നിൻ നുറുക്കുപോലെ മനോഹരിയായ കുഞ്ഞിനെ തന്റെ ജ്യേഷ്ഠസഹോദരിയുടെ പരിപാലനയ്ക്ക് ഏല്പിച്ചുകൊണ്ട് മറിയാമ്മ (മാമ്മി) മുപ്പത്തിഏഴാം ദിവസം ഇഹലോകവാസം വെടിഞ്ഞു.

അന്നമ്മ ഒരു ആശുപത്രിയുടെയും ഡോക്ടരുടെയും സഹായംകൂടാതെ തന്നെ കുഞ്ഞിനുവേണ്ട പരിചരണം നല്കി. 8–ാംദിവസം കടമാളർ മാതാവിന്റെ പള്ളിയിൽ മാമ്മോദീസ മുക്കി. പേരമ്മയുടെ അന്നയെന്ന പേരാണ് അവർക്കു നല്കിയതു്. മുരിക്കൻ അന്നമ്മ– വീട്ടിലേക്കു മടങ്ങിയപ്പോഴും അബലയായ– അന്നക്കുട്ടിയെയും കൊണ്ടാണു പോയതു്. അവിടെ രണ്ടുവയസ്സുവരെ അവർ വളർന്നു. കൊച്ചു കൊച്ചു സുഖക്കേടുകളും ഈ അവസരത്തിൽ അന്നക്കുട്ടിയെ വട്ടമിട്ടിരുന്നു. ഒരു നല്ല വൈദ്യൻകൂടിയായ– അന്നക്കുട്ടിയുടെ പിതാവ് ഔസേപ്പുചേട്ടൻ ചികിത്സയുടെ സൗകര്യത്തിനായി– കുഞ്ഞിനെ (അന്നക്കുട്ടിയെ) കൂടമാളർക്കുകൊണ്ടുവന്നു മൂത്ത സഹോദരി ത്രേസ്യായും അപ്പന്റെ അമ്മയും അവർക്കു തുണയായി. 4–ാം വയസ്സിൽ അതിശക്തമായ കരപ്പൻവന്നു. ശരീരം മുഴുവൻ ഒറ്റവ്രണമായി. വാഴ ഇലയിൽ കിടത്തിയാണു് അന്നക്കുട്ടിയെ അന്നു ചികിത്സിച്ചിരുന്നതു്. പിൽക്കാലത്തു സഹനത്തിന്റെ കാസ മട്ടുവരെ കുടിച്ചിറക്കേണ്ട അവളെ വേദനകളുടെ ലോകത്തിലേക്കു ദൈവം കൈമാടി വിളിച്ചതാകാം.

5–ാമത്തെ വയസ്സിൽ ആർപ്പൂക്കര തൊണ്ണൻകുഴി സ്കൂളിൽ അന്നക്കുട്ടി ഒന്നാം ക്ലാസ്സിൽ ചേർന്നു് പഠനം തുടങ്ങി. എല്ലാവർക്കും ഇഷ്ടപ്പെട്ട– എല്ലാവരെയും സഹായിക്കുന്ന അന്നക്കുട്ടി 3–ാം ക്ലാസ്സുവരെ അവിടെ പഠിച്ചു പഠനം പൂർത്തിയാക്കി. ഉപരിപഠനത്തിനായി അവളെ മുട്ടുചിറക്കു കൊണ്ടുപോകണമെന്ന പേരമ്മയുടെ അതിയായ മോഹം. ഒൻപതു വയസ്സുകാരിയായ സുന്ദരിക്കുട്ടിയെ അങ്ങനെ അവർ മുട്ടുചിറ ഗവണ്മെൻറു സ്കൂളിൽ ചേർത്തു.

പാരമ്പര്യവും കുലീനത്വവും വിദ്യാസമ്പന്നത്തും ഒത്തുചേർന്ന മുരിക്കൻ കുടുംബത്തിലെ അന്തസ്സുള്ള കുട്ടിയായി അന്നക്കുട്ടി വളർന്നു. പഠനത്തിൽ മിടുക്കി. ഭക്തസംഘടനകളിലെ നല്ല പ്രവർത്തക. കളിയിലും മീറ്റിംഗുകളിലും ശോഭിച്ചിരുന്ന കുട്ടി. വേദപാഠക്ലാസ്സിലെ ഒന്നാം

സ്ഥാനക്കാരി. ഇതൊക്കെയാണെങ്കിലും വഴക്കിടാനും അമിതവർത്തമാനത്തിനും അവളെ കിട്ടുമായിരുന്നില്ല. വൈകിട്ട ബല്ലടിച്ചാൽ നേരെ വീട്ടിലേയ്ക്കു പോകും. അതുകൊണ്ട് കൂട്ടുകാരികളും കുശുമ്പികളും കുറവായിരുന്നു.

6—ാംക്ലാസു പൂർത്തിയായപ്പോഴെ പേരമ്മ കല്യാണാലോചന എടുത്തിട്ടു. സുന്ദരിയായ അവളെ വേഗം കൊണ്ടുവാൻ പല പയ്യന്മാരും ആഗ്രഹിച്ചിരുന്നു. അവരുടെ പിതാക്കളോ ഏജൻറന്മാരോ മുഖേനത്തിൽ കയറി ഇറങ്ങുവാൻ തുടങ്ങി. എങ്ങനിന്നോ ആയിടെ കിട്ടിയ വി. കൊച്ചുത്രേസ്യായുടെ സ്വയംകൃത ചരിത്രം വായിച്ചപ്പോഴാ സന്യാസജീവിതത്തെക്കുറിച്ചു വലിയ ആഗ്രഹമായി. പേരമ്മയും വീട്ടുകാരും കല്യാണം ഉറപ്പിക്കുക മാത്രമല്ല—മനസ്സമ്മതത്തിൻെറ (ഒത്തുകല്യാണം) തീയതിവരെ നിശ്ചയിക്കുകയും ആഭരണങ്ങളും പണിയാൻ ആരംഭിക്കുകയും ചെയ്തു. ഇപ്പോഴാ എനിക്കു കല്യാണം വേണ്ടെന്നു സൂത്രത്തിൽ പറഞ്ഞു നോക്കിയെങ്കിലും ആരും അതു കണക്കിലെടുത്തില്ല. മനസ്സമ്മതം മാറ്റിവയ്പിച്ചാൽ കാര്യം ജയിച്ചെന്നു അന്നക്കുട്ടിക്കു തോന്നി. അതിനു് അവരം കണ്ടുപിടിച്ച മാർഗ്ഗം അല്പം കടന്ന കൈയ്യായിപ്പോയി. പാദം അല്പം പൊള്ളിച്ചു് വിരൂപമാക്കുക. കൊയ്ത്തുകഴിഞ്ഞു പതിരു ഒരു കുഴിയിൽ വാരിയിട്ടു് തീ കത്തിക്കുന്നുണ്ടായിരുന്നു. അതിരാവിലെ പല്ലുതേക്കാൻ ഉമിക്കരി എടുക്കാനെന്ന ഭാവേന പതിരു കൂപ്പയുടെ അടുക്കൽ പോകുകയും പാദം അല്പം തീയിൽ വയ്ക്കുകയും ചെയ്തു. കൂപ്പയുടെ കുഴിയിലേക്കു മുട്ടുവരെ താഴ്ന്നുപോകുമെന്നു ഒരിക്കലും അന്നക്കുട്ടി വിചാരിച്ചിരുന്നില്ല. പക്ഷേ സംഭവിച്ചതു് അതാണു്. വസ്ത്രത്തിനും തലമുടിക്കും വരെ തീ പിടിച്ചു. എല്ലാവരുംകൂടി കുഴിയിൽ നിന്നും കയറി രക്ഷപെടുത്തി. കാൽവിരൽ വേർപെടുത്താൻ പാടില്ലാത്തതരത്തിൽ പഴുത്തു കൂടി ഒന്നായി. ഒന്നരണ്ടു മാസത്തോളം തീപ്പൊള്ളലിൻെറ വേദനയുമായി കട്ടിലിൽ കഴിയേണ്ടിവന്നു. മുറിവു കരിഞ്ഞു

ങ്കിലും പാദത്തിലും കാലിലും പൊള്ളലിന്റെ പാടുകളും മായാതെ കിടന്നു. കല്യാണാലോചനകളും അങ്ങനെ അലസി. അകലെയെവിടെയെങ്കിലും മഠത്തിൽ ക്കൂടണമെന്നായിരുന്ന അന്നക്കുട്ടിയുടെ ആഗ്രഹം. അങ്ങനെയിരിക്കെ ഭരണങ്ങാനം ക്ലാരമഠത്തിൽനിന്നും രണ്ടുസഹോദരികളും മുട്ടുചിറപള്ളിയിൽ വിശ്രമിക്കുന്ന തങ്ങളുടെ ബന്ധത്തിൽപെട്ട വല്യച്ചനെ സന്ദർശിക്കാൻ വന്നു. ദൈവത്തിന്റെ പരിപാലന- അന്നക്കുട്ടിയുമായി സംസാരിക്കാൻ ഇതു അവസരമാക്കി– അങ്ങനെ 1927 പന്തക്കുസ്താദിനം ഭരണങ്ങാനം ക്ലാരമഠത്തിൽ അന്നക്കുട്ടി ഒരത്ഥിനിയായി ചേർന്നു. ഏഴാം ക്ലാസ്സ് പഠനം അവിടെ പൂർത്തിയാക്കി. 1928– ആഗസ്റ്റ് രണ്ടിന് ശിരോവസ്ത്രം സ്വീകരിച്ച് അൽഫോൻസാ-എന്ന പേരും സ്വീകരിച്ചു. 1929– മെയ് മാസത്തിൽ മലയാളം ഹയർ പരീക്ഷ യ്ക്കായി ചങ്ങനാശ്ശേരി – വാഴപ്പള്ളിമഠത്തിലേയ്ക്കു അൽഫോൻസ അയയ്ക്കപ്പെട്ടു. മഠത്തിൽനിന്നു സ്കൂളിലേയ്ക്കുള്ള നടപ്പും മറ്റു വ്യഗ്രതകളും ചേർന്നപ്പോൾ മുമ്പുതന്നെ അല്പമുണ്ടായിരുന്ന രക്തസ്രാവം എന്ന രോഗം മൂർഛിച്ചു. രോഗശമനത്തിനുവേണ്ടി പല നാട്ടുവൈദ്യന്മാരും (ഒളശ്ശമൂസതു) അവസാനം എറണാകുളം ജനറലാസ്പത്രിയിലും ചികിത്സിച്ചു. രോഗം തൽക്കാലത്തേയ്ക്കു ശമിച്ചതിനാൽ വാകക്കാട്ട് സ്കൂളിലെ മലയാളം ടീച്ചറായി നിയമിക്കപ്പെട്ടു. പക്ഷേ സ്കൂളിൽനിന്നും മലകയറി ഇറങ്ങിയുള്ള ദീർഘദൂര നടപ്പ് അൽഫോൻസായെ വീണ്ടും തളർത്തി. പഴയ രോഗങ്ങളും പല പുതിയ രോഗങ്ങളും വീണ്ടും തലപൊക്കി. ടീച്ചർ ജോലി ഉപേക്ഷിച്ച് വളരെനാൾ കിടപ്പിലാകുകയും ശാരീരികമായ ദുസ്സഹ വേദനകൾ അനുഭവിക്കുകയും ചെയ്തു. എങ്കിലും സന്യാസത്തിൽ ചേരുവാനുള്ള അമിതമായ ആഗ്രഹംകൊണ്ട് 1935–ൽ പേരുകൊടുക്കുകയും മനസ്സിന്റെ ശക്തിയാലോ എന്തോ രോഗങ്ങൾക്കു ഒരു ചെറിയ ശമനം ഉണ്ടാകുകയും ചെയ്തു.

നൊവിഷ്യേററിൽ പ്രവേശിച്ച് ഒരു മാസം കഴിയുന്നതിനു മുൻപുതന്നെ സുഖക്കേടുകൊണ്ട് അതിശക്തമായി. നിലയ്ക്കാത്ത രക്തസ്രാവം — മൂക്കിലും, കണ്ണിലും, നിന്നു പോലും രക്തസ്രവണം. കുടൽവ്രണം മൂലം കുടലുകളുടെയുള്ള മർദ്ദനം. പഴുത്തുപൊട്ടി ചലം തുടർച്ചയായി വമിക്കുന്ന വലിയവ്രണം, തുടയുടെ മുകൾഭാഗത്തു്. കഞ്ഞിവെള്ളംപോലും കുടിക്കാൻ സാധിക്കാത്ത മനംപിരിച്ചിൽ. മരണാസന്നയായ അൽഫോൻസായെ രോഗിമുറിയിലാക്കി— നവകന്യകയും മാറിമാറി രോഗീശുശ്രൂഷചെയ്തിരുന്നു. ഭരണങ്ങാനത്തേക്കു മടക്കി അയയ്ക്കുവാൻ അധികാരികളും പ്ലാനിട്ടു. എങ്കിലും ചങ്ങനാശ്ശേരി മെത്രാനായിരുന്ന കാളാശ്ശേരിൽ പിതാവിന്റെ ഇടപെടൽമൂലം മരണം സംഭവിക്കുന്നെങ്കിൽ നവസന്ന്യാസ ഭവനത്തിൽ വച്ചുതന്നെ മരിക്കട്ടെ — എങ്ങോട്ടും വിടേണ്ട എന്നുപറഞ്ഞതുമൂലം— നവസന്ന്യാസ ഭവനത്തിൽ തന്നെ തുടർന്നു. ഈയവസരത്തിൽ ആണ്— ചാവറയച്ചന്റെ നൊവേനക്കടലാസ് നവസന്ന്യാസഗുരുവായ ബ. ലൂയീസ് പെരുമാലിലച്ചൻ അൽഫോൻസാസ്സ് കൊടുക്കുന്നതു്. മുട്ടത്തുപാടത്തു യൗസേപ്പച്ചൻ ചാവറയച്ചന്റെ തലമുടി ഉള്ളംക്കൊള്ളുന്ന അരുളിക്കായും സി. അൽഫോൻസാസ്സ് കൊടുത്തിരുന്നു എന്നു പറയുന്നു. നവസന്ന്യാസികയും കൂട്ടുകാരിയും അൽഫോൻസാ തനിച്ചും ചാവറയച്ചനോടു നൊവേന ചൊല്ലി പ്രാർത്ഥിക്കുവാൻ തുടങ്ങി. നൊവേനയുടെ ഒൻപതാം ദിവസം രാത്രി വാഴ്ത്തപ്പെട്ട ചാവറയച്ചൻ പ്രത്യക്ഷപ്പെട്ടു. അൽഫോൻസാമ്മയെ അനുഗ്രഹിക്കുകയും മരണാസന്നയായ അവളുടെ രോഗം നിശ്ശേഷം മാറ്റുകയും ചെയ്തു. (അത്ഭുതകരമായ ഈ രോഗവിമുക്തിയുടെ ഒക്സാക്ഷി വിവരണങ്ങളാണ് ഈ പുസ്തകത്തിലെ മുഖ്യപ്രതിപാദ്യവിഷയം. അതിനാൽ കൂടുതലായി അതെക്കുറിച്ചു ഇവിടെ വിവരിക്കുന്നില്ല).

നവസന്ന്യാസം പൂർത്തിയാക്കി 1936 ആഗസ്റ്റ് 12-നു് വ്രതത്രയങ്ങൾവഴി നിത്യമായി അവൾ സ്വീയ മണവാളനു പ്രതിഷ്ഠിച്ചു. ഭരണങ്ങാനത്തേയ്ക്കു മടങ്ങി

പ്പോന്നു. അവിടെ എത്തി സാധാരണ ജോലികളിൽ ഏർപ്പെട്ടു് എല്ലാവർക്കും പ്രിയംകരിയായി — മാതൃകയായി ജീവിച്ച അൽഫോൻസായെ വീണ്ടും മാരകവും ദുസ്സഹവുമായ രോഗങ്ങളാലും വേദനകളാലും ഉരച്ചുനോക്കുവാൻ ദിവ്യനാഥൻ തിരുമനസ്സായി. ഇത്രയൊന്നു വിട്ടുമാറാത്ത മലമ്പനിയായിരുന്നു മുഖ്യരോഗം — പക്ഷേ ക്ഷയമാണെന്നു തെറ്റിദ്ധരിച്ചു് മഠത്തിൽനിന്നു മാറ്റുവാൻവരെ തീരുമാനിച്ചതാണു്. ഒരിക്കൽകൂടി ചാവറയച്ചൻ തുണയ്ക്കായി പ്രത്യക്ഷപ്പെട്ടു. പനി നിശ്ശേഷം വിട്ടുമാറി.

പക്ഷേ ആഴ്ചകൾക്കുള്ളിൽ വീണ്ടും പലവിധ രോഗങ്ങളാൽ അൽഫോൻസാ ആക്രമിക്കപ്പെട്ടു. ഇപ്രാവശ്യം ഡബിറ്റം ന്യുമോണിയായെന്നാണു് ഡോക്ടർ വിധിച്ചതു്. പഴയ ക്ഷർദ്ദി വീണ്ടും തുടങ്ങി. അതും ഒരു ദിവസംതന്നെ അൻപതിൽ കൂടുതൽ പ്രാവശ്യം. മയക്കവും പാരവശ്യവും ഒക്കെയായി അൽഫോൻസാ—തന്റെ ജീവിതബലി — അല്ലെങ്കിൽ സ്നേഹബലി നാഥനു സമർപ്പിക്കുകയായിരുന്നു. കൂടെ താമസിച്ചിരുന്ന സഹോദരിമാരിൽ പലർക്കും ഈ ബലിയുടെ രഹസ്യം പിടികിട്ടിയില്ലെങ്കിലും ഒരു മാരാരോഗിയായി സഹതാപത്തോടെ അവളെ വീക്ഷിച്ചിരുന്ന ഏങ്കിലും വിശുദ്ധിയുടെ വീരേതിഹാസം രചിക്കുവാൻ നാഥൻ അവളെ ഒരുക്കുകയായിരുന്നു. അങ്ങനെ ആ ദേഹബലി 1946 ജൂലൈ 28–നു് കത്തി എരിഞ്ഞടങ്ങി. സി. അൽഫോൻസായുടെ മരണം ആരിലും അത്ഭുതം ഉളവാക്കിയില്ല. പലരും വളരെ നേരത്തെ ഇതു സംഭവിച്ചേക്കുമെന്നു് വിചാരിച്ചിരുന്നതാണു്. അതുകൊണ്ടുതന്നെ അതൊരു വാർത്തപോലുമായിരുന്നില്ല. ഒരു പത്രത്തിലും അവളുടെ മരണവാർത്ത വന്നില്ല. വൈദികരുടെ നീണ്ടനിരയില്ലായിരുന്നു. കമ്പസാരക്കാരനായിരുന്ന ബ. റൊമുളസ് സി. എം. ഐ. ആയിരുന്നു പുറത്തുനിന്നു വന്ന ഏക വൈദികൻ എന്നു വേണമെങ്കിൽ പറയാം. അദ്ദേഹം ആകപ്പാടെ കണ്ണോടിച്ചപ്പോഴും പെട്ടിയെടുക്കാൻപോലും ജനങ്ങളില്ല. എട്ട

പത്തു പ്രൈമറിസ്കൂൾ കുട്ടികളും അടുത്ത ബന്ധത്തിൽപെട്ടവരായ അഞ്ചാറു വീട്ടുകാരും. ചരമപ്രസംഗത്തിൽ അദ്ദേഹം പ്രവചിച്ചു. ഈ മരിച്ചുകിടക്കുന്ന അൽഫോൻസാ ആരായിരുന്നു എന്നു് അറിഞ്ഞിരുന്നെങ്കിൽ ലക്ഷക്കണക്കിനു് ജനം ഇവിടെ തടിച്ചുകൂടിയേനെ. മെത്രാന്മാരല്ല കർദ്ദിനാൾ വരെ – ഈ ശവസംസ്കാര ശുശ്രൂഷയിൽ പങ്കുകൊള്ളുമായിരുന്നു. പക്ഷേ – ഈ എളിയ സഹോദരിയുടെ കബറിടം സന്ദർശിക്കാനും പ്രാർത്ഥിക്കുവാനും ജനങ്ങൾ തടിച്ചുകൂടുന്ന കാലം വിദൂരമല്ല. ഈ സിമിത്തേരി കപ്പേളയിൽ മാപ്പ്രാപ്പ വരെ വന്നു മുട്ടുകുത്തും. നമുക്കു് അൽഫോൻസാമ്മയോടു പ്രാർത്ഥിക്കാം. ഒരു വിശുദ്ധയുടെ പ്രദക്ഷിണത്തിൽ പങ്കെടുത്തു് അനുഗ്രഹം വാങ്ങിയ ചാരിതാർത്ഥ്യത്തോടെ നമുക്കു ഇവിടെനിന്നു പിന്തിരിയാം.

പരിശുദ്ധാത്മാവിനാൽ പ്രേരിതനായി വലിയൊരു പ്രവചനംതന്നെ റൊമുള്ളസച്ചൻ നടത്തുകയായിരുന്നെന്നു് പിന്നീടുള്ള കാര്യങ്ങൾ വ്യക്തമാക്കി. 1986–ഫെബ്രുവരി 8-നു് ധന്യയായ അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവൾ എന്നു പ്രഖ്യാപിക്കുവാൻ ഭരണങ്ങാനത്തു ജോൺപോൾ രണ്ടാമൻ ആഗതനാകേണ്ടതായിരുന്നു. ചിലതിരിമറിവുകൾകൊണ്ടും സുരക്ഷാസംവിധാനത്തിന്റെ നിർദ്ദേശപ്രകാരവും അതു കോട്ടയത്തു പേപ്പൽവേദിയിൽ വച്ചു നടത്തിയെന്നേയുള്ളൂ. അൽഫോൻസാമ്മയോടു പ്രാർത്ഥിക്കുന്നവരുടെ തിരക്കു നാൾക്കുനാൾ വർദ്ധിച്ചുവരുകയാണു്. വിശുദ്ധപദ പ്രഖ്യാപനത്തിന്റെ നാളുകൾ കാത്തോർത്തുകൊണ്ടു് നമുക്കു വാഴ്ത്തപ്പെട്ട അവളുടെ മാദ്ധ്യസ്ഥം പ്രാർത്ഥിക്കാം.

രോഗശാന്തിയെക്കുറിച്ച്

വാഴ്ത്ത. അൽഫോൻസാമ്മയുടെ പ്രസ്താവന

സചന്തംകൈപ്പട

I എനിക്കു തീരെ സുഖമില്ലെന്നായിട്ട് ഇപ്പോഴേ ആറര ക്കൊല്ലത്തോളമായി. അന്നുമുതൽ നാട്ടുചികിത്സയും ഇംഗ്ലീഷ് ചികിത്സയുമൊക്കെ മാറി, മാറി ചെയ്യുന്നുണ്ടാ യിരുന്നു. ഒന്നിനൊന്നിനു് വഷ്ചിച്ചുവന്നതല്ലാതെ യാതൊ രു ഗുണവും കിട്ടിയില്ല. ഒടുവിൽ ഡോക്ടറുടെ അഭിപ്രാ യാനുസരണം ചികിത്സാർത്ഥം എർണാകുളം ആസ്പത്രി യിൽ പോയി ഏകദേശം ഒരു മാസത്തോളം താമസിച്ച് വേണ്ട ചികിത്സകളെല്ലാം കഴിച്ച് മടങ്ങിവന്നു. തല്ക്കാലം ശമനം കിട്ടുമെന്നല്ലാതെ ശാശ്വതമായ സുഖം കിട്ടുക യില്ലെന്നാണു് ഡോക്ടർമാർ അഭിപ്രായപ്പെട്ടതു്. ഏതാ യാലും അക്കൊല്ലം മുഴുവനും ഇംഗ്ലീഷ് ചികിത്സതന്നെ ചെയ്തു. യാതൊരു ഗുണവും കിട്ടാഞ്ഞതുകൊണ്ടു്, വീണ്ടും നാട്ടുചികിത്സതന്നെ തുടങ്ങി. പൂർണ്ണസുഖം കിട്ടുകയില്ല, പിന്നെ കഴിയുന്നത്ര നോക്കാമെന്നാണു് അവരും പറ ഞ്ഞതു്. ഇതിനിടക്കു നടത്തിയ നേർച്ചകഴിക്കും അപേ ക്ഷകഴിക്കും ഒരു കയ്യും, കണക്കുമില്ല. മരുന്നുകഴി മുടക്കം വരുത്താതെ സേവിക്കുന്നുണ്ടായിരുന്നു. മറ്റു കൊല്ലങ്ങ ളെ അപേക്ഷിച്ച് കഴിഞ്ഞകൊല്ലം ഒരുമാതിരി സുഖം കണ്ടതുകൊണ്ട് എന്നെക്കൂടെ നോവിഷ്യറിനയച്ചു. വന്ന വഴിക്കു തന്നെ വീണ്ടും പഴയ സുഖക്കേടു് ആരംഭിച്ചു. അങ്ങനെയിങ്ങനെ ഒരു മാസത്തോളം ഇഴഞ്ഞും വലി ഞ്ഞും കൂട്ടുകുടുംബങ്ങളിലൊക്കെ സംബന്ധിക്കുന്നതിനു സാധിച്ചു. പിന്നീടു് തീർത്തു സുഖമില്ലെന്നായി കിട പ്പായി. ഭക്ഷണം യാതൊന്നും കഴിക്കുവാൻ നിവൃത്തി യില്ല. ഒന്നു രണ്ടു കയിൽ കാപ്പിയൊ കഞ്ഞിയൊ കഴി

ച്ചാൽ വയറ് നെഞ്ചിനു മുകളവരെ വീർത്തുവരും. ശ്വാസം പോലും വിടുവാൻ നിവൃത്തിയില്ലായിരുന്നു. പോരെങ്കിൽ അതിശക്തിയായ വേദനയും വിശപ്പും പരവേശവും.

പരസഹായം കൂടാതെ എഴുന്നേല്ലുവാൻ പോലും നിവൃത്തിയില്ലാതെയും ഉറക്കമില്ലാതെയും ഏകദേശം വളരെ അധികം നാൾ കഴിച്ചു കൂട്ടേണ്ടതായിട്ടുവന്നു. ദിവസത്തിൽ 8—ം 10—ം പ്രാവശ്യം ഛർദ്ദിക്കും, മിക്കവാറും അതു കട്ടരക്തമായിരിക്കും. തലവേദന ശക്തിയായിട്ട് ഉണ്ടാകുന്ന ദിവസം മൂക്കിൽനിന്നും ധാരാളം രക്തം പോകും. ചില ദിവസം കണ്ണിൽനിന്നും പോയിട്ടുണ്ട്. ഇങ്ങനെ രക്തം പോകുന്ന ദിവസങ്ങളിൽ ശരീരത്തിനു വലിയ വേദനയാണ്. കൂട്ടമായിട്ട് അപേക്ഷയൊക്കെ കഴിച്ചു കഴിയുമ്പോഴും രണ്ടു മൂന്നു ദിവസത്തേയ്ക്കു വേദനയ്ക്ക് സ്വല്പം ആശ്വാസം കാണും. വീണ്ടും പഴയതു പോലെ തന്നെ. ഇങ്ങനെ ഏകദേശം 8 മാസത്തോളം ഞാനും മറ്റുള്ളവരും വല്ലാതെ വിഷമിച്ചു. എപ്പോഴും ആധി അടുത്തില്ലെങ്കിൽ വലിയ ഭയമായിരുന്നു.

ഇങ്ങനെ കഴിച്ചു കൂട്ടിവരവേ ഒരു ദിവസം പെ. ബ. ളയീസച്ചൻ പ്രിയോരച്ചന്റെ ഒരു അപേക്ഷ കൊണ്ടുവന്നുതന്നു. ആ നൊവേന എത്തിക്കുവാൻ ആരംഭിച്ചപ്പോഴും മുതൽ സ്വല്പം ആശ്വാസം പോലെ തോന്നി. അപേക്ഷ മുടക്കം വരുത്താതെ തുടർന്നുകൊണ്ടിരുന്നു. മെയ്മാസാവസാനത്തിലാണെന്നു തോന്നുന്നു, ആ വന്ദ്യ ദേഹത്തിന്റെ ഒരു ഛായാപടവും പെ. ബ. അച്ചൻ കൊണ്ടുവന്നു തന്നു. ആ പടം കണ്ടപ്പോഴും മുതൽ എനിക്ക് എന്തെന്നില്ലാത്ത ഒരു വിശ്വാസവും ഭക്തിയും അദ്ദേഹത്തോടു തോന്നി. അന്നുമുതൽ അതിൽ ഒന്ന് ഞാനെടുത്ത് എന്റെ അരികെവച്ച് എപ്പോഴും മുത്തി, അദ്ദേഹത്തോട് നമസ്കരിച്ചുകൊണ്ട് കിടന്നുറങ്ങിയിരുന്നു. പടംവച്ച് അപേക്ഷിക്കുവാൻ തുടങ്ങിയ ദിവസം മുതൽ പേടിച്ചു വളരെ കുറവുള്ളതുപോലെ തോന്നി. ഒരു ദിവസം വിശപ്പുകൊണ്ടും, ദാഹംകൊണ്ടും വളരെ ക്ഷീണിച്ചും, എന്നാൽ

വയറുവീർപ്പു നിമിത്തം ഒന്നും, കഴിക്കുവാൻ നിവൃത്തി യില്ലാതെയും ഉറക്കമില്ലാതെയും വളരെ അവശതയിൽ കിടക്കുന്ന അവസരത്തിൽ എന്റെ അരികെ വച്ചിരുന്ന പടത്തിന്റെ ഛായ തോന്നിക്കുന്ന ഒരാൾ എന്റെ അടു ത്തുവന്നു് നില്ക്കുന്നതുപോലെയും എന്തൊ സംസാരിക്കു ന്നതു പോലെയും എനിക്കു തോന്നി. ഗുരുത്തിയമ്മയാ ണെന്നു വിചാരിച്ചു് എന്റെ ഗുരുത്തിയമ്മേ നേരം വെള ക്കുമ്പോഴേയ്ക്കു്, വയറുപൊട്ടിയൊ, ശ്വാസംവിടുവാൻ നിവൃത്തിയില്ലാതെയൊ, ഞാൻ മരിക്കുമെന്നു തോന്നുന്നു എന്നു പറഞ്ഞു് തപ്പിനോക്കിയപ്പോൾ ആളിനെ കാണു ന്നില്ല. നിന്റെ വയറു് ഇനി വീർക്കുകയില്ല ദൈവം നിന്നെ അനുഗ്രഹിക്കും, എന്നു പറയുന്നതുപോലെ എനി ക്കു തോന്നി. നേരം വെളുത്തപ്പോഴേയ്ക്കും സുഖക്കേടെല്ലാം കുറഞ്ഞു. അന്നുമുതൽ ഇന്നുവരെയും എന്റെ വയറു വീർത്തിട്ടില്ല. ഒരു കയിൽ പൊടിയരിക്കഞ്ഞിപോലും കുടിക്കുവാൻ നിവൃത്തിയില്ലാതിരുന്ന ഞാൻ ഇപ്പോൾ മുഴുത്ത ചോറുണ്ണുന്നുണ്ടു്. വേറെ സ്വല്പം വല്ലതുമൊക്കെ കഴിക്കുന്നുമുണ്ടു്. ഇപ്പോൾ വയറിൽ വേദനയാകട്ടെ, വയറടപ്പാകട്ടെ, വീർപ്പാകട്ടെ ഒന്നുമില്ല. ഉറക്കവും ശരി യായിട്ടുണ്ടു്. പ്രിയോരച്ചന്റെ സഹായം മൂലം ലഭിച്ച താണെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം. വയ റിൽ സുഖക്കേടിന്റെ കാര്യത്തിൽ എല്ലാവർക്കും വളരെ അത്ഭുതം തോന്നുന്നു.


വേറൊരു ദിവസം, ശക്തിയായ തലവേദനയും ഉണ്ടു്, മൂക്കിൽനിന്നും ധാരാളം രക്തവും പോയി, ആക പ്പാടെ ഞാൻ വിഷമിച്ചും, വേദന എടുത്തും കിടക്കുന്ന സന്ദർഭത്തിൽ ഞാൻ എന്റെ സഹായത്തിനായി അമ്മേ ഹത്തെ വിളിച്ചു് പ്രാർത്ഥിച്ചു. ഒരു സഹോദരിയും എന്റെ അരികെ ഇരിപ്പുണ്ടായിരുന്നു. ഏകദേശം മൂന്നുമണി ആയപ്പോൾ നമ്മുടെ പഴയ ആൾ എന്റെ അടുക്കൽ വന്നു വളരെ സന്തോഷത്തോടുകൂടെ നില്ക്കുന്നതുപോലെയും അമ്മേഹത്തിന്റെ കരങ്ങൾ പൊക്കി എന്നെ ആശീർവ്വദി ക്കുന്നതുപോലെയും എനിക്കു തോന്നി. ഉടനെ ഞാൻ

ഉറച്ചു ചിരിച്ചു. എന്റെ അടുത്തുണ്ടായിരുന്ന സഹോദരി ചിരിച്ചതിന്റെ കാരണം ചോദിച്ചപ്പോൾ വെറുതെ ആണെന്നു ഞാൻ ഉത്തരവും പറഞ്ഞു. അപ്പോൾ മുതൽ എനിക്കു് വളരെ ആശ്വാസംപോലെ തോന്നി. അതിൽപ്പിന്നെ ഇന്നുവരെ മൂക്കിൽനിന്നും രക്തം പോയിട്ടില്ല. ഇങ്ങനെ മൂക്കിൽനിന്നും രക്തം പോകയാണെങ്കിൽ കുറെ അധികം ദിവസത്തേയ്ക്കു് പൊയ്ക്കൊണ്ടിരിക്കും. നേരം വെളുത്തപ്പോൾ എനിക്കു് നല്ല സുഖംപോലെ തോന്നി. കൂടാതെ കാലിൽ കുറെ ദിവസങ്ങളായിട്ടു്, പഴുത്തു പൊട്ടിക്കൊണ്ടിരുന്ന ഒരു വ്രണം നേരം വെളുത്തപ്പോഴേയ്ക്കും കരിയുകയും ചെയ്തു.

എന്റെ മൂഢത്വംകൊണ്ടും അദ്ദേഹത്തോടു പ്രാർത്ഥിക്കുന്നതുകൊണ്ടും അദ്ദേഹം എന്നെ സഹായിക്കാതിരിക്കയില്ല എന്ന പൂർണ്ണമായ വിശ്വാസംകൊണ്ടും എനിക്കു തോന്നിയതാണെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. ഏതായാലും വൈദ്യന്മാരാൽ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട എനിക്കു് ഇത്രയും സുഖം കിട്ടിയതുകൊണ്ടു് ദൈവത്തിനു നന്ദി പറകയും, അദ്ദേഹത്തെ മഹത്വപ്പെടുത്തുന്നതിനായി സർവ്വാത്മനാ പ്രാർത്ഥിച്ചു വരികയും ചെയ്യുന്നു.

True copy of the letter kept in Chavara Museum, Mannanam.

Fr. Vice Postulator



വാഴ്ത്ത. അൽഫോൻസാമ്മയ്ക്ക വാഴ്ത്ത. ചാവറയച്ചൻ പ്രത്യക്ഷപ്പെട്ട
നല്ലിയ അനുഗ്രഹം അൽഫോൻസാമ്മതന്നെ എഴുതി അറിയിച്ചതു്

ദൈവദാസനായ

ചാവറ കുറിയാക്കോസ്‌ ഏലിയാസച്ചന്റെ

മാദ്ധ്യസ്ഥം വഴിയായി, ഭരണങ്ങാനം ക്ലാരമഠാംഗമായി

രുന്ന, വാഴ്ത്തപ്പെട്ട അൽഫോൻസാ

സഹോദരിക്കു്‌, ചങ്ങനാശ്ശേരി ക്ലാരമഠത്തിൽവച്ചു്‌

ലഭിച്ച രോഗശാന്തി സംബന്ധിച്ചു്‌,

വാഴ്ത്ത. ചാവറയച്ചന്റെ നാമകരണത്തിനുവേണ്ടിയുള്ള

അതിരൂപതാനേഷണകോടതി മുൻപാകെ

വൈസ്‌പോസ്റ്റുലേറ്റർ സമർപ്പിച്ച

ലേഖനം

വി. ക്ലാരയുടെ 3-ാം സഭയിലെ ദൈവദാസി അമലോത്ഭവമറിയത്തിന്റെ അൽഫോൻസാ സഹോദരി ചങ്ങനാശ്ശേരി അതിരൂപതയിൽ, കുടമാളൂർ ഇടവകയിൽ, ആർപ്പൂക്കര ഗ്രാമത്തിൽ, മുട്ടത്തുപാടത്തു കുടുംബത്തിൽ, ജോസഫ്‌, മറിയം എന്ന മാതാപിതാക്കന്മാരുടെ നാലാമത്തെ സന്താനമായി 1910 ആഗസ്റ്റു 19-ാം തീയതി ജനിച്ചു. ജ്ഞാനസ്നാനത്തിൽ അന്ന എന്ന നാമം നൽകപ്പെടുകയും അന്നക്കുട്ടി എന്നു വിളിക്കപ്പെട്ടുവരികയും ചെയ്തു.

1929-ൽ അന്നക്കുട്ടി പാലാരൂപതയുടെ സ്ഥാപനത്തിനുമുൻപു ചങ്ങനാശ്ശേരി രൂപതയിൽ ഉൾപ്പെട്ടിരുന്ന ഭരണങ്ങാനം ക്ലാരമഠത്തിൽ യോഗാർത്ഥിനിയായി പ്രവേശിച്ചു. 1930-ൽ സഭാവസ്ത്രം സ്വീകരിച്ചു. 1935 ആഗസ്റ്റു 12-ാം തീയതി, ചങ്ങനാശ്ശേരി ക്ലാരമഠത്തിലെ കാനോനിക നവസന്ന്യാസഭവനത്തിൽ പ്രവേശിച്ചു്‌ നവസന്ന്യാസ പരിശീലനം ആരംഭിച്ചു. 1936 ആഗസ്റ്റു 12-ാം തീയതി നവസന്ന്യാസം പൂർത്തിയാക്കി നിത്യവ്രത

വാശ്രമംചെയ്യ്, ഭരണങ്ങാനം മഠത്തിലേയ്ക്കു മടങ്ങി. അവിടെ എല്ലാവിധ സുകൃതങ്ങളുടെയും ഉത്തമമാതൃകയായി, ഒരു ദശവത്സരക്കാലം വസിച്ചതിൻെറശേഷം 1946 ജൂലൈ 28—ാം തീയതി പുണ്യകീർത്തിയോടെ കർത്താവിൽ യോഗ്യമരണം പ്രാപിച്ചു.

ദൈവദാസി അൽഫോൻസാസഹോദരിയെ, വിശുദ്ധയെന്നു നാമകരണം ചെയ്യുന്നതിനുള്ള ശ്രുപതാനടപടികളും 1953 ഡിസംബർ 2—ാം തീയതി ആരംഭിക്കയും 1962 സെപ്റ്റംബർ 27—ൽ പൂർത്തിയാക്കി വിചാരണ റിക്കാർഡുകളും (Acta) രീത്തുകളുടെ തിരുസംഘത്തിലേയ്ക്കു സമർപ്പിക്കയും ചെയ്തു.

2. 1930—ൽ സഭാവസ്ത്രം സ്വീകരിച്ചശേഷം, ഏതാനും മാസങ്ങൾക്കകം, ദൈവദാസി അൽഫോൻസാസഹോദരിക്കു് രക്തസ്രാവരോഗം പിടിപെട്ടു. ആയുർവേദ വൈദ്യന്മാരായ കല്ലൂക്കുന്നേൽ ശ്രീ. മത്തായി, ശ്രീ. വയസ്സുരപോറ്റി, ശ്രീ. ഒളശ്ശ മൂസതു് എന്നിവരെ ഓരോ സന്ദർഭങ്ങളിൽ വിവരം അറിയിച്ചു്, അവർ നിർദ്ദേശിച്ച മരുന്നുകളും ഉപയോഗിച്ചു. എന്നാൽ ഒന്നുകൊണ്ടും രോഗത്തിനു ആശ്വാസം ലഭിച്ചില്ല. അതിനാൽ ഒളശ്ശ മൂസതു വൈദ്യൻെറ ഉപദേശപ്രകാരം, ദൈവദാസിയെ എറണാകുളം ജനറൽ ആശുപത്രിയിൽ കൊണ്ടുപോയി അവിടത്തെ ഡോക്ടറന്മാരായ ഡോക്ടർ റാവു, ഡോക്ടർ സി. എൽ. ജോസഫ് എന്നിവരുടെ ഉപദേശപ്രകാരം ലേഡി ഡോക്ടർ മിസ്സിസു് ഫ്രാൻസീസു് രോഗിണിക്കു ശസ്ത്രക്രിയ (D & C Operation) ചെയ്തു. (മേൽപറഞ്ഞ ഒളശ്ശ മൂസതു വൈദ്യനും എറണാകുളം ആശുപത്രിയിലെ മൂന്നു ഡോക്ടറന്മാരും ഇപ്പോൾ ജീവിച്ചിരിക്കുന്നില്ല.) ഈ ശസ്ത്രക്രിയകൊണ്ടും ഉദ്ദിഷ്ടഫലം സിദ്ധിച്ചില്ല. തുടർന്നു ഒരു കൊല്ലത്തോളം ആയുർവ്വേദ മരുന്നുകളും സേവിച്ചതിൻെറ ഫലമായി രോഗത്തിനു കുറെ ശമനം കിട്ടി. ആസ്ഥിതിയിൽ 1932—ൽ, ദൈവദാസിയെ വാകക്കാട്ടു് എന്ന സ്ഥലത്തെ ക്നാനായത്തോടടുത്തുള്ള ഇടവക സ്കൂളിൽ

അദ്ധ്യാപികയായി നിയമിച്ചു. അവിടെ ഒരു കൊല്ലത്തോളം ജോലി ചെയ്തശേഷം അവിടെനിന്നു മലസ്ത്രദേശത്തുകൂടി ഏകദേശം 10 മൈൽ ദൂരം കാൽനടയായി യാത്ര ചെയ്തു് ഭരണങ്ങാനത്തു എത്തിയതോടെ, രക്തപ്രവാഹരോഗം പൂർവ്വാധികം ശക്തിപ്പെട്ടു. ഇതിന്റെ ഫലമായി രോഗിണിക്കു ദേഹമാസകലം വേദനയുണ്ടായിരുന്നു. ഉറക്കം വളരെ കുറവായിരുന്നു. മുൻപു നിർദ്ദേശിച്ചിരുന്ന മരുന്നുകളും വീണ്ടും കുറെ നാളും ഉപയോഗിച്ചപ്പോൾ രോഗത്തിനു കുറെ ആശ്വാസം ലഭിച്ചു.

ചങ്ങനാശ്ശേരി ശുപത്രിയിൽപെട്ട ക്രൂരസഭക്കാരായ നവകന്യകകളുടെ, 1934-ൽ ചങ്ങനാശ്ശേരി ക്രൂരമഠത്തിൽവച്ചു് കാനോനിക നവസന്യാസ പരിശീലനം ആരംഭിക്കുന്നതിനു നിശ്ചയിച്ചിരുന്നു. 1934 ആഗസ്റ്റു മാസത്തിൽ കാനോനിക നവസന്യാസ പരിശീലനം ആരംഭിക്കേണ്ട കൂട്ടത്തിൽപെട്ട ഒരാളായിരുന്ന ദൈവദാസി അൽഫോൻസാ സഹോദരി. എങ്കിലും നവസന്യാസ ഭവനത്തിൽ പ്രവേശിക്കുന്നതിനുവേണ്ട ആരോഗ്യം ദൈവദാസിക്കു ഇല്ലാതിരുന്നതിനാൽ, അക്കൊല്ലം നവസന്യാസ പരിശീലനത്തിനു് ദൈവദാസി തിരഞ്ഞെടുക്കപ്പെട്ടില്ല. അടുത്ത കൊല്ലമെങ്കിലും പ്രവേശനം ലഭിക്കുവാൻതക്ക ആരോഗ്യത്തിനുവേണ്ടി ദൈവദാസി സതീക്ഷ്ണം പ്രാർത്ഥിച്ചിരുന്നു. അങ്ങനെ രോഗത്തിന്റെ ഉഗ്രതയ്ക്കു അല്പം ശാന്തി ലഭിച്ചതിനാലും കാനോനിക നവസന്യാസ പരിശീലനം ഒട്ടും താമസിയാതെ ലഭിക്കുന്നതിനു ദൈവദാസിക്കുണ്ടായിരുന്ന അതീവ താല്പര്യം കണ്ടും അധികാരികളും ദൈവദാസിക്കു 1935 ആഗസ്റ്റു 12-ാം തീയതി കാനോനിക നവസന്യാസം ആരംഭിക്കുന്നതിനു് അനുമതി നൽകി.

3. നവസന്യാസ ഭവനത്തിൽ ചേരുന്നതിനായി ഭരണങ്ങാനത്തുനിന്നു ചങ്ങനാശ്ശേരിക്കു വള്ളത്തിൽ യാത്ര ചെയ്തതിന്റെ ഫലമായി, ദൈവദാസിയുടെ രക്തസ്രാവരോഗം കുറെ വർദ്ധിക്കുകയുണ്ടായി. 1935 ആഗസ്റ്റു 12-ാം

തീയതി നവസന്യാസം ആരംഭിച്ചു. ഏതാനും ദിവസങ്ങൾക്കകം രോഗം വളരെ വഷ്ളിച്ചു. ഏകദേശം ഒരു മാസത്തോളം വളരെ കഷ്ടപ്പെട്ടു് സഹോദരി അൽഫോൻസാ നവസന്യാസ ഭവനത്തിലെ എല്ലാ ക്രമങ്ങളും പൂർണ്ണമായി അനുഷ്ഠിച്ചു. അതിനൊടു ശേഷം രോഗം വഷ്ളിച്ചു കിടപ്പിലായി. രക്തസ്രാവം ഉണ്ടാകുന്ന അവസരങ്ങളിൽ സാധാരണ മാർഗ്ഗേണ മാത്രമല്ല, വായിലും മൂക്കിലും നിന്നുകൂടി രക്തം പ്രവഹിച്ചു്, രോഗിണിയെ വലിയ അവശതയിലാക്കി. ഭക്ഷണം ശരിയായി കഴിക്കുന്നതിനു സാധിച്ചിരുന്നില്ല. ഒന്നുരണ്ടു കയിൽ കഞ്ഞിയോ, കാപ്പിയോ കഴിച്ചാൽ വയറു നെഞ്ചിനു മുകളംവരെ വീർത്തുവരുമായിരുന്നു. ശ്വാസോച്ഛ്വാസം ചെയ്യുന്നതിനു് വലിയ പ്രയാസമായിരുന്നു. ഉറക്കം അശ്ലേഷം ഇല്ലാതെയോ, വളരെക്കുറവായോ, കഴിച്ചുകൂട്ടിയിരുന്നു. ദിവസം എട്ടും പത്തും പ്രാവശ്യം ഛർദ്ദിച്ചിരുന്നു. ഛർദ്ദിച്ചിരുന്നതു് മിക്കവാറും കട്ടരക്തമായിരുന്നു.

4. ഈ കാലത്തെ അസ്വസ്ഥതകളെപ്പറ്റി ദൈവദാസി എഴുതിയിട്ടുള്ളതും 1936 ജൂലൈ മാസത്തിൽ നവസന്യാസിനികളുടെ ഗുരുനാഥ ബ. ഉർശുലാമ്മ സാക്ഷ്യപ്പെടുത്തിയതുമായ ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു. "..... മറ്റു കൊല്ലങ്ങളെ അപേക്ഷിച്ചു് കഴിഞ്ഞകൊല്ലം ഒരുമാതിരി സുഖം കണ്ടതുകൊണ്ടു് എന്നെക്കുടെ നൊവിഷ്യേറ്റിനയച്ചു. വന്നവഴിക്കു തന്നെ വീണ്ടും പഴയ സുഖക്കേടു് ആരംഭിച്ചു. അങ്ങനെ ഇങ്ങനെ ഒരു മാസത്തോളം ഇഴഞ്ഞും വലിഞ്ഞും ക്രമങ്ങളിൽ ഒക്കെ സംബന്ധിക്കുന്നതിനു സാധിച്ചു. പിന്നീടു തീർത്തു സുഖമില്ലെന്നായി കിടപ്പായി. ഭക്ഷണം യാതൊന്നും കഴിപ്പാൻ നിവൃത്തിയില്ല. ഒന്നുരണ്ടു കയിൽ കഞ്ഞിയോ കാപ്പിയോ കഴിച്ചാൽ വയറു നെഞ്ചിനു മുകളംവരെ വീർത്തു വരും. ശ്വാസം പോലും വിടുവാൻ നിവൃത്തിയില്ലായിരുന്നു. പോരെങ്കിൽ അതിശക്തിയായ വേദനയും വിശപ്പും പരവേശവും. പരസഹായം കൂടാതെ എഴുന്നേൽക്കുവാൻപോലും നിവൃത്തിയില്ലാതെയും ഉറക്കമില്ലാ

തെയും ഏകദേശം വളരെ അധികനാൾ കഴിച്ചുകൂട്ടേണ്ടതായി വന്നു. ദിവസത്തിൽ എട്ടും പത്തും പ്രാവശ്യം ഛർദ്ദിക്കും. മിക്കവാറും അതു കട്ടരക്തമായിരിക്കും. തല വേദന ശക്തിയായിട്ടുണ്ടാകുന്ന ദിവസം മൂക്കിൽനിന്നും ധാരാളം രക്തം പോകും. ചില ദിവസങ്ങളിൽ കണ്ണിൽ നിന്നും രക്തം പോയിട്ടുണ്ട്. ഇങ്ങനെ രക്തം പോകുന്ന ദിവസങ്ങളിൽ ശരീരത്തിനു വലിയ വേദനയാണ്. കൂട്ടമായിട്ട അപേക്ഷയൊക്കെ കഴിയുമ്പോൾ രണ്ടുമൂന്നു ദിവസത്തേയ്ക്കു വേദനയ്ക്കു സ്വല്പം ആശ്വാസം കാണും. വീണ്ടും പഴയതുപോലെതന്നെ....''

5. ഈ സ്ഥിതിയിൽ വ്യത്യസ്ത സന്ദർഭങ്ങളിലായി ആയുർവ്വേദ വൈദ്യനായ വടക്കുംമുറി ശ്രീ ജോസഫ് പോത്തൻ വൈദ്യനേയും അലോപ്പതി ഡോക്ടറായ ശ്രീ ജോസഫ് പൂവ്വാട്ടി എം. ബി. ബി. എസ്സിനേയും വിവരം അറിയിച്ചു. അവർ നിർദ്ദേശിച്ച മരുന്നുകളും ഉപയോഗിച്ചിരുന്നുവെങ്കിലും പറയത്തക്ക ഗുണം സിദ്ധിച്ചില്ല.

6. ഈ വിധത്തിൽ ദൈവദാസി നവസന്ന്യാസഭവനത്തിൽ തുടർന്നാൽ, അതു നവസന്ന്യാസഭവനത്തിലെ ക്രമാനുഷ്ഠാനങ്ങൾക്കു പ്രതിബന്ധവും മറ്റു നവസന്ന്യാസികൾക്കു വിഷമകരവും ആകുമെന്നും യഥാവിധി നവസന്ന്യാസ പരിശീലനം പൂർത്തിയാക്കാൻ ദൈവദാസിക്കു സാധിക്കയില്ലെന്നും അധികാരികൾക്കു തോന്നിയതിനാൽ, ദൈവദാസിയെ ഭരണങ്ങാനത്തേയ്ക്കു മടക്കി അയയ്ക്കുന്നതിനു് അധികാരികൾ ആലോചിക്കുകയും ശ്രുതാധ്യക്ഷനായിരുന്ന കാളാശ്ശേരിൽ മാർ ജയിംസ് മെത്രാനച്ചനോടു അനുവാദം അപേക്ഷിക്കയും ചെയ്തു. വന്ധ്യപിതാവു രോഗിണിയെ സന്ദർശിച്ചു് സംസാരിച്ചതിൻെറശേഷം ദൈവദാസിയെ തിരിച്ചു് അയയ്ക്കേണ്ടായെന്നു നിശ്ചയിക്കുകയും നവസന്ന്യാസകാലം പൂർത്തിയാകുന്നതിനുമുൻപു മരിക്കുന്നുവെങ്കിൽ, നവസന്ന്യാസഭവനത്തിൽവച്ചുതന്നെ അപ്രകാരം സംഭവിച്ചുകൊള്ളട്ടെയെന്നു പറയുകയും ചെയ്തു.

7. ഈ സ്ഥിതിയിൽ ഉദ്ദേശം എട്ടു മാസങ്ങൾ കടന്നുപോയി. ചികിത്സകൊണ്ടു ഗുണം ലഭിക്കാഞ്ഞതിനാൽ അവ ഉപേക്ഷിച്ചു. രക്തസ്രാവം ശക്തിപ്പെട്ടുന്ന ദിവസങ്ങളിൽ രോഗിണി കഠിനമായ വേദന അനുഭവിച്ചിരുന്നു. പരസഹായംകൂടാതെ യാതൊന്നും ചെയ്‌വാൻ ശക്തിയില്ലാതെ മിക്കവാറും കിടക്കയിൽ തന്നെയാണ് രോഗിണി കഴിച്ചുകൂട്ടിയിരുന്നതു്. അത്ര തകരമായ ദൈവസഹായംകൊണ്ടല്ലാതെ ദൈവദാസിക്കു രോഗശാന്തി ലഭിക്കയില്ലെന്നു് എല്ലാവർക്കും ബോധ്യമായി.

8. രോഗസ്ഥിതി ഈ നിലയിൽ എത്തിയപ്പോഴാണു നവസന്ന്യാസിനികളുടെ ആദ്ധ്യാത്മികോപദേഷ്ടാവും സുറിയാനി കത്തോലിക്കരായ മൂന്നാം സഭയിലെ ദഫ്നിത്തോർ ജനറാളും കത്തോലിക്കാസഭവക ചെത്തിപ്പുഴ ആശ്രമത്തോടു അനുബന്ധിച്ചുള്ള പഠനഗൃഹത്തിലെ വൈദികവിദ്യാർത്ഥികളുടെ ഗുരുവുമായിരുന്ന, പെരുമാലിൽ പെ. ബ. യൌസേപ്പു ളയീസച്ചൻ, ദൈവദാസനായ ചാവറ കുര്യാക്കോസച്ചനോടു മാധ്യസ്ഥം അപേക്ഷിക്കുന്നതിനു് ദൈവദാസിയെ ഉപദേശിക്കുകയും അതിനുള്ള ഒരു ജപം ദൈവദാസിക്കു കൊടുക്കുകയും ചെയ്തു. അന്നു കുര്യാക്കോസച്ചന്റെ നാമകരണത്തിനുവേണ്ടിയുള്ള ഔദ്യോഗിക നടപടികൾ ആരംഭിച്ചിരുന്നില്ല. ആരംഭിക്കുന്നതിനുള്ള പരിശ്രമങ്ങൾ ചെയ്തുവന്നിരുന്നു. സുഖപ്രാപ്തിക്കുവേണ്ടി ദൈവദാസി ആ ജപം ചൊല്ലുവാൻ ആരംഭിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം ദൈവദാസന്റെ ഒരു ഛായാപടവും പെ. ബ. ളയീസച്ചൻ ദൈവദാസിക്കു നൽകി. ദൈവദാസി അതും ഭക്തിപൂർവ്വം സ്വീകരിച്ചു. അതു തന്റെ കിടക്കയിൽതന്നെ വച്ചുകൊണ്ടും ഇടയ്ക്കിടയ്ക്കു ഭക്തിപൂർവ്വം ചുംബിച്ചുകൊണ്ടും തുടർന്നു പ്രാർത്ഥിച്ചിരുന്നു.

9. അങ്ങനെ പ്രാർത്ഥിച്ചുവരികയാൽ ഒരു രാത്രിയിൽ, ദൈവദാസി വിശപ്പുകൊണ്ടും ദാഹംകൊണ്ടും വളരെ ക്ഷീണിച്ചും എന്നാൽ വയറുവീർപ്പുമൂലം,

യാതൊന്നും കഴിപ്പാൻ നിവൃത്തിയില്ലാതെയും ഉറങ്ങുവാൻ സാധിക്കാതെയും വലിയ അവശതയിൽ കിടക്കുമ്പോഴും, തന്റെ കൈവശമുണ്ടായിരുന്ന പടത്തിലെ ഛായയുള്ള ഒരാളെ താൻ കാണുന്നതായും ''നിന്റെ വയർ ഇനി വീർക്കുകയില്ല, ദൈവം നിന്നെ അനുഗ്രഹിക്കും'' എന്നു് ആ ആളും പറയുന്നതുപോലെയും ദൈവദാസിക്കു തോന്നി. വയറിലെ അസ്വസ്ഥതകളിൽ നിന്നു താൻ വിമുക്തയായതായി, അടുത്ത പ്രഭാതത്തിൽ ദൈവദാസിക്കു ബോദ്ധ്യപ്പെട്ടു. അതിനുമുൻപു ഒരു കയിൽ പൊടിയരിക്കഞ്ഞിപോലും കഴിക്കാൻ സാധിക്കാതിരുന്ന ദൈവദാസിക്കു അപ്പോൾ മുഴുത്ത ചോറും മറ്റു ചില ഭക്ഷണസാധനങ്ങളും കഴിക്കുവാൻ സാധിച്ചു. ഇതു 1936 മേയ് അവസാനത്തിലോ, ജൂൺ ആരംഭത്തിലോ സംഭവിച്ചു. ഇതേപ്പറ്റി ദൈവദാസി എഴുതിയിട്ടുള്ള പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു.

''..... ഇങ്ങനെ ഏകദേശം എട്ടു മാസത്തോളം ഞാനും മറ്റുള്ളവരും വല്ലാതെ വിഷമിച്ചു. എപ്പോഴും ആളെ അടുത്തില്ലെങ്കിൽ വലിയ ഭയമായിരുന്നു. ഇങ്ങനെ കഴിച്ചുകൂട്ടിവരവെ, ഒരു ദിവസം പെ. ബ. ജയിസച്ചൻ, പ്രിയോരച്ചന്റെ ഒരുപേക്ഷ കൊണ്ടുവന്നു തന്നു. ആ നൊവേന കഴിക്കുവാൻ ആരംഭിച്ചപ്പോൾമുതൽ അല്പം ആശ്വാസം പോലെ തോന്നി. അപേക്ഷ മുടക്കം വരുത്താതെ തുടർന്നു കൊണ്ടിരുന്നു. മേയ്മാസാവസാനത്തിലാണെന്നുതോന്നുന്നു, ആ വന്ദ്യ ദേഹത്തിന്റെ ഒരു ഛായാപടവും പെ. ബ. അച്ചൻ കൊണ്ടുവന്നുതന്നു. ആ പടം കണ്ടപ്പോൾ മുതൽ എനിക്കു എന്തെന്നില്ലാത്ത ഒരു വിശ്വാസവും ഭക്തിയും അദ്ദേഹത്തോടു തോന്നി. അന്നുമുതൽ അതിലൊന്നു ഞാനെടുത്തു എന്റെ അരികെവച്ചു് എപ്പോഴും മുത്തി, അദ്ദേഹത്തോടു നമസ്കരിച്ചുകൊണ്ടു് കിടന്നുറങ്ങിയിരുന്നു. പടംവച്ചു് അപേക്ഷിക്കുവാൻ തുടങ്ങിയ ദിവസംമുതൽ പേടിക്കു വളരെ കുറവുള്ളതുപോലെയും എനിക്കു തോന്നി. ഒരു ദിവസം വിശപ്പുകൊണ്ടും ദാഹംകൊണ്ടും വളരെ ക്ഷീണിച്ചും എന്നാൽ വയ

റുവീപ്പു നിമിത്തം ഒന്നും കഴിപ്പാൻ നിവൃത്തിയില്ലാതെയും വളരെ അവശതയിൽ കിടക്കുന്ന അവസരത്തിൽ എന്റെ അരികെവച്ചിരിക്കുന്ന പടത്തിന്റെ ഛായ തോന്നിക്കുന്ന ഒരാൾ എന്റെ അടുത്തു വന്നുനിൽക്കുന്നതുപോലെയും എന്തോ സംസാരിക്കുന്നതുപോലെയും എനിക്കു തോന്നി. ഗുരുത്തിയമ്മയാണെന്നു വിചാരിച്ച് എന്റെ ഗുരുത്തിയമ്മെ നേരം വെളുക്കുമ്പോഴേയ്ക്കും വയറുപൊട്ടിയോ ശ്വാസം വിടാൻ നിവർത്തിയില്ലാതെയോ ഞാൻ മരിക്കുമെന്നു തോന്നുന്നു എന്നു പറഞ്ഞു് തപ്പി നോക്കിയപ്പോൾ ആളിനെ കാണ്മാനില്ല. നിന്റെ വയറു ഇനി വീർക്കുകയില്ല. ദൈവം നിന്നെ അനുഗ്രഹിക്കും എന്നു പറയുന്നതുപോലെ എനിക്കു തോന്നി. നേരം വെളുത്തപ്പോഴേയ്ക്കും സുഖക്കേടെല്ലാം കുറഞ്ഞു. അന്നുമുതൽ ഇന്നുവരെ എന്റെ വയറു വീർത്തിട്ടില്ല. ഒരു കയിൽ പൊടിയരിക്കഞ്ഞിപോലും കുടിക്കാൻ നിവർത്തിയില്ലാഞ്ഞ ഞാൻ ഇപ്പോൾ മുഴുത്ത ചോറുണ്ണുന്നുണ്ടു്. വേറെ സ്വല്പം വല്ലതുമൊക്കെ കഴിക്കുന്നുണ്ടു്. ഇപ്പോൾ വയറ്റിൽ വേദനയാകട്ടെ, വീപ്പുകെട്ടെ ഒന്നുമില്ല. ഉറക്കവും ശരിയായിട്ടുണ്ടു്. പ്രിയോരച്ചന്റെ സഹായംമൂലം ലഭിച്ചതാണെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം. വയറ്റിൽ സുഖക്കേടിന്റെ കാര്യത്തിൽ എല്ലാവർക്കും വളരെ അത്ഭുതം തോന്നുന്നു.....''

10. ഈ പ്രസ്താവനയിൽ 'പ്രിയോരച്ചൻ' എന്നു ദൈവദാസി പറയുന്നതു് ദൈവദാസനായ ചാവറ കുര്യാക്കോസച്ചനെ ഉദ്ദേശിച്ചാണു്. കേരള സുറിയാനി കത്തോലിക്കാസഭയുടെ പൊതുശ്രേഷ്ഠൻ എന്ന നിലയിൽ കൊവേന്തകളുടെ പ്രിയോർ എന്ന ഔദ്യോഗിക നാമത്തിൽ അദ്ദേഹം അറിയപ്പെടുകയും പൊതുജനങ്ങൾ അദ്ദേഹത്തെ പ്രിയോരച്ചൻ എന്നും വലിയ പ്രിയോരച്ചൻ എന്നും വിളിച്ചുവരികയും ചെയ്തിരുന്നു.

11. ദൈവദാസി അൽഫോൻസാസഹോദരിയുടെ രക്തസ്രാവരോഗത്തിനു ഇനിയും ശാന്തി ലഭിച്ചിരുന്നില്ല. ഇതിനുംപുറമെ ദൈവദാസിയുടെ വലത്തുകാലിന്റെ

തുടയുടെ ഉൾവശത്തു് മേല്പോട്ടുചേന്നു് ഒരു നീരും വ്രണവും ഉണ്ടായി. നീരിനു സാധാരണ വലിപ്പമുള്ള ഒരു പൊരിച്ച തേങ്ങായുടെ ഏകദേശം ഒരു പകുതിയുടെ വലിപ്പം തോന്നിച്ചിരുന്നു. വ്രണത്തിൽനിന്നും രക്തവും ചലവും പ്രവഹിച്ചിരുന്നു. രക്തസ്രാവവും വ്രണവുംമൂലം ദൈവദാസി വലിയ അവശതയിലായി.

12. ഈ സ്ഥിതിയിൽ ദൈവദാസി കുര്യാക്കോസച്ചന്റെ ഛായാപടം ഇടയ്ക്കിടയ്ക്കു ചുംബിച്ചുകൊണ്ടു് രോഗശാന്തിക്കായി ദൈവദാസനോടുള്ള ജപം ചൊല്ലി ഒരു നൊവേന ആരംഭിച്ചു. ദൈവദാസിയുടെ സഹനവ സന്യാസിനികളും കൂട്ടമായി അതേ ജപംതന്നെ ചൊല്ലി ദൈവദാസിയുടെ രോഗശാന്തിക്കുവേണ്ടി ഒരു നൊവേന അതേദിവസംതന്നെ ആരംഭിച്ചു. ഈ നൊവേനകളും ആരംഭിച്ചതിനുശേഷവും രക്തസ്രാവവും വ്രണവുംമൂലം ദൈവദാസിക്കുണ്ടായിരുന്ന അസ്വസ്ഥതകളും വർദ്ധിച്ചു വരുന്നതായിട്ടാണു് കാണപ്പെട്ടതു്. കിടക്കയിൽതന്നെ ചെരിയുകയൊ തിരിയുകയൊ ചെയ്യുന്നതിനുപോലും പരസഹായം കൂടാതെ കഴിഞ്ഞിരുന്നില്ല. ദൈവദാസിയുടെ മുഖം വിളറിയും ചുണ്ടുകളും വരണ്ടും ഇരുന്നിരുന്നു. രോഗിണി മരണാസന്നയായതുപോലെയും മരണം ഏതു സമയത്തും സംഭവിച്ചേക്കാമെന്നതുപോലെയും കാണികൾക്കു തോന്നി. യാതൊരു ഭക്ഷണവും പാനീയവും കഴിക്കാതിരുന്നതിനാൽ വരണ്ടിരുന്ന ചുണ്ടുകളും ശ്രുശ്രൂഷികളും ഇടയ്ക്കിടയ്ക്കു നനച്ചുകൊണ്ടിരുന്നു. പലപ്പോഴും വളരെ അടുത്തുചെന്നു സൂക്ഷിച്ചുനോക്കിയാൽ മാത്രമെ ജീവൻ ഉണ്ടായിരുന്നുവെന്നു മനസ്സിലാക്കാൻ കഴിയുമായിരുന്നുള്ളു. ദൈവദാസി മരണാസന്നയായിരിക്കുന്ന വിവരം ഭരണങ്ങാനം മഠത്തിലും ദൈവദാസിയുടെ പിതാമഹസഹോദരനായിരുന്ന മുട്ടത്തുപാടത്തു ബ. യൗസേപ്പച്ചനേയുമെങ്കിലും അറിയിക്കുന്നതിനു്, ശ്രുശ്രൂഷകയായിരുന്ന ഒരു നവസന്യാസിനി ബ. സിസ്റ്റർ അൽഫോൻസാ ഇടയാടിയിൽ നവസന്യാസിനികളുടെ ഗുരുനാഥ ബ. ഉർശ്ശുലാമ്മയെ അറിയിച്ചു. നൊവേനകളും

പൂത്തിയാകാറായി. പ്രതീക്ഷയുടെ ലക്ഷണങ്ങളും ഒന്നും കാണപ്പെട്ടില്ല. മരണം അത്യാസന്നമെന്ന വിചാരത്താൽ നൊവേനയുടെ എട്ടാം ദിവസം രാത്രിയിൽ ദൈവദാസിയുടെ അടുത്തിരുന്ന ശുശ്രൂഷകളും ചെയ്യുന്നതിനു സഹനവസന്യാസിനികളിൽ സുഖമുള്ളവരെല്ലാം ആഗ്രഹിക്കയും ഗുരുനാഥയോടു അനുവാദം ചോദിക്കയും ചെയ്തു രണ്ടുപേർക്കുമാത്രം അനുവാദം നൽകപ്പെട്ടു. അവർ ബ. സിസ്റ്റർ ളയീസാ ഓലിക്കരയും ബ. സിസ്റ്റർ അൽഫോൻസാ ഇടയാടിയിലുമായിരുന്നു. അവർ ഇരുവരും കുറെനേരം ഉറക്കമിളച്ചു ഇരുന്നശേഷം സിസ്റ്റർ ളയീസാ, രോഗിണി കിടന്നിരുന്ന മുറിയിലും സിസ്റ്റർ അൽഫോൻസാ മുറ്റത്തു വെളിയിൽ അടുത്തുതന്നെയും കിടന്നു. നവസന്യാസിനികളുടെ ശയനശാലയിൽ സ്ക്രീൻ കൊണ്ടു തിരിക്കപ്പെട്ട ഒരു മുറിയിലാണ് രോഗിണി കിടന്നിരുന്നതു്.

13. പാതിരാവു കഴിഞ്ഞു് ദൈവദാസിയുടെ മുറിയിൽ ആരോ സംസാരിക്കുന്നതുപോലെ തോന്നി, സിസ്റ്റർ അൽഫോൻസാ ഇടയാടിയിൽ ഉണർന്നെഴുന്നേറ്റു്, മുറിയുടെ ഉള്ളിലേയ്ക്കു നോക്കി. ആരും സംസാരിക്കുന്നതായി കണ്ടില്ല. രോഗിണിയും സിസ്റ്റർ ളയീസായും ഉറങ്ങുന്നതായും കണ്ടു. അതിനാൽ സിസ്റ്റർ അൽഫോൻസാ ഇടയാടിയിൽ വീണ്ടും കിടന്നുറങ്ങി. കുറെക്കഴിഞ്ഞു് കുറെക്കൂടെ അകലെ കിടന്നിരുന്ന ബ. സഹോദരി മത്തീനാ വില്പന്താനം ഇതുപോലൊരു സംഭാഷണം കേട്ടു എഴുന്നേറ്റു രോഗിണിയുടെ മുറിയിലേയ്ക്കു നോക്കിയിട്ടും ആരും സംസാരിക്കുന്നതായി കണ്ടില്ല. ദൈവദാസിയുടെ മുറിയിൽനിന്നു അപ്പോഴുംതന്നെ ഇതുപോലൊരു സംഭാഷണം കേട്ടു്, ബ. ഉർശ്ശുലാമ്മ ഉണർന്നെഴുന്നേറ്റു രോഗിണിയുടെ മുറിയിലേയ്ക്കു വന്നു. അപ്പോഴും ദൈവദാസിയും സഹോദരി ളയീസായും ഉറങ്ങുന്നതായിതന്നെ കണ്ടു. എന്നാൽ ദൈവദാസി ഉറക്കത്തിൽതന്നെ അവ്യക്തമായി എന്തോ സംസാരിക്കുന്നതായും ചില ആംഗ്യങ്ങളും കാണിക്കുന്നതായും ബ. ഉർശ്ശുലാമ്മ കേൾക്കുകയും കാ

ണകയും ചെയ്തു. ഊർശ്ശുലാമ്മ രോഗിണിയെ വിളിച്ചുണത്തി എന്താണ് പറയുന്നതെന്നു ചോദിച്ചു. അപ്പോൾ ദൈവദാസി ഉണർന്ന് ഇതാ വലിയ പ്രിയോരച്ചൻ വന്നിരിക്കുന്നു; ഗുരുത്തിയമ്മ കാണുന്നില്ലെ. ഞാൻ ആശീർവ്വാദം അപേക്ഷിക്കട്ടെ എന്നു പറഞ്ഞു തനിയെ എഴുന്നേറ്റിരുന്നു. അപ്പോൾ ദൈവദാസിയുടെ സംസാരവും ആംഗ്യങ്ങളും കര്യാക്കോസച്ചനെ നേരിട്ടു കണ്ടു സംസാരിക്കുന്ന ഒരാളിന്റെതുപോലെതന്നെയായിരുന്നു. ദൈവദാസി തുടർന്നു, എന്റെ ദീനം സുഖമായി. വലിയ പ്രിയോരച്ചൻ ഇവിടെ വന്നു. ഞാൻ കണ്ടു എന്നെ ആശീർവ്വദിച്ചു. എന്നെ തൊട്ടു. ഈ ദീനം സുഖമായിരിക്കുന്നു. ഇനിമേലിൽ ഈ രോഗം നിനക്കുണ്ടാകയില്ല. എങ്കിലും നീ പലവിധ രോഗങ്ങളാൽ എന്നും പീഡിപ്പിക്കപ്പെടും എന്നു എന്നോടു പറഞ്ഞു''വെന്നു ബ. ഊർശ്ശുലാമ്മയോടു പറഞ്ഞു.

ദൈവദാസിതന്നെ എഴുതിവച്ചിട്ടുള്ള മുൻപറഞ്ഞ പ്രസ്താവനയിൽ ഈ അവസരത്തിൽ ലഭിച്ച രോഗശാന്തിയെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു. ''.... വേറൊരു ദിവസം ശക്തിയായ തലവേദനയും ഉണ്ടു്. മൂക്കിൽ നിന്നു ധാരാളം രക്തവും പോയി. ആകെപ്പാടെ ഞാൻ വിഷമിച്ചും വേദനയെടുത്തും കിടക്കുന്ന സന്ദർഭത്തിൽ ഞാൻ എന്റെ സഹായത്തിനായി അദ്ദേഹത്തെ വിളിച്ചു പ്രാർത്ഥിച്ചു. ഒരു സഹോദരിയും എന്റെ അരികിൽ ഇരുപ്പുണ്ടായിരുന്നു. ഏകദേശം മൂന്നുമണിയായപ്പോൾ നമ്മുടെ പഴയ ആലം എന്റെ അടുക്കൽവന്നു വളരെ സന്തോഷത്തോടുകൂടെ നിൽക്കുന്നതുപോലെയും അദ്ദേഹത്തിന്റെ കരങ്ങൾ പൊക്കി എന്നെ ആശീർവ്വദിക്കുന്നതുപോലെയും എനിക്കു തോന്നി. ഉടനെ ഞാൻ ഉറച്ചു ചിരിച്ചു. എന്റെ അടുത്തുണ്ടായിരുന്ന സഹോദരി ചിരിച്ചതിന്റെ കാരണം ചോദിച്ചപ്പോൾ വെറുതെയാണെന്നു ഞാൻ ഉത്തരവും പറഞ്ഞു. അപ്പോൾ മുതൽ എനിക്കു വളരെ ആശ്വാസംപോലെ തോന്നി. അതിൽപിന്നെ ഇന്നുവരെ മൂക്കിൽ നിന്നു രക്തം പോയിട്ടില്ല. ഇങ്ങനെ മൂക്കിൽനിന്നു

രക്തം പോകയാണെങ്കിൽ കുറെ ദിവസത്തേയ്ക്കു പോകാതിരിക്കും. നേരം വെളുത്തപ്പോഴ് എനിക്കു നല്ല സുഖം പോലെ തോന്നി. കൂടാതെ കാലിൽ കുറെ ദിവസങ്ങളായിട്ടു പഴുത്തുപൊട്ടിക്കൊണ്ടിരുന്ന ഒരു വ്രണം നേരം വെളുത്തപ്പോഴേയ്ക്കും കരിഞ്ഞിരിക്കയും ചെയ്തു. എന്റെ മൂഢത്വംകൊണ്ടും അദ്ദേഹം എന്നെ സഹായിക്കാതിരിക്കയില്ല എന്ന പൂർണ്ണമായ വിശ്വാസംകൊണ്ടും എനിക്കു തോന്നിയതാണെന്നു മാത്രമെ ഞാൻ വിചാരിക്കുന്നുള്ളു. ഏതായാലും വൈദ്യന്മാർ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട എനിക്കു് ഇത്രയും സുഖം കിട്ടിയതുകൊണ്ടു് അദ്ദേഹത്തിനു നന്ദി പറയുകയും അദ്ദേഹത്തെ മഹത്വപ്പെടുത്തുന്നതിനായി സർവ്വാത്മനാ പ്രാർത്ഥിച്ചുവരികയും ചെയ്യുന്നു.

14. ദൈവദാസിയും ഊർശ്ശലാമ്മയും തമ്മിലുള്ള സംഭാഷണം കേട്ടു്, അതെ മുറിയിൽതന്നെ കിടന്നിരുന്ന രോഗശുശ്രൂഷക സഹോദരി ളയീസാ ഉണർന്നെഴുന്നേറ്റു. ഊർശ്ശലാമ്മയുടെ നിർദ്ദേശപ്രകാരം സഹോദരി ളയീസാ ദൈവദാസിയുടെ കാലിൽ വ്രണമുണ്ടായിരുന്ന ഭാഗം പരിശോധിച്ചപ്പോഴ് വ്രണം കരിഞ്ഞിരിക്കുന്നതായി കണ്ടു ബോദ്ധ്യപ്പെട്ടു് വിവരം ഊർശ്ശലാമ്മയെ ധരിപ്പിച്ചു.

15. അപ്പോഴ്തന്നെ ദൈവദാസി പരസഹായം കൂടാതെ എഴുന്നേറ്റു് ബ. ഊർശ്ശലാമ്മയോടും സിസ്റ്റർ ളയീസായോടുംകൂടി കപ്പേളയിൽചെന്നു് മുട്ടിന്മേൽനിന്നു ദൈവത്തിനും ദൈവദാസനും കൃതജ്ഞത പ്രകാശിപ്പിക്കുകയും മടങ്ങിവന്നു്, പ്രഭാതത്തിൽ ഉണർത്തുമണി കൊട്ടുന്നതുവരെ എല്ലാവരും കിടക്കയിൽ കിടന്നു വിശ്രമിക്കയും ചെയ്തു.

16. ഇതിനുമുൻപു കിടക്കയിൽ തിരിയുകയൊ, ഇളകുകയൊ ചെയ്യുമ്പോഴ് രക്തം കൂടുതൽ പ്രവഹിച്ചിരുന്നെങ്കിലും ഇപ്പോഴ് ദൈവദാസി എഴുന്നേറ്റു നടന്നിട്ടും രക്തപ്രവാഹം അശേഷം ഉണ്ടായില്ല. ക്രമംവിട്ടുള്ള രക്തപ്രവാഹമാകട്ടെ മേൽപറഞ്ഞ സ്ഥാനത്തു വ്രണമാകട്ടെ

നീരാകട്ടെ, ദൈവദാസൻ അറിയിച്ചിരുന്നതുപോലെ ദൈവദാസിക്കു അനന്തരജീവിതകാലത്തുണ്ടായിട്ടില്ല. 'എങ്കിലും നീ മറ്റു പലവിധ രോഗങ്ങളാൽ എന്നും പീഡിപ്പിക്കപ്പെടുമെന്നു ദൈവദാസൻ അറിയിച്ചിരുന്നതുപോലെ' ദൈവദാസി പിൽക്കാലത്തു പലവിധ രോഗങ്ങളാൽ മരണംവരെ പീഡിപ്പിക്കപ്പെടുകയും ചെയ്തു.

17. ഈ സുഖപ്രാപ്തി 1936 ജൂൺ അവസാനത്തിലോ ജൂലൈ ആരംഭത്തിലോ സംഭവിച്ചു. ഇതു സംബന്ധിച്ചു് ആദ്ധ്യാത്മികോപദേഷ്ടാവു് പെ. ബ. ളയീസച്ചന്റെയും നവസന്ന്യാസിനികളുടെ ഗുരുനാഥ ബ. ഊർശ്ശലാമ്മയുടെയും നിർദ്ദേശപ്രകാരം ദൈവദാസി എഴുതി കയ്യൊപ്പു വച്ചിട്ടുള്ളതും, 1936 ജൂലൈ 10-ാം തീയതി ബ. ഊർശ്ശലാമ്മ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പ്രസ്താവനയിൽ നിന്നു എടുത്തിട്ടുള്ളവയാണു് ദൈവദാസിയുടേതായി മേൽചേർത്തിട്ടുള്ള ഉദ്ധരണികൾ.

18. അടുത്ത പ്രഭാതത്തിൽ ഉണർത്തുമണി കൊട്ടിയപ്പോൾ ദൈവദാസിയും സഹനവസന്ന്യാസിനികളോടൊപ്പം, എഴുന്നേറ്റു് കൂട്ടത്തിൽ ഉഷ്കാലജപങ്ങൾ ചൊല്ലുകയും, മുഖം കഴുകുക മുതലായ ദിനചര്യകൾ നിർവ്വഹിക്കുകയും കപ്പേളയിൽ പോയി ദിവ്യബലിയിൽ സംബന്ധിക്കയും ദിവ്യകാരുണ്യം സ്വീകരിക്കയും കൂട്ടത്തിൽ പൊതുപ്രഭാതഭക്ഷണം കഴിക്കയും ചെയ്തു. തലേരാത്രിയിൽ അത്യധികം അവശയായി മരണാസന്നയെപ്പോലെ കിടന്നിരുന്ന ദൈവദാസി പ്രഭാതത്തിൽ ആരോഗ്യവതിയായി കൂട്ടത്തിൽ വന്നതും കൂട്ടക്രമങ്ങളിൽ സംബന്ധിച്ചതും കണ്ടപ്പോൾ തങ്ങളുടെയെല്ലാം പ്രാർത്ഥനാഫലമായി, ദൈവദാസനായ ചാവറ കുര്യാക്കോസച്ചന്റെ മദ്ധ്യസ്ഥസഹായംമൂലം ദൈവദാസി അൽഫോൻസാസഹോദരിക്കു് പൊടുന്നനവെ രക്തസ്രാവരോഗത്തിനും, വ്രണത്തിനും, നീരിനും പൂർണ്ണശാന്തി

ലഭിച്ചുവെന്നു്, വിസ്മയഭരിതരായ ഇതര നവസന്യാസികൾക്കും ഗുരുനാഥക്കും മഠാധിപക്കും മഠത്തിലെ ഇതരാംഗങ്ങൾക്കും ബോദ്ധ്യമായി.

19. ഇപ്രകാരം ദൈവദാസി അൽഫോൻസാസഹോദരിക്കു്, രക്തസ്രാവത്തിൽനിന്നും പഴുത്തുപൊട്ടി ചലം ഒലിച്ചിരുന്ന വ്രണത്തിൽനിന്നും നീരിൽനിന്നും പൊട്ടുന്നവെ ശാന്തി ലഭിച്ച വിവരം ബ. ഉർശ്ശുലാമ്മ താമസിയാതെതന്നെ ശ്രുപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ കാളാശേരിൽ മാർ ജയിംസു മെത്രാനച്ചനെ അറിയിക്കയും വിവരം അറിഞ്ഞപ്പോൾ വന്ദ്യപിതാവും അത്യധികം സന്തുഷ്ടി പ്രകാശിപ്പിക്കയും, ഈ സംഭവം ദൈവദാസനായ ചാവറ കുര്യാക്കോസച്ചന്റെ മാദ്ധ്യസ്ഥശക്തിക്കു തെളിവായി പരിഗണിക്കയും ചെയ്തു. (ഈ വന്ദ്യപിതാവു 1949 ഒക്ടോബർ 27–ാം തീയതി കാലധർമ്മം പ്രാപിച്ചു.)

20. നവസന്യാസ പരിശീലനം പൂർത്തിയാക്കി 1936 ആഗസ്റ്റു 12–ാം തീയതി നിത്യവ്രതവാഗ്ദാനങ്ങൾ ചെയ്തശേഷം ദൈവദാസി ചങ്ങനാശേരിയിൽനിന്നു ഭരണങ്ങാനം ക്ലാരമഠത്തിലേയ്ക്കു മടങ്ങി. കുറെനാൾ കഴിഞ്ഞു് ഭരണങ്ങാനം മഠത്തിലെ ബ.എമരിച്ച സഹോദരിയാൽ അനുഗതയായി, മാന്നാനത്തു ദൈവദാസനായ ചാവറ കുര്യാക്കോസ് അച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ അടക്കം ചെയ്തിരിക്കുന്ന കബറിടത്തിങ്കൽ ചെന്നു് ദീർഘനേരം ഒരു പാരവശ്യത്തിലെന്നതുപോലെ, പ്രാർത്ഥനാനിരതരായി മുട്ടിന്മേൽനിന്നു കൃതജ്ഞത പ്രകാശിപ്പിക്കയുണ്ടായി.

21. ദൈവദാസിക്കു ഒന്നാമതായി ലഭിച്ച രോഗശാന്തി, ഉദരരോഗത്തിന്റേതായിരുന്നു. ഉദരരോഗത്തിന്റെ ഫലമായി വയറ്റിൽ വേദന, ഛർദ്ദി, വയറുവീർക്കൽ, ശ്വാസംമുട്ടൽ ഇവ അനുഭവപ്പെട്ടിരുന്നു. ഛർദ്ദിച്ചിരുന്നതു പലപ്പോഴും കട്ടരക്തമായിരുന്നു. ഈ അവശത

കയം എട്ട് മാസത്തോളമെങ്കിലും നീണ്ടുനിന്നിരുന്നു. ചികിത്സകൊണ്ടു ആശ്വാസം കിട്ടിയില്ല. ചികിത്സകൊണ്ടു ഗുണം കിട്ടുമെന്നു ശരണമില്ലാതായതിനാൽ ചികിത്സ ഉപേക്ഷിച്ചിട്ടാണു് ദൈവദാസന്റെ മാദ്ധ്യസ്ഥം തേടിയതു്. സുഖപ്രാപ്തി ലഭിച്ചതു ഒരു രാത്രിയിൽ പൊടുന്നനവെ ആയിരുന്നു. ഈ രോഗം അനന്തര ജീവിതകാലത്തു് ഒരിക്കലും ദൈവദാസിയെ ബാധിച്ചിട്ടില്ല.

22. ദൈവദാസിക്കു രണ്ടാമതായി ശാന്തി ലഭിച്ചതു് രക്തസ്രാവരോഗത്തിൽനിന്നാണു്. ഈ രോഗം ആറരക്കൊല്ലത്തോളം ദൈവദാസിയെ പീഡിപ്പിച്ചിരുന്നു. പല ചികിത്സകളും ശസ്ത്രക്രിയയും ചെയ്തുവെങ്കിലും, വല്ലപ്പോഴുമൊക്കെ താല്ക്കാലിക ആശ്വാസം മാത്രമേ ലഭിച്ചിട്ടുള്ളൂ. അവസാനം അതു വർദ്ധിച്ചു് ദൈവദാസിയെ മരണാസന്ന സ്ഥിതിയിലെത്തിച്ചു. ആ സ്ഥിതിയിലാണു്, ഒരു അത്ഭുതം കൊണ്ടല്ലാതെ സുഖപ്രാപ്തി അസാദ്ധ്യമെന്ന ബോദ്ധ്യത്തോടെ ദൈവദാസിയും സഹനവസന്യാസിനികളും ഇതരമഠാംഗങ്ങളും ദൈവദാസന്റെ മാദ്ധ്യസ്ഥം തേടിയതും നൊവേനയുടെ എട്ടാം ദിവസത്തിനും ഒൻപതാം ദിവസത്തിനുമിടയ്ക്കുള്ള രാത്രിയിൽ പൊടുന്നനവെ പരിപൂർണ്ണ രോഗശാന്തി ലഭിച്ചതും. ഈ രോഗവും ദൈവദാസിക്കു അനന്തരജീവിതകാലത്തു ഒരിക്കലും ഉണ്ടായിട്ടില്ല.

23. രക്തസ്രാവം ഭേദമായതോടുകൂടിതന്നെ, പഴത്തൊലി ചലം ഒലിച്ചുകൊണ്ടിരുന്ന നീരും വ്രണവും അപ്രത്യക്ഷമായി. ഇതും പൊടുന്നനവെ സംഭവിച്ചു. ദൈവദാസനോടുള്ള മാദ്ധ്യസ്ഥപ്രാർത്ഥന മൂലം മാത്രമാണു് ഈ രോഗശാന്തിയും ലഭിച്ചതു്. ഇതും പിൽക്കാലങ്ങളിൽ ആവർത്തിച്ചിട്ടില്ല.

24. ദീർഘനാൾ നീണ്ടുനിന്നിരുന്ന കലശലായ രക്തസ്രാവവും, വ്രണവും, ക്ഷീണരാഹിത്യവുംമൂലം രാത്രി മൂന്നുമണിവരെ അത്യന്തം അവശയായി കിടന്നിരുന്ന

രോഗിണിക്കു്, ആ സമയത്തു സ്വയമായി എഴുന്നേറ്റു് കപ്പേളയിൽ പോയി മുട്ടിന്മേൽനിന്നു പ്രാർത്ഥിക്കുന്നതിനും, അടുത്ത പ്രഭാതത്തിൽ എല്ലാവരുടെയുംകൂടെ കൂട്ടക്രമങ്ങളിൽ സംബന്ധിക്കുന്നതിനും, പൊതുഭക്ഷണം കഴിക്കുന്നതിനും, വേണ്ട ആരോഗ്യവും ശക്തിയും പൊട്ടന്നവെ ലഭിച്ചതും അത്ഭുതകരമായ ഒരു ദൈവാനുഗ്രഹമാണു്.

25. മേൽപ്രസ്താവിച്ച രോഗശാന്തികാംക്ഷായി രോഗിണിയും സഹവാസികളും ദൈവദാസൻ ചാവറ കുര്യാക്കോസച്ചന്റെ മാദ്ധ്യസ്ഥം മാത്രമാണു് തേടിയതു്. ആകയാൽ ഈ രോഗശാന്തികളും, ആരോഗ്യപ്രാപ്തിയും ദൈവദാസന്റെ മാദ്ധ്യസ്ഥസഹായത്താൽ ലഭിച്ചിട്ടുള്ളവയാണെന്നു് ഉറപ്പായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

മേൽവിവരിച്ച എല്ലാ വസ്തുതകളും രോഗശാന്തിയാൽ അനുഗ്രഹീതയായ ദൈവദാസി അൽഫോൻസാ സഹോദരിതന്നെ എഴുതി കൈയ്യൊപ്പു വച്ചിട്ടുള്ള പ്രസ്താവനയിൽനിന്നും, അനേകം ദൃക്സാക്ഷികളിൽനിന്നും നേരിട്ടു ഗ്രഹിച്ചിട്ടുള്ളവയും യഥാർത്ഥങ്ങളുമാകുന്നു.

എന്നു്, നടപടികളുടെ വൈസ്പോസ്റ്റുലേറ്റർ.

S. J. M. Mannanam 1963.

സി. ഉർസുലാ കരോട്ട്, ഇടമറ്റം

(1956–ൽ പാലാ രൂപതയിലെ ക്നാരമറ്റങ്ങളുടെ മദർ ജനറൽ ആയിരുന്നു. വാഴ്ത്തപ്പെട്ട. അൽഫോൻസാമ്മയെ മുട്ടുചിറവച്ചു കണ്ടുമുട്ടുന്നതും മഠത്തിൽകൊണ്ടുവന്നതും ഉർസുലാമ്മയാണ്. ഗ്രൂത്തിയമ്മയായിരുന്നു. വാഴ്ത്തപ്പെട്ട. അൽഫോൻസാമ്മ മരിക്കുമ്പോഴും ഉർസുലാമ്മ കൊഴുവനാൽ ക്നാരമറ്റത്തിൽ ആയിരുന്നു. ഭരണങ്ങാനം മഠത്തിൽവച്ച് ഉർസുലാമ്മ ഇഹലോകവാസം വെടിഞ്ഞു.)

ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ദൈവദാസി അമലോത്ഭവത്തിന്റെ അല്ഫോൻസാമ്മയും

മദർ ജനറൽ ബ. ഉർസുലാമ്മയുടെ പ്രസ്താവന

മൂന്നു ദർശനങ്ങളും രോഗശാന്തികളും

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1805–ൽ കൈനകരിയിൽ ഭ്രജാതനായി. ഇദ്ദേഹം മാന്നാനം ആശ്രമത്തിന്റെ സ്ഥാപകരിൽ ഒരാളും കേരള സുറിയാനി കർമ്മലീത്താസഭയുടെ കാനോനിക സ്ഥാപകനും സുറിയാനിക്കാരുടെ വികാരി ജനറാളും ആയിരുന്നു. പാവന ചരിതനായ ഇദ്ദേഹം 1871–ൽ ചരമമടഞ്ഞതു മുതൽ ഇന്നുവരെ അദ്ദേഹത്തിന്റെ പുണ്യകീർത്തി തുടർന്നുകൊണ്ടിരിക്കുന്നു. ഇദ്ദേഹത്തെ ധന്യനെന്നും വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനുള്ള നടപടി ആരംഭിക്കുന്നതിനു് റീത്തുകളുടെ തിരുസംഘത്തിന്റെ 1955 ഡിസംബർ 9–ാം തീയതിയിലെ തിരുവെഴുത്തുമൂലം ചങ്ങനാശ്ശേരി മെത്രാനച്ചനെ ചുമതലപ്പെടുത്തിയിരിക്കയാണു്.

ദൈവദാസി അൽഫോൻസാമ്മയ്ക്കു് കുര്യാക്കോസ് ഏലിയാസച്ചനോടു് വലിയഭക്തിയും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥശക്തിയിൽ വലിയ വിശ്വാസവും ഉണ്ടായിരുന്നു. കുര്യാക്കോസ് ഏലിയാസച്ചൻ അൽഫോൻസാമ്മയ്ക്കു് മൂന്നു പ്രാവശ്യം പ്രത്യക്ഷപ്പെടുകയും രോഗ

ശാന്തി നൽകുകയും ഉണ്ടായി. അൽഫോൻസാമ്മയുടെ കാനോനിക നൊവിഷ്യറ്റു കാലത്തു് (1935–36) ചങ്ങനാശ്ശേരിയിൽവച്ചത്രെ രണ്ടു ദർശനങ്ങളും രോഗശാന്തികളും സംഭവിച്ചതു്. ഈ വിവരം ദൈവദാസിതന്നെ തന്റെ ആത്മപിതാവിന്റെ നിർദ്ദേശപ്രകാരം വളരെ ചുരുക്കമായും വിനയസമ്പൂർണ്ണമായും 1936-ൽ രേഖപ്പെടുത്തിയിട്ടുണ്ടു്. മൂന്നാമത്തെ ദർശനവും രോഗശാന്തിയും 1937–ന്റെ അവസാനത്തിൽ മരണങ്ങാനത്തുവച്ചാണു് സംഭവിച്ചതു്. ഈ ദർശനത്തെപ്പറ്റി ദൈവദാസി തന്റെ കൂട്ടുകാരി ആയിരുന്ന പരേതയും പുണ്യചരിതയുമായ സെലിൻ എന്ന കന്യാസ്ത്രീയോടു സന്ദർഭവശാൽ പ്രസ്താവിക്കാൻ ഇടയായി. ഈ അവസരത്തിൽ അൽഫോൻസാമ്മയ്ക്കു ലഭിച്ച രോഗശാന്തിയെപ്പറ്റി അവളുടെ മൊഴി 1937 മാർച്ചു് മൂന്നാം തീയതി ക. നി. മു. സ. വലേരിയനച്ചൻ രേഖപ്പെടുത്തിയിട്ടുണ്ടു്.

മേൽ പ്രസ്താവിച്ച രണ്ടാമത്തെ രോഗശാന്തിക്കു ഞാൻ ദൃക്സാക്ഷിയാണു്. ഈ രോഗശാന്തിയെപ്പറ്റി ദൈവദാസി 1936 ജൂലൈ മാസത്തിൽ നല്കിയ പ്രസ്താവന വളരെ സംക്ഷിപ്തമാകയാൽ ആ സംഭവത്തിന്റെ വിശദമായ ഒരു വിവരണം ദൃക്സാക്ഷി എന്ന നിലയിൽ ഞാൻ നൽകുന്നതു് ആശാസ്യമായിരിക്കുമെന്നു കരുതുന്നു.

ദൈവദാസി 1927–ൽ മരണങ്ങാനം ക്വാരമഠംവക സെൻറ് ജോസഫ്സ് ബോർഡിംഗിൽ പ്രവേശിച്ചതു മുതൽ 1946–ൽ അവൾ ചരമഗതി അടഞ്ഞതുവരെ അവളുമായി വിവിധ നിലകളിൽ അടുത്തസമ്പർക്കം പാലിക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ടു്. ദൈവദാസിയുടെ കാനോനിക നൊവിഷ്യറ്റുകാലത്തു് ചങ്ങനാശ്ശേരി ക്വാരമഠത്തിൽ അവൾ ഉൾപ്പെടെയുള്ള നൊവീസുകളുടെ ഗുരുത്തിയായിരുന്ന ഞാൻ.

ദൈവദാസിയുടെ പ്രധാനരോഗം രക്തസ്രാവമായിരുന്നു. പൂതുക്കന്യാസ്ത്രീ ആയശേഷം ഏതാനും മാസങ്ങൾ

കഴിഞ്ഞപ്പോഴാണു് അവന്നു് ഈ രോഗം പിടിപെട്ടതു്. അതുവരെ അവന്നു് പറയത്തക്ക സുഖക്കേടുകളും ഒന്നുംതന്നെ ഇല്ലായിരുന്നു. അവളെ ഒരു ഹിന്ദുബ്രാഹ്മണനും കേരളത്തിലെ സുപ്രസിദ്ധ ആയുർവ്വേദ അഷ്ടവൈദ്യന്മാരിൽ ഒരാളും ഒരുസമയത്തു് തിരുവിതാംകൂർ ഗവണ്മെൻറിന്റെ ആയുർവ്വേദ വകുപ്പു് അദ്ധ്യക്ഷനുമായ ഒളശ്ശയിൽ (കോട്ടയത്തിനു സമീപം) ചിരട്ടമൺമൂസും വേറൊരു ഹിന്ദുബ്രാഹ്മണനും കേരളത്തിലെ സുപ്രസിദ്ധ ആയുർവ്വേദ അഷ്ടവൈദ്യന്മാരിൽ ഒരാളുമായ വയസ്കര (കോട്ടയം) പോറ്റിയും ഒരു കത്തോലിക്കാ ആയുർവൈദ്യനായ കല്ലുക്കുന്നേൽ മത്തായി വൈദ്യനും (വെള്ളിയേപ്പള്ളി മീനച്ചിൽ) മറ്റും ചികിത്സിച്ചു. എന്നാൽ രോഗം ഭേദപ്പെടുന്നതിനുപകരം ഒന്നിനൊന്നു വഷളായിവരികയാണുണ്ടായതു്. കടശ്ശി അവളെ ചികിത്സിച്ച (മേൽപ്രസ്താവിച്ച) ഒളശ്ശയിൽ വൈദ്യന്റെ അഭിപ്രായപ്രകാരം ദൈവദാസിയെ അന്നു മദർ സുപ്പീര്യറായിരുന്ന പരേതയായ ക്ലാരമ്മയും ഞാനുംകൂടി എറണാകുളത്തു ജനറലാശുപത്രിയിൽകൊണ്ടുചെന്നു താമസിപ്പിച്ചു ചികിത്സിപ്പിച്ചു. പരേതരായ ഡോക്ടർ റാവു (ചീഫ് മെഡിക്കൽ ഓഫീസർ കൊച്ചിൻ സ്റ്റെയിററ്) ഡോക്ടർ സി. എൽ. ജോസഫ് എന്നിവരുടെ നിർദ്ദേശപ്രകാരം പരേതയായ ലേഡി ഡോക്ടർ മിസ്സസ് ഫ്രാൻസീസ് ആണു് ഓപ്പറേഷൻ ചെയ്തതു്. ഓപ്പറേഷനുശേഷം ഏതാനും ദിവസം അനങ്ങാതെ കിടക്കണമെന്നു് ഡോക്ടർ നല്കിയ നിർദ്ദേശം പാലിക്കാൻ ദൈവദാസിക്കു സാധിക്കാതെവന്നു. തന്റെ കന്യാവ്രതം അഭംഗമായി പാലിക്കുന്നതിനായി ആ ആശുപത്രിയിൽ ഒരു അസിസ്റ്റൻറു ഡോക്ടറായിരുന്ന ഒരു ദുഷ്പ്രലോഭകനെ ബലമായി പ്രതിരോധിക്കേണ്ടി വന്നതിനാൽ ശസ്ത്രക്രിയ ഏറെക്കുറെ വിഫലമായിത്തീർന്നു. ഏതോ പഥ്യക്കേടുണ്ടായി എന്നു മാത്രമെ ഇതര ഡോക്ടർമാരും നേഴ്സുമാരായ (ഉപവിയുടെ) കന്യാസ്ത്രീകളും ഞങ്ങളും മനസ്സിലാക്കിയുള്ളൂ. രോഗത്തിനു പറയത്തക്ക ശാന്തി ലഭിക്കാതെ ഏകദേശം ഒരു മാസത്തെ ചികിത്സയ്ക്കുശേഷം ദൈവദാസി മരണ

ങ്ങാനത്തിനു മടങ്ങി. അന്നു ഭരണങ്ങാനം ക്ലാരമഠത്തി ലെ മദർ സുപ്പീര്യർ ബ. ക്ലാരമ്മയും (മേക്കാട്ട്) മദർ ജനറൽ ബ. ബിയാട്രീസമ്മ (വാലേക്കളം പുളിങ്കുന്ന്) യും ആയിരുന്നു. തുടന്ന് ഒന്നരണ്ട കൊല്ലത്തേയ്ക്ക് ഒളശ്ശ യിലെ ചികിത്സ ചെയ്തതിന്റെ ഫലമായി രോഗത്തിനു അല്പം ശമനമുണ്ടായി. ഈ സ്ഥിതിയിൽ ദൈവദാ സിയെ വാകക്കാട്ട സ്കൂളിൽ 1932–ൽ ഉണ്ടായ ഒരു ഒഴി വിൽ താല്ക്കാലിക അദ്ധ്യാപികയായി നിയമിച്ചു. അ വിടെവച്ചു വയറ്റിൽ അസുഖം വർദ്ധിച്ചു. ആ സ്കൂൾ വർഷം അവസാനത്തോടെ ദൈവദാസി വാകക്കാട്ട നിന്നും കാൽനടയായി കുന്നംമലയും കയറി ഭരണങ്ങാ നത്തിനു യാത്രചെയ്തതിന്റെ ഫലമായി രക്തസ്രാവം 1933–ൽ വളരെ ശക്തിപ്പെട്ടു.

ദേഹമാസകലം അനുഭവിച്ച വേദനാ കാണികളുടെ കരളലിയിക്കുന്നതായിരുന്നു. കിടക്കുവാനൊ ഇരിക്കു വാനൊ നില്ക്കുവാനൊ പാടില്ലാത്തവിധം ദൈവദാസി യെ അലട്ടിയിരുന്ന, വേദനയുടെ ഉഗ്രത യാൽ അവശംകു മൂന്നു മാസത്തോളം അശേഷം ഉറങ്ങുവാൻ സാധിച്ചിരു ന്നില്ല. ചില ദിവസങ്ങളിൽമാത്രം അല്പം ആഹാരം കഴി ക്കുവാനേ സാദ്ധ്യമായിരുന്നുള്ളു. മേൽ പ്രസ്താവിച്ച ഒളശ്ശ നിർദ്ദേശിച്ച ചികിത്സയും വേണ്ട പരിചരണങ്ങളും നട ത്തിയതിന്റെ ഫലമായി മൂന്നുമാസം കഴിഞ്ഞപ്പോഴേ സ്വല്പം ആശ്വാസം ലഭിക്കയുണ്ടായി. ചങ്ങനാശ്ശേരി രൂപതയിലെ ക്ലാരസഭക്കാരായ നവസന്ന്യാസികളുടെ കാനോനിക–നൊവീഷ്യറ് 1934–ൽ ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ ആരംഭിച്ചു. നൊവീസ് മിസ്ട്രസായി എന്നെ നിയമിച്ചു. മറ്റു സഹോദരികളുടെ കൂട്ടത്തിൽ അക്കൊല്ലം നൊവീഷ്യറിനു പോകുന്നതിന് ദൈവ ദാസി ആത്മാർത്ഥമായി ആഗ്രഹിച്ചു. എന്നാൽ നൊവീ ഷ്യറിലെ കർക്കശമായ ജീവിതരീതിക്കാവശ്യമുള്ള ശരീരസുഖം അവശംക്കില്ലാതിരുന്നതിനാൽ അധികാ രികം അവളെ നൊവീഷ്യറിലേയ്ക്കയച്ചില്ല.

നൊവീഷ്യറു കഴിക്കാൻ വേണ്ടസുഖം ഉണ്ടാകണ മെങ്കിൽ ദൈവം പ്രത്യേകം കടാക്ഷിക്കണമെന്നായിരു ന്ന അധികാരികളം പറഞ്ഞതു്.

നൊവീഷ്യറിൽ പ്രവേശിക്കുന്നതിനുവേണ്ട ആ രോഗ്യം കിട്ടുന്നതിനു് ദൈവദാസി തീവ്രമായി പ്രാർത്ഥി ച്ചു. ഒരു കൊല്ലം കഴിഞ്ഞതിനോടെ അവളുടെ ആരോ ഗ്യം സ്വല്പം അഭിവൃദ്ധിപ്പെട്ടതിനാൽ അവളുടെ തീവ്ര മായ ആഗ്രഹത്തെ പരിഗണിച്ചു് അവളേയും പിറെ ക്കൊല്ലം 1935–ൽ നൊവീഷ്യറിലേയ്ക്കയച്ചു.

അൽഫോൻസാ 1935 ആഗസ്റ്റു് മാസത്തിൽ നൊ വീഷ്യറിൽ പ്രവേശിച്ചു. നൊവീഷ്യറിലെ നിഷ്കൃ ഷ്ടമായ പ്രതിദിനപരിപാടി അനുസരിച്ചു് അവർ ഏ റ്റം തീക്ഷ്ണതയോടും ഉത്സാഹത്തോടും ഒരാഴ്ചത്തേയ്ക്കു് കൂട്ട ക്രമങ്ങളിൽ സംബന്ധിച്ചു. എന്നാൽ ഒരാഴ്ചകഴിഞ്ഞ പ്പോഴം അവം രോഗബാധിതയായി ശയ്യയെ അവലം ബിക്കുവാൻ നിർബന്ധിതയായി. ഈ രോഗത്തിനു് വയറിൽ നിന്നാണു് സാധാരണ രക്തപ്രവാഹം ഉണ്ടാ കുന്നതു്. എന്നാൽ അൽഫോൻസാക്കു് വയറിൽനിന്നു മാത്രമല്ല സാധാരണ പതിവില്ലാത്തവിധം കണ്ണിൽകൂടി യും വായിൽകൂടിയും മൂക്കിൽകൂടിയും ചിലപ്പോഴം ചെ വിയിൽകൂടിയും രക്തം പ്രവഹിച്ചുതുടങ്ങി. അതോടുകൂ ടി വലത്തുകാലിന്റെ തുടയിൽ മുകംഭാഗത്തു് അകവ ശത്തായി ഒരു വ്രണവുമുണ്ടായി. ആകപ്പാടെ രോഗിണി വലിയ അവശതയിലായി. ഒളശ്ശ വടക്കുംമുറി പോത്ത ച്ചൻ ഒരു കത്തോലിക്കനും അലോപ്പതി ഡോക്ടറുമായ ജോസഫു് പൂവാട്ടിൽ (ചങ്ങനാശ്ശേരി) M.B.B.S. എന്നി വർ ചികിത്സിച്ചെങ്കിലും രോഗത്തിനു യാതൊരാശ്വാസ വും ഉണ്ടായില്ല. രോഗിണി ഭയങ്കരമായ വേദനയാണു് അനുഭവിച്ചിരുന്നതു്. പരസഹായം കൂടാതെ യാതൊന്നും ചെയ്യുന്നതിനു് അവം പ്രാപ്തയായിരുന്നില്ല.

ഈ വിധത്തിൽ രോഗിണി നൊവീഷ്യറ്റിൽ താമസിച്ചാൽ അതു മറ്റു നവസന്യാസിനികളുടെ ക്രമാനുഷ്ഠാനങ്ങൾക്കു് പ്രതിബന്ധമാകുമെന്നു മാത്രമല്ല രോഗിണിക്കു തന്നെ നവസന്യാസപരിശീലനം പൂർത്തിയാക്കുവാൻ സാധിക്കുകയുമില്ല എന്നുവിചാരിച്ചു അവളെ നൊവീഷ്യറ്റിൽനിന്നും ഭരണങ്ങാനം മഠത്തിലേയ്ക്കു തിരിച്ചയയ്ക്കുന്നതിനു് നൊവീസ് മിസ്ട്രസ് ആയ ഞാൻ വേണ്ട ആലോചനകളും നടത്തുകയും വേണ്ട അനുവാദത്തിനായി ഞങ്ങളുടെ ശ്രുപതാധികാരി ആയിരുന്ന കാളാശ്ശേരിൽ മെത്രാനച്ചൻ തിരുമേനിയെ ബോധിപ്പിക്കുകയും ചെയ്തു. വന്ധ്യപിതാവു രോഗിണിയെ സന്ദർശിച്ചു് അവളുടെ രോഗസ്ഥിതിയും വിശിഷ്യാ അവളുടെ ആദ്ധ്യാത്മിക ചൈതന്യവും ഗ്രഹിച്ചതിന്റെ ഫലമായി അവളെ അവിടെത്തന്നെ കിടന്നുകൊള്ളട്ടെ അവളെ തിരിച്ചയക്കണ്ട അവൾ മരിക്കുന്നെങ്കിൽ മരിച്ചുകൊള്ളട്ടെ'' എന്നു കല്പിച്ചു.

രോഗം മൂർദ്ധന്യാവസ്ഥ പ്രാപിച്ചിട്ടു് പലമാസങ്ങൾ കഴിഞ്ഞു. രക്തപ്രവാഹം വർദ്ധിച്ചുകൊണ്ടിരുന്നു. അനങ്ങുകയൊ തിരിയുകയൊ ചെയ്താൽ രക്തംപ്രവഹിച്ചിരുന്നു. രോഗിണി അത്യന്തം അവശയായി പരസഹായം കൂടാതെ ഒന്നുതിരിഞ്ഞുകിടക്കുന്നതിനുപോലും അവൾക്കു കഴിഞ്ഞിരുന്നില്ല. മേല്പറഞ്ഞ വൈദ്യന്മാരും ഡോക്ടർമാരും അവളെ കൈവിട്ടു. ചികിത്സകൊണ്ടു യാതൊരു പ്രയോജനവും ഇല്ലാതിരിക്കുന്നതിനാൽ മരുന്നുകളും നിറുത്തി. ഒരത്ഭുതംകൊണ്ടല്ലാതെ രോഗിണിക്കു സുഖലബ്ധി ഉണ്ടാകയില്ലെന്നു് ഞങ്ങൾക്കെല്ലാവർക്കും ബോദ്ധ്യമായി.

കേരളസുറിയാനി കർമ്മലീത്താസഭയുടെ സ്ഥാപകനും പാവനചരിതനുമായി 1811–ൽ കാലംചെയ്ത ചാവറ കുര്യാക്കോസച്ചന്റെ പുണ്യകീർത്തിയേയും മദ്ധ്യസ്ഥശക്തിയേയും പറ്റിയുള്ള പ്രസിദ്ധി പ്രചരിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കേരളസുറിയാനി കർമ്മലീത്താസഭയി

ലെ എല്ലാ ആശ്രമങ്ങളുടെയും പൊതുപ്രിയോരായി സഭ
യെ ഭരിച്ചിരുന്നു. തന്നിമിത്തം അദ്ദേഹം സാധാരണയാ
യി അറിയപ്പെട്ടിരുന്നതു് 'വലിയ പ്രിയോരച്ചൻ' എന്ന
പേരിലാണു്. ദൈവദാസി അൽഫോൻസാമ്മയും ഞ
ങ്ങളും എല്ലാവരും കുര്യാക്കോസു് ഏലിയാസച്ചനെ ''വ
ലിയ പ്രിയോരച്ചൻ'' എന്നാണു പറഞ്ഞിരുന്നതു്. പ്ര
സ്തുത സഭയിലെ ഒരു ദഫ്നിത്തോർ ജനറാളും ചെത്തി
പ്പുഴ കമ്മലീത്താ ആശ്രമത്തിലെ വൈദിക വിദ്യാർത്ഥി
കളുടെ ഗുരുവുമായിരുന്ന പെ. ബ. ളൂയീസച്ചൻ (Fr.
Aloysius of St. Joseph) പെരുമാലി മാന്നാനം, അ
ക്കാലത്തു് ചങ്ങനാശ്ശേരി ക്വാരമഠത്തിലെ നോവീസുക
ളുടെ ആദ്ധ്യാത്മീകോപദേഷ്ടാവും ഗുരുവുമായിരുന്നു. കു
ര്യാക്കോസു് ഏലിയാസച്ചന്റെ വലിയ ഭക്തനായിരു
ന്നു. അദ്ദേഹം അൽഫോൻസാമ്മയുടെ രോഗശമനത്തി
നു് കുര്യാക്കോസു് ഏലിയാസച്ചന്റെ മാദ്ധ്യസ്ഥം തേ
ടുന്നതിനു് ഉപദേശിക്കുകയും ഒരു പ്രാർത്ഥന ദൈവദാസി
ക്കുകൊടുക്കുകയും ചെയ്തു.

ദൈവദാസന്റെ ഒരു ഛായാപടവും പെ. ബ.
ളൂയീസച്ചൻ അൽഫോൻസാമ്മയ്ക്കു നല്കി. അവർ അതു
വലിയ വിശ്വാസത്തോടും ഭക്തിയോടുംകൂടെ സ്വീക
രിച്ചു് തലയണയുടെ അടുത്തുവച്ചു് പ്രാർത്ഥിച്ചിരുന്നു.
''ആ പടം കണ്ടപ്പോൾ തുടങ്ങി എനിക്കു എന്തെന്നി
ല്ലാത്ത ഒരു വിശ്വാസവും ഭക്തിയും അദ്ദേഹത്തോടു തോ
ന്നി. അന്നുമുതൽ അതിൽ ഒന്നു ഞാൻ എടുത്തു എന്റെ
അരികെവച്ചു് എപ്പോഴും മുത്തി അദ്ദേഹത്തോടു നമസ്ക
രിച്ചുംകൊണ്ടു് കിടന്നുറങ്ങിയിരുന്നു'' എന്നാണു ദൈവ
ദാസി പ്രസ്താവിച്ചിട്ടുള്ളതു്.

ദൈവദാസിയുടെ പ്രപിതാമഹ സഹോദരനും
കുര്യാക്കോസു് ഏലിയാസച്ചന്റെ സമകാലീനനുമായി
രുന്ന ബ. മുട്ടത്തുപാടത്തു വക്കീ അച്ചൻ കുര്യാക്കോസു്
ഏലിയാസച്ചന്റെ തലമുടി ക്ഷുരകൻ വെട്ടിയതിൽ
നിന്നും കുറെ തലമുടിനാരുകളും രഹസ്യമായി കൈവശ

പ്പെടുത്തി. സ്വർണ്ണനൂൽകൊണ്ടു കെട്ടി രജതനിർമ്മിതമായ ഒരു അരുളിക്കായിൽ പാവനമായി സൂക്ഷിച്ചിരുന്നു. ബ. വർക്കിയച്ചന്റെ മരണത്തോടുകൂടി ആ അരുളിക്കാ അദ്ദേഹത്തിന്റെ അനന്തിരവനും ദൈവദാസിയുടെ പിതാമഹ സഹോദരനുമായ പരേതനായ ബ. മുട്ടത്തുപാടത്തു് യൗസേപ്പച്ചനു ലഭിച്ചു. അതു അദ്ദേഹം പാവനമായി സൂക്ഷിച്ചിരുന്നു. വിവരം പെ. ബ. ളയീസച്ചൻ അറിഞ്ഞിരുന്നു. ബ. യൗസേപ്പച്ചനോടു ചോദിച്ചു ആ അരുളിക്കാ വാങ്ങി അൽഫോൻസാമ്മയുടെ കിടക്കയ്ക്കു സമീപംവച്ചു് പ്രാർത്ഥിക്കുന്നതിനു് പെ. ബ. ളയീസച്ചൻ എനിക്കു നിർദ്ദേശം തന്നു. അതനുസരിച്ചു ഞാൻ ബ. മുട്ടത്തുപാടത്തച്ചനു് ഒരു കത്തയച്ചു. അതു കിട്ടിയ ഉടനെ അദ്ദേഹം ആ അരുളിക്കായുംകൊണ്ടു് ചങ്ങനാശ്ശേരി ക്ലാരമഠത്തിൽവന്നു് അതു് എന്നെ ഏല്പിക്കുകയും ആ അരുളിക്കാ ചുംബിച്ചുംകൊണ്ടു് അൽഫോൻസാ പ്രാർത്ഥിക്കട്ടെ, അവളുടെ സുഖക്കേടു് ആ പ്രാർത്ഥനമൂലം പൂർണ്ണമായി സുഖപ്പെടുമെന്നു അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തു. ആകയാൽ കുര്യാക്കോസച്ചന്റെ പടത്തോടുകൂടി അദ്ദേഹത്തിന്റെ തലമുടി സൂക്ഷിച്ചിരുന്ന അരുളിക്കായും അൽഫോൻസാ ചുംബിച്ചു പ്രാർത്ഥിച്ചിരുന്നു. രക്തസ്രാവം സുഖപ്പെടുന്നതിനായി കുര്യാക്കോസു് ഏലിയാസച്ചനോടു ഒരു നൊവേന ആരംഭിച്ചു. അൽഫോൻസാ തനിച്ചും മറ്റു നവസന്യാസിനികളും കൂട്ടമായും നൊവേന കഴിച്ചിരുന്നു. നൊവേന തുടങ്ങിയിട്ടും രോഗം ശമിക്കുന്നതിന്റെ ലക്ഷണങ്ങളും കണ്ടില്ല. ദിനം ഒന്നിനൊന്നു വർദ്ധിച്ചുവരുന്നതായി തോന്നിയെങ്കിലും ദൈവദാസിയും ഞങ്ങളും അത്യന്തം പ്രതീക്ഷയോടുകൂടി നൊവേന തുടർന്നിരുന്നു.

ഏതു സമയത്തും മരിക്കത്തക്ക അവശതയിൽ ദൈവദാസി എത്തിയിരുന്നതിനാൽ ഞാൻ പകലും രാത്രിയിൽപ്പോലും കൂടെക്കൂടെ ദൈവദാസിയുടെ കിടക്കയ്ക്കു സമീപംപോയി നോക്കാറുണ്ടായിരുന്നു. അപ്പോഴൊക്കെ

നന്നാ അടുത്തുനോക്കിയാൽ മാത്രമേ ജീവൻ ഉണ്ടോ എന്നറിയുവാൻ കഴിഞ്ഞിരുന്നുള്ളൂ.

നൊവേനയുടെ ഒൻപതാം ദിവസം രാത്രി ഏകദേശം മൂന്നു മണിയോടെ അൽഫോൻസാമ്മയുടെ മുറിയിൽ നിന്നും ആരോ സംസാരിക്കുന്നതു് സമീപസ്ഥമായ എന്റെ മുറിയിൽ ഞാൻ കേട്ടു. പെട്ടെന്നു് വല്ല പാരവശ്യവും അൽഫോൻസായ്ക്കുണ്ടായതിനാൽ അൽഫോൻസാമ്മയുടെ സമീപത്തു രോഗശുശ്രൂഷയ്ക്കായി കിടന്നിരുന്ന സഹനൊവീസായ സഹോദരി ളൂയീസാ (ഓലിക്കരകുമ്പനാടം) ഇപ്പോഴും കുമ്പനാടം ക്ലാരമഠത്തിന്റെ ശ്രേഷ്ഠത്തി, എഴുന്നേറ്റു സംസാരിക്കുന്നതായിരിക്കാമെന്നു ഞാൻ ഊഹിച്ചു. കഠിന മിണ്ടാടക്കസമയമായ പാതിരായ്ക്കു് മറ്റുള്ളവർ കേൾക്കത്തക്കവണ്ണം ഉച്ചസ്വരത്തിൽ സംസാരിച്ചതിൽ അസ്വസ്ഥയായി ഞാൻ ഉടനെ അൽഫോൻസാമ്മയുടെ മുറിയുടെ വാതുക്കൽ ചെന്നു നോക്കി. അപ്പോഴും ളൂയീസായും അൽഫോൻസായും ഉറങ്ങുന്നതായിട്ടാണു കണ്ടതു്. ഞാൻ അൽഫോൻസായുടെ കിടക്കയുടെ അടുത്തുചെന്നു. അവൾ ഉറങ്ങുകയായിരുന്നെങ്കിലും എന്തോ സംസാരിച്ചുകൊണ്ടിരുന്നു. ചില ആംഗ്യങ്ങളും അവൾ കാണിച്ചിരുന്നു. എനിക്കു് ഒന്നും മനസ്സിലായില്ല. ഞാൻ അൽഫോൻസായെ വിളിച്ചുണർത്തി മിണ്ടാടക്കസമയത്തു് സംസാരിക്കുന്നതെന്താണെന്നു ചോദിച്ചു. അപ്പോൾ അവൾ എന്നോടു് ''ഇതാ വലിയ പ്രിയോരച്ചൻ'' വന്നിരിക്കുന്നു ഗ്രഹിത്തിയമ്മ കാണുന്നില്ലേ? ഞാൻ ആശീർവ്വാദം അപേക്ഷിക്കട്ടെയെന്നു പറഞ്ഞുകൊണ്ടു് തനിയെ എഴുന്നേറ്റിരുന്നു. അപ്പോഴത്തെ അൽഫോൻസായുടെ സംസാരവും ആംഗ്യങ്ങളും കൃത്യാക്കോസച്ചനെ നേരിട്ടു കണ്ടു സംസാരിക്കുന്ന ഒരാളിന്റേതുതന്നെ ആയിരുന്നു. അൽഫോൻസാ തുടർന്നു് എന്നോടിപ്രകാരം പറഞ്ഞു. ''എന്റെ ദീനം സുഖമായി വലിയ പ്രിയോരച്ചൻ ഇവിടെവന്നു. ഞാൻ കണ്ടു എന്നെ ആശീർവ്വദിച്ചു. എന്നെ തൊട്ടു. ഈ ദീനം സുഖമായിരിക്കുന്നു. ഇനിമേലിൽ ഈ രോഗം നിനക്കുണ്ടാകയില്ല.

എങ്കിലും നീ മറ്റു പലവിധ രോഗങ്ങളാൽ എന്നും പീഡിപ്പിക്കപ്പെട്ടും'' എന്നും എന്നോട് പറഞ്ഞു. ഒരു പക്ഷെ ഇതു് എന്റെ വെറും തോന്നലോ സ്വപ്നമോ ആയിരിക്കാം. എന്നാൽ എനിക്കിപ്പോഴും ഒരു വിഷമവും ഇല്ല. രക്തപ്രവാഹം നിന്നു. തുടയിലുണ്ടായിരുന്ന വ്രണവും കരിഞ്ഞിരിക്കുന്നു.

അൽഫോൻസാ ഇവിടെ 'വലിയപ്രിയോരച്ചൻ' എന്നു പറഞ്ഞിരിക്കുന്നതു് ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ ഉദ്ദേശിച്ചാണു് എന്നു പറയേണ്ടതില്ലല്ലൊ.

അൽഫോൻസാ എന്നോടിപ്രകാരം സംസാരിക്കുന്നതുകേട്ടു് രോഗശുശ്രൂഷകയായിരുന്ന ളയീസാ ഉറക്കം തെളിഞ്ഞു് എഴുന്നേറ്റു് എന്റെ നിർദ്ദേശപ്രകാരം ളയീസാ അൽഫോൻസായുടെ തുടയിൽ അതുവരെ പഴുത്തുപൊട്ടിയൊഴുകിക്കൊണ്ടിരുന്ന വ്രണം പരിശോധിച്ചു നോക്കിയതിൽ അതു പൊട്ടുന്നതിനവെ കരിഞ്ഞിരിക്കുന്നതായിക്കണ്ടു. തിരിയുകയൊ മറിയുകയൊ ചെയ്യുമ്പോഴും രക്തം പ്രവഹിച്ചിരുന്നതു്, അപ്പോഴും അൽഫോൻസാ എഴുന്നേറ്റു നടന്നിട്ടും ഉണ്ടായുമില്ല. ആകയാൽ അൽഫോൻസാസ്സു് ആ പാതിരാസ്സു് പൂർണ്ണരോഗശാന്തി ലഭിച്ചതായി. എനിക്കും ളയീസാസ്സും ബോദ്ധ്യമായി.

ഇങ്ങനെ അൽഫോൻസായോടൊന്നിച്ചു് ഞാനും ളയീസായും കപ്പേളയിൽപോയി കുറെനേരം ഉപകാരസ്മരണചെയ്തു. അതിനുശേഷം ഞങ്ങളും മൂവരുംപോയി കിടന്നു.

പിറെറ ദിവസം രാവിലെ ഉണർത്തുമണി അടിച്ചപ്പോഴും എല്ലാവരും ഉണർന്നു. മുഖം കഴുകാൻ വന്നപ്പോഴും അവശയായി അനങ്ങാൻ പാടില്ലാതെ കിടന്നിരുന്ന അൽഫോൻസാ എഴുന്നേറ്റു മുഖം കഴുകുന്നതും പിന്നീടു കപ്പേളയിൽപോയി വി. കുർബാന കാണുന്നതും സ്വീകരിക്കുന്നതും പ്രഭാതഭക്ഷണം കഴിക്കുന്നതും കൂട്ടുസഹോ

ദരികം കണ്ടു വിസ്മയിച്ചു. പ്രഭാതക്ഷേണശേഷം ഞാൻ സഹോദരികളോടു് അൽഫോൻസാസ്സു് കുര്യാക്കോസു് ഏലിയാസച്ചന്റെ മാദ്ധ്യസ്ഥംമൂലം രാത്രി പൊട്ടന്നന വേ രോഗശാന്തി ലഭിച്ചുവെന്നു പറഞ്ഞു. തലേദിവസം രാത്രി എല്ലാവരും ഉറങ്ങാൻ പോകുന്നതുവരെ അവശ യായി ക്ഷേണം കഴിക്കുന്നതിനും പരസഹായം കൂടാതെ നടക്കുന്നതിനും എഴുന്നേൽക്കുന്നതിനും അനങ്ങുന്നതിനു പോലും പാടില്ലാതെ കിടന്നിരുന്ന ദൈവദാസിയുടെ ആഗ്രഹം അനുസരിച്ചു് കുര്യാക്കോസച്ചൻ അവരുക്കു പ്ര ത്യക്ഷനായ വിവരം പറയുകയുണ്ടായില്ല. പിന്നീടു പെ. ബ. ല്ലയീസച്ചന്റെ നിർദ്ദേശപ്രകാരം ദൈവദാസി തനി ക്കു ലഭിച്ച രോഗശാന്തികളേയും ദർശനങ്ങളേയുംപററി വിനയസമ്പൂർണ്ണവും വളരെ ചുരുങ്ങിയതുമായ ഒരു പ്ര സ്താവന എഴുതി. അതു ഞാൻ കാണുകയും അതിൽ പറ ഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം വാസ്തവമാണെന്നു് ആ പ്രസ്താവനയുടെ അടിയിൽ 1936 ജൂലൈ 10-ാം തീയതി ഞാൻ സാക്ഷ്യപ്പെടുത്തുകയുംചെയ്തു. ഈ പ്രസ്താവനയി ലുള്ള രണ്ടാമത്തെ രോഗശാന്തിയാണു് രക്തസ്രാവം സു ഖപ്പെട്ടതു്. ഇതിനാണു് ഞാൻ ദൃക്സാക്ഷിയായിരു ന്നതും. വന്ദ്യമെത്രാനച്ചൻ അൽഫോൻസാമ്മയുടെ പെ ട്ടെന്നുണ്ടായ രോഗശാന്തിയും അതിന്റെ കാരണവും അറിഞ്ഞു വളരെ സന്തോഷിക്കുകയും കുര്യാക്കോസു് ഏലിയാസച്ചന്റെ വിശുദ്ധിയുടെ ഒരു തെളിവായി ഈ അത്ഭുതരോഗശാന്തിയെ പരിഗണിക്കുകയും ചെയ്തു.

ദൈവദാസിക്കു മേൽവിവരിച്ച വിധത്തിൽ പൊ ട്ടന്നനവേ ഉണ്ടായ രോഗശാന്തിക്കു (രക്തസ്രാവം സുഖ പ്പെട്ടതും വ്രണം കരിഞ്ഞതും) ഞാനും സഹോദരി ല്ലയീ സായും മാത്രമല്ല, അൽഫോൻസായുടെ സഹനൊവീസു കളായി ഇന്നും ജീവിച്ചിരിക്കുന്ന സഹോദരി അനസ്താ സിയ (ചങ്ങനാശ്ശേരി ശ്രുപത ക്കാരമംങ്ങലുടെ ഇപ്പോഴ ത്തെ പൊതുശ്രേഷ്ഠത്തി) സി. മർത്തീന മണിയംകുന്നു മഠാംഗം, വില്യന്താനം അമ്പാറനിരപ്പേൽ, സി. സെല സ്റ്റീനാ തീക്കോയി, കൊച്ചുകണ്ടത്തുംകര അരുവിത്തുറ,

സി. കൊച്ചുത്രേസ്യാ പുഞ്ചക്കുന്നേൽ പാലാ കണ്ണാടിയുറുമ്പ്, സി. മഗ്ദലീത്താ കൊഴുവനാൽ മഠം പഴയപറമ്പിൽ ആനിക്കാട്ട്, സി. റീത്താ ഭരണങ്ങാനം പുല്ലാട്ടുകുന്നേൽ മുതലായവരും അന്നു ചങ്ങനാശ്ശേരി ക്ലാരമഠത്തിലുണ്ടായിരുന്ന വ്രതാനുഷ്ഠാനം ചെയ്തുവരായ ക്ലാരമ്മ അന്നു മദർ സി. കൊച്ചുത്രേസ്യാ പറേടം, സി. മർഗ്ഗരീത്ത അത്താണിൽ, സി. ഫിലോമിനാ ചെറുകരക്കുന്നേൽ, സി. ബനീഞ്ഞ പുത്തൻപുരയ്ക്കൽ, ബ. ബ്രിജീത്താമ്മ മാമ്മൂട്ടിൽ, പ്രംസിസ്കാമ്മ, സിസ്സിലിയാമ്മ കാഞ്ഞിരത്തുങ്കൽ സി. സെലിൻ മുതലായവരും പെ. ബ. ളൂയീസച്ചനും മറ്റും സാക്ഷികളാണ്. റവ. ഫാ. റോമളൂസ് എഴുതിയ അൽഫോൻസാമ്മ എന്ന പുസ്തകത്തിൽ 27, 28 എന്നീ പക്ഷങ്ങളിൽ രക്തസ്രാവത്തിൽനിന്നും അൽഫോൻസാമ്മ വിമുക്തി പ്രാപിച്ചതിന്റെ ഒരു ചുരുങ്ങിയ വിവരണം നൽകിയിട്ടുണ്ട്.

രക്തസ്രാവം ദൈവദാസിയെ അഞ്ചുകൊല്ലത്തോളം പീഡിപ്പിച്ചിരുന്നു എന്നും ചികിത്സകംകൊണ്ടു പ്രയോജനം ലഭിക്കാതെ രോഗംവർദ്ധിച്ചു ദൈവദാസി മരണവക്ത്രത്തിൽ എത്തിയപ്പോഴാണ് അവസ്കുലർ ഒരു നിമിഷംകൊണ്ടു രക്തസ്രാവത്തിൽനിന്നും വ്രണത്തിൽനിന്നും ശാന്തി ലഭിച്ചുതെന്നും മേൽപ്രസ്താവിച്ചുവല്ലോ. ഈ രോഗശാന്തി പരിപൂർണ്ണവും ശാശ്വതവും ആയിരുന്നു. കുര്യാക്കോസ് ഏലിയാസച്ചൻ അറിയിച്ചപ്രകാരം രക്തസ്രാവം ഇതിനുശേഷം അവസ്കുലർ ഒരിക്കലും ഉണ്ടായിട്ടില്ല. മറ്റു സുഖക്കേടുകളാണ് അവസ്കുലർ ഉണ്ടായതു്.

ഈ രോഗശാന്തി ചാവറ കുര്യാക്കോസ് ഏലിയാസച്ചൻമൂലം ലഭിച്ചതാണെന്നാണ് ദൈവദാസിയുടെയും ഞങ്ങടെ എല്ലാവരുടേയും ഉത്തമബോദ്ധ്യം. തന്നിമിത്തം കുര്യാക്കോസ് ഏലിയാസച്ചന്റെ നാമകരണം സാധിച്ചു കിട്ടുന്നതിനു് ദൈവദാസി പ്രത്യേകവിധം പ്രാർത്ഥിച്ചിരുന്നു.

ദൈവദാസി രോഗവിമുക്തയായി നിത്യവ്രതവാ ശാരം കഴിഞ്ഞു് ഭരണങ്ങാനത്തു് എത്തിയശേഷം ദൈവദാസിയുടെ ആഗ്രഹപ്രകാരം പരേതനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ പൂജ്യാവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്ന മാന്നാനത്തു പോകുകയും കുറിമാടം സന്ദർശിച്ചു് ഉപകാരസ്മരണ ചെയ്കയുംചെയ്തു.

ഭരണങ്ങാനം മഠം
1956 മാർച്ചു് 19

Sr. M. Ursula of S. M.
പാലാ ത്രൂപതയിലെ
ക്ലാരമഠങ്ങളുടെ മദർ ജനറൽ

സി. എമിറിച്ചു് കൊളത്തിനാൽ, നരിയങ്ങാനം

(വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുമായി ഒരുമിച്ചു് താമസിച്ചിട്ടുണ്ടു്. ചാവറപ്പിതാവിന്റെ കബറിടത്തിങ്കൽ വാഴ്ത്ത. അൽഫോൻസാമ്മയുമായി വന്ന പ്രാർത്ഥിച്ചിട്ടുണ്ടു്. 1955–ൽ ഭരണങ്ങാനം മഠത്തിൽ ജീവിച്ചിരുന്ന കാലത്താണു് ഈ എഴുത്തു് എഴുതുന്നതു്. ഇപ്പോൾ ജീവിച്ചിരിപ്പില്ല.)

ഭരണങ്ങാനം ക്ലാരമഠത്തിലെ റവ. സി. എമിറിച്ചു നൽകുന്ന പ്രസ്താവന.

ദൈവം സാക്ഷിയായി ബ. അൽഫോൻസാമ്മയെ സംബന്ധിച്ചു് എനിക്കു നേരിട്ടും പുസ്തകം വഴിയായും മറ്റുള്ളവരിൽനിന്നും അറിയാവുന്നവ എഴുതുന്നു. അൽഫോൻസാമ്മ ബോർഡിംഗിൽ വന്നനാൾ മുതൽ എന്നെ ആശ്വസിപ്പിച്ചിരുന്നു.

ബ. ഏലിയാസച്ചന്റെ സഹായത്താൽ ദീനം സുഖപ്പെട്ടതിനു് ഉപകാരസ്മരണ ചെയ്യുന്നതിനായി അൽ

ഫോൻസാമ്മയെ മാന്നാനത്തിനയച്ചു. ഞാനാണു കൂട്ടിക്കൊണ്ടുപോയതു്. അവിടെച്ചെന്നു് അദ്ദേഹത്തിന്റെ കബറിടത്തിങ്കൽ മുട്ടുകുത്തിനിന്നു് ആ സഹോദരി ഒരു മാലാഖയെപ്പോലെ പ്രാർത്ഥന തുടങ്ങി. ഏറെനേരം മുട്ടുകുത്തി നില്ക്കുന്നതു കണ്ടു് ഇരുന്നുകൊണ്ടു പ്രാർത്ഥിക്കാൻ ഞാൻ പറഞ്ഞു. അതനുസരിച്ചു എങ്കിലും അല്പം കഴിഞ്ഞു വീണ്ടും മുട്ടിന്മേൽനിന്നു പ്രാർത്ഥന തുടങ്ങി. സമയം പോയതു് അറിഞ്ഞില്ല. അതിനാൽ ഞാൻ ചെന്നു വിളിച്ചുകൊണ്ടുപോരികയാണു ചെയ്തതു്. വഴിക്കു മുട്ടുകുത്തിനിന്ന ആ സമയംപോയതോ ഞാനറിഞ്ഞില്ലായിരുന്നു എന്നു് എന്നോടു പറഞ്ഞു.

Sr. Emerich
29-1-1955

സി. അൽഫോൻസാ ഇടയാടി, അരുവിത്തുറ

(കായൽപുറം മഠാംഗം. സെൻറ് ആൻറണീസ് മഠം കാഞ്ചിയാറിൽ ആയിരിക്കുമ്പോഴാണു് ഈ എഴുത്തു് എഴുതുന്നതു്. വാഴ്ത്ത. അൽഫോൻസാമ്മയുടെ സഹനവ സന്യാസിനിയാണു്. ഇപ്പോഴും കാഞ്ഞിരപ്പള്ളി പ്രോവിൻസിൽ കാഞ്ചിയാറിൽ ആണു്.

റവ. സി. അൽഫോൻസായുടെ പ്രസ്താവന

ചങ്ങനാശ്ശേരി ക്ലാരമഠത്തിൽവച്ചു് ദൈവദാസിയായ അൽഫോൻസാമ്മയും ഞാനും (കായൽപ്പുറം മഠാംഗം) ഇപ്പോഴും കാഞ്ചിയാർ സെൻറ് ആൻറണീസ് കോൺവൻറിൽ താമസിക്കുന്ന സി. അൽഫോൻസാ (ഇടയാടി മേരി അരുവിത്തുറ) ഒരുമിച്ചു് 1935 ഓഗസ്റ്റ് 12-ൽ നൊവീസ്യാത്തിൽ പ്രവേശിച്ചു. ഏകദേശം ഒരു മാസത്തോളം ദൈവദാസി അവിടത്തെ ക്രമങ്ങളെല്ലാം

അക്ഷരശ്ശ നിറവേറ്റിയിരുന്നു. അനന്തരം ദൈവദാസിക്കു രക്തസ്രാവം എന്ന ദീനം പിടിപെട്ടു. അതിനെ തുടർന്നു് പനിയും ഉണ്ടായി. ചിലപ്പോഴം കണ്ണിൽനിന്നും മൂക്കിൽ നിന്നും വായിൽനിന്നും രക്തം ധാരാളം പുറപ്പെട്ടിരുന്നു. പല ചികിത്സകളും ചെയ്തിട്ടും യാതൊരു ഗുണവും ഉണ്ടായില്ല. ഒളശ്ശ, പൂവാട്ടി, വടക്കുംമുറി പോത്തച്ചൻ, ഇവരെക്കൊണ്ടൊക്കെ ചികിത്സിപ്പിച്ചു. യാതൊരുഗുണവും ഉണ്ടായില്ല. എന്നു മാത്രമല്ല ഒന്നിനൊന്നു ദീനം വർദ്ധിച്ചുകൊണ്ടിരുന്നു. ദീനക്കാരി വളരെ വേദന അനുഭവിച്ചുകൊണ്ടിരുന്നു.

ഇത്തരത്തിൽ രോഗിണിയെ നൊവീസ്യാത്തിൽ താമസിപ്പിക്കുന്നതു് രോഗിക്കും മറ്റു സഹോദരിമാർക്കും വിഷമവും, ബുദ്ധിമുട്ടും എന്നുകരുതി തങ്ങളുടെ അന്നത്തെ നൊവീസ് മിസ്ട്രസ് ആയിരുന്ന ബ. ഉർസുലാമ്മ (ഗുരുത്തിയമ്മ) ദൈവദാസിയെ ഭരണങ്ങാനം മഠത്തിലേയ്ക്കു് അയയ്ക്കുന്നതിനുവേണ്ട ആലോചനകളെല്ലാം ചെയ്തു. അനുവാദത്തിനായി അന്നത്തെ ശ്രൂപതാധികാരിയായിരുന്ന കാളാശ്ശേരി മാർ ജയിംസ് മെത്രാനച്ചനോടു് അപേക്ഷിക്കുകയും അദ്ദേഹം നൊവീസ്യാത്തുകാരെ സന്ദർശിക്കുന്നതിനായി വന്നപ്പോഴം ''ഞങ്ങളോടു് അൽഫോൻസാ ഇവിടെ കിടക്കുന്നതുകൊണ്ടു് വിഷമം ഉണ്ടോ? അവളെ ശ്രൂശ്രൂഷിക്കാമൊ എന്നുചോദിച്ചു'' എല്ലാവരും കൂടി ഞങ്ങം നോക്കിക്കൊള്ളാം ഞങ്ങംക്കു യാതൊരു പ്രയാസവും ഇല്ല എന്നു പറകയുംചെയ്തു.

അനന്തരം വന്ദ്യപിതാവു് തിരുമനസ്സുകൊണ്ടു് ദൈവദാസിയെ സന്ദർശിച്ചശേഷം ഗുരുത്തിയമ്മയോടു ദീനം പിടിപെട്ടു മരിച്ചാലും അവം ഇവിടെത്തന്നെ (നൊവീസ്യാത്തിൽ) കിടന്നുകൊള്ളട്ടെ എന്നുകല്പിച്ചതിനാൽ നൊവീസ്യാത്തിൽതന്നെ കഴിച്ചുകൂട്ടി.

ദീനം അടിക്കടി വർദ്ധിച്ചുകൊണ്ടു തന്നെ ഇരുന്നു. ഇതിനിടയ്ക്കു പല മദ്ധ്യസ്ഥ പ്രാർത്ഥനകളും നടത്തി. യാതൊരു ഗുണവും ഉണ്ടായില്ല. ദീനം വർദ്ധിച്ചതിനോടെ

സകല ആവശ്യങ്ങളും മുറിയിൽതന്നെ കഴിച്ചു കൂട്ടേണ്ടി വന്നു. തന്മൂലം സ്ഥിരം ദീനശുശ്രൂഷിആയി ബ. ളൂയീ സാമ്മ (ഓലിക്കര കുമ്പനാടം) യെ നിശ്ചയിക്കയും പിന്നീട് അവരുടെ സഹായത്തിനായി ആഴ്ചതോറും ഓരോ നൊവീസുകളെ മാറിമാറി നിയമിക്കുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ ദൈവദാസിക്ക് കിടക്കയിൽതന്നെ ചരിഞ്ഞുകിടക്കുന്നതിന് പരസഹായം വേണ്ടിയിരുന്നു. അനങ്ങുകയൊ, തിരിയുകയൊ വല്ലതും ചെയ്താൽ രക്തസ്രാവം വർദ്ധിക്കുമായിരുന്നു.

ഇപ്രകാരം ദീനം വർദ്ധിച്ച് എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട മരണത്തെ നോക്കിയിരിക്കുന്ന അവസരത്തിൽ ഞങ്ങളുടെ ബ. ഗുരുവച്ചൻ (ളൂയീസച്ചൻ പെരുമാലി) വലിയപ്രിയോരച്ചൻ അതായതു് ചാവറ കുര്യാക്കോസ് ഏലിയാസച്ചനോട് ഒരു നവനാൾ കഴിക്കാൻ പറകയും ആയതിനുള്ള പ്രാർത്ഥന അദ്ദേഹംതന്നെ ഞങ്ങൾക്കു തരികയും വലിയപ്രിയോരച്ചന്റെ ഒരു ഫോട്ടോ ദൈവദാസിക്കു കൊടുക്കുകയും ദൈവദാസി ആ പടംതന്റെ തലയണയുടെ അടുത്തുവയ്ക്കുകയും കൂടെക്കൂടെ എടുത്തു ചുംബിച്ചു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഞങ്ങൾ നവനാൾ പ്രാർത്ഥന ഭക്തിപൂർവ്വം കൂട്ടമായി കഴിക്കാൻ തുടങ്ങി. ദൈവദാസിയാകട്ടെ പരസഹായത്തോടെ എത്തിച്ചിരുന്നു.

നൊവേന തുടങ്ങി അഞ്ചാറു ദിവസം ആയപ്പോഴേയ്ക്കും ഇനി നൊവേന എത്തിക്കേണ്ട ഇന്നതന്നെ മരിക്കും എന്നും മറ്റും നൊവീസുകളായ ഞങ്ങൾ പരസ്പരം പറഞ്ഞുതുടങ്ങി. ഈ അവസരത്തിൽ ബ. ളൂയീസാമ്മയുടെ കൂട്ടത്തിൽ, ഞാനും (സി. അൽഫോൻസാ)കൂടി ആയിരുന്ന ശുശ്രൂഷിക്കാൻ നിയോഗിക്കപ്പെട്ടിരുന്നത്. ഞാനും വേറെ ചിലരുംകൂടി ബ. അൽഫോൻസാമ്മ ഉടനെ മരിച്ചുപോകുമെന്നും ആയതിനാൽ ഈ വിവരം ഭരണങ്ങാനം മഠത്തിലും മുട്ടുചിറപാടത്തു ബ. യൗസേപ്പച്ചനെയെങ്കിലും അറിയിക്കണമെന്നും ബ. ഗുരുത്തിയമ്മയോടു പറഞ്ഞു. അപ്പോൾ ബ. ഗുരുത്തിയമ്മ, പുറമെ ധൈര്യം നടി

ച്ചും വിഷമം കാണിക്കാതെയും ഞങ്ങളെ ധൈര്യപ്പെടുത്തിയുംകൊണ്ട് നിങ്ങൾപോയി പ്രാർത്ഥിക്കുവിൻ ആവശ്യപ്പെട്ടതെല്ലാം ഞാൻ ചെയ്തുകൊള്ളാം'' എന്നു പറഞ്ഞുവിട്ടു. ഞങ്ങൾക്കു് ആകപ്പാടെ ദുഃഖമായി.

നൊവേനയുടെ അവസാനദിവസമായതിനോടെ ശ്വാസം ഉണ്ടോ എന്നു് ഗ്രുത്തിയമ്മ മൂക്കിനുനേരെ കൈവച്ചുനോക്കിയാണു് മനസ്സിലാക്കിയതു്. 9-ാംദിവസം ദൈവദാസിയുടെ അടക്കൽനിന്നും ഞങ്ങൾ കൂട്ടക്രമങ്ങൾക്കുപോയതു് അനുസരണയെ പ്രതിയാണെങ്കിലും കരഞ്ഞുകൊണ്ടാണു്. ഞങ്ങളുടെ വിചാരം കൂട്ടക്രമം കഴിഞ്ഞുവരുമ്പോഴേയ്ക്കും ദൈവദാസി മരിക്കുമെന്നായിരുന്നു.

അന്നുരാത്രി ദൈവദാസിയുടെ അടുത്തിരിക്കുന്നതിനു് മിക്കവരും (അതായതു് സുഖമുള്ളവരെല്ലാം) ആഗ്രഹിച്ചുകൊണ്ടു് ഗ്രുത്തിയമ്മയോടു അനുവാദം ചോദിച്ചു. എന്നാൽ ഗ്രുത്തിയമ്മ അനുവാദം നിഷേധിച്ചുകൊണ്ടു് ''പതിവുപോലെ എല്ലാവരും കൃത്യസമയത്തുകിടന്നുകൊള്ളണം ദീനശ്രൂഷികയ്ക്കു അല്പസമയംകൂടി ഇരുന്നുകൊള്ളട്ടെ. വിളക്കുകെടാതെ തിരിതാഴ്ത്തിവച്ചേക്കണം എന്തെങ്കിലും ആവശ്യമുള്ളപക്ഷം ഞാൻ വിളിച്ചേക്കാം'' എന്നു ഗ്രുത്തിയമ്മ പറഞ്ഞതിനാൽ അപ്രകാരം ചെയ്തു. ഞാനും ബഹു. മൂയീസാമ്മയും കുറച്ചുസമയംകൂടി ദൈവദാസിയുടെ അടുക്കൽ ഇരുന്നശേഷം പെട്ടെന്നു് എഴുന്നേല്ക്കുത്തക്കവിധത്തിൽ അടുത്തുതന്നെ കിടന്നു. ഏകദേശം പാതിരായോടടുത്തോ അതു കഴിഞ്ഞോ എന്നു തോന്നുന്നു ദൈവദാസിയുടെ അടുത്തുനിന്നും ഒരുസ്വരം ആരോ സംസാരിക്കുന്നതുപോലെ കേട്ടു. ഞാൻ ഉടനെ എഴുന്നേറ്റു അമ്മയുടെ അടുത്തുചെന്നുനോക്കി വിളിച്ചു. ഒന്നും മിണ്ടാതെ പഴയപടിതന്നെ കിടക്കുന്നു. അടുക്കൽകിടന്ന സഹോദരിയുടെ അടുത്തുചെന്നുനോക്കിയിട്ടും അനങ്ങുന്നില്ല. എന്റെ ഉറക്കത്തിന്റെ നല്ലസമയം. അതെ പാതിരാ ആയതിനാൽ ഞാൻ വേഗംപോയിക്കിടന്നു. ഗാഢനിദ്രയിലാണ്ടു.

(പതിവുപോലെ എല്ലാവരും എഴന്നേൽക്കുന്നതിനു കാൽ മണിക്കൂർമുമ്പ് ദീനശുശ്രൂഷികയും എഴന്നേറ്റു സ്നാനം ആവശ്യാദികയും നിവ്വഹിച്ചശേഷം ഉണത്തുമണി അടിച്ച് എല്ലാവരും എഴന്നേറ്റു ഒരുങ്ങുന്ന സമയത്ത് ദീനക്കാക്ക് ചൂടുവെള്ളവും മറ്റും കൊണ്ടുവന്നുവച്ചശേഷം രോഗിയെവിളിച്ചു് എഴന്നേല്പിച്ച് അവരുടെ ആവശ്യാദികളൊക്കെ നടത്തിക്കൊടുത്തശേഷമാണ് ശുശ്രൂഷികയും കൂട്ടത്തിൽ പോകുന്നതു്). വിളിക്കാൻ കട്ടിലിന്റെ അടുത്തുവന്നപ്പോഴും ദൈവദാസി കിടക്കയിൽ ഇല്ല. ഞാൻ പരിഭ്രാന്തചിത്തയായി ളൂയീസാമ്മയോടു പറഞ്ഞു. ളൂയീസാമ്മയാകട്ടെ ഞാൻ ഗുരുത്തിയമ്മയോടു പറയാം എന്നു പതിവുപോലെ (അതായതു് ഈ ളൂയീസാമ്മ എന്തു കണ്ടാലും ഒന്നും പറകയില്ല. എപ്പോഴും എല്ലാത്തിനും സമാധാനം മൗനം) പറഞ്ഞു. ഞാൻ വേഗം കപ്പേളയിലേക്കോടി (കപ്പേളയിൽ പോകാൻ കാരണം ദൈവദാസി ദീനമായി കിടക്കുമ്പോഴും കട്ടിലിൽ ഇല്ലെങ്കിൽ ഞങ്ങടെ കൂട്ടക്രമം കഴിഞ്ഞുവരുമ്പോഴും നിശ്ചയമായിട്ടും കപ്പേളയിൽ മാത്രമെ പോയി കണ്ടിട്ടുള്ള. ആ ധാരണവച്ചു ഞാൻ അങ്ങോട്ടു പോയതാണ്.) അവിടെച്ചെന്നപ്പോഴും ദൈവദാസി നല്ല വസ്ത്രങ്ങളൊക്കെ ധരിച്ചു് (പെട്ടിയിൽ മടക്കിവച്ചിരുന്ന ഉടുപ്പുകളും) കൈകളും കൂപ്പി മുട്ടിന്മേൽ നില്ക്കുന്നതു് കണ്ട ഞാൻ അടുക്കൽചെന്നു മുട്ടുകുത്തി ''അമ്മ എഴന്നേറ്റുവാ വന്നുകിടക്കു'' എന്നു ഞാൻ പറഞ്ഞപ്പോഴും എനിക്കു നല്ല സുഖമുണ്ട് എന്നുപറഞ്ഞു. ഞാൻ വീണ്ടും ഓടി ബ. ളൂയീസാമ്മയുടെ അടുത്തുവന്നു് ദൈവദാസി കപ്പേളയിൽ നില്ക്കുന്നു. ഞാൻ വിളിച്ചിട്ടു വരുന്നില്ല ളൂയീസാമ്മകൂടിവരണമെന്നു പറഞ്ഞു. ഈ അവസരത്തിൽ ബ. ളൂയീസാമ്മ എന്നെ അനുഗമിച്ചു. ഞാൻ വീണ്ടുംചെന്നു ദൈവദാസിയെ വിളിച്ചു് കൈക്കുപിടിച്ചു വലിച്ചുകൊണ്ടു് അമ്മേ വന്നുകിടക്കു ഇതെന്തു കളിയാണു്. സുഖക്കേടു കൂടുകയില്ലേ! എന്റെ കുഞ്ഞെ എനിക്കു നല്ല സുഖമുണ്ട് പിന്നെപ്പറയാം എന്നു പുഞ്ചിരിച്ചുകൊണ്ടുപറഞ്ഞു. ഞാൻ ഗുരുത്തിയമ്മയുടെ അടുത്തുവന്നു് ദൈവദാസി കപ്പേളയിൽ പോയി നില്ക്കുന്നു. വിളിച്ചി

ട്ടുവന്നു കിടക്കുന്നില്ല എന്നുപറഞ്ഞു. അപ്പോഴും ഗ്രൂത്തിയമ്മ സുഖമുണ്ടായിട്ടായിരിക്കാം അവിടെയെങ്ങാനും നില്ക്കട്ടെ. ''സോദരി കൂട്ടത്തിൽ പൊയ്ക്കൊള്ളുക'' എന്നു പറഞ്ഞു.

ഇത്ര അവശതയിൽ കിടക്കുന്ന അല്ഫോൻസാമ്മ ഇത്രപെട്ടെന്നു എഴുന്നേറ്റു കൂട്ടത്തിൽ പോവുകയും വി. കുർബാന സ്വീകരിക്കുകയും മറ്റും ചെയ്യുന്നതു കണ്ടു് എല്ലാവരും അത്ഭുതപ്പെട്ടു. കുർബാനയും ഉപകാരസ്മരണയും കഴിഞ്ഞു് മുറിയിൽ വന്നപ്പോഴും ഞങ്ങളെല്ലാവരും അടുത്തുകൂടി. ഇതെന്തത്ഭുതമാണെന്നും മറ്റും ചോദിച്ചപ്പോഴും ദൈവദാസി ''എന്റെ സുഖക്കേടെല്ലാം പോയി എനിക്കു നല്ല സുഖമുണ്ടു്'' എന്നുപറഞ്ഞു. കൂട്ടക്രമങ്ങളിലൊക്കെ പങ്കുകൊണ്ടു. പ്രഭാതഭക്ഷണശേഷം ബ. ഗ്രൂത്തിയമ്മ ഞങ്ങളുടെ കൂട്ടത്തിൽ വച്ചു് ''കുര്യാക്കോസച്ചനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനകൊണ്ടു് അൽഫോൻസാമ്മയ്ക്കു സുഖമുണ്ടായി'' എന്നു മാത്രം പറഞ്ഞു. പിന്നീടു പ്രതാനുഷ്ഠാനം കഴിഞ്ഞുപോകുന്നതുവരെ എല്ലാ ക്രമങ്ങളിലും സംബന്ധിച്ചിരുന്നു. പിന്നീടു് ഈ സുഖക്കേടു് ഒരിക്കലും അൽഫോൻസാമ്മയ്ക്കു് ഉണ്ടായിട്ടില്ല. ഇപ്രകാരം വലിയ പ്രീയോരച്ചനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനകൊണ്ടു് ദൈവദാസിക്കു പൂർണ്ണസുഖംകിട്ടി എന്നുള്ളതിനു ഞാൻ ദൃക്സാക്ഷിയാണു്.

പ്രതാനുഷ്ഠാനത്തിനുശേഷം ഏകദേശം ഒരു കൊല്ലം കഴിഞ്ഞു് ഞാൻ ദൈവദാസിയെ കണ്ടപ്പോഴും നൊവീസ്യാത്തിൽ വച്ചു് പെട്ടെന്നു സുഖപ്രാപ്തി ഉണ്ടായ കാരണം ചോദിച്ചപ്പോഴും ''ഒരു കൊവേന്തക്കാരൻ അച്ചൻ വന്നു് എന്റെ സുഖക്കേടെല്ലാം പോയി എന്നു പറഞ്ഞതുപോലെ തോന്നി. ഇതു സ്വപ്നമോ തോന്നലോ ആയിരിക്കാം'' എന്നു ദൈവദാസി പറഞ്ഞു. അപ്പോഴും ഞാൻ നൊവീസ്യാത്തിലെ സംഭവങ്ങളെല്ലാം ഓർപ്പിച്ചു. അപ്പോഴും ദൈവദാസി എന്റെ സോദരി ആ സുഖക്കേടിൽനിന്നും ഏലിയാസച്ചൻ എന്നെ രക്ഷിച്ചു എന്നു നേരിട്ടും എന്നോടു പറഞ്ഞിട്ടുള്ളതാണു്.

ദൈവദാസിയെ മരണവക്ത്രത്തിൽനിന്നും നൊവീ
സ്യാത്തിൽവച്ച് രക്ഷിച്ചു സുഖപ്പെട്ടത്തിയ്തു് വലിയ
പ്രിയോരച്ചൻ എന്നു വിളിച്ചു വരുന്ന ചാവറ കുര്യാ
ക്കോസ് ഏലിയാസച്ചൻ തന്നെയാണ് എന്നു ഞാൻ
നേരിട്ടു കണ്ടറിഞ്ഞിട്ടുള്ളതാണ്.

എന്നു്

St. Antony's Convent
Kanchiar

Sr. Alphonsa
6–6–1958

സി. കൊച്ചുത്രേസ്യാ, പുഞ്ചകുന്നേൽ

(1958–ൽ കണ്ണാടിയുറുമ്പ് മഠത്തിൽനിന്നാണ് ഈ സാക്ഷ്യം എഴുതുന്നതു്. വാഴ്ത്തു അൽഫോൻസാമ്മയുടെ സഹനൊവീസും സഹനവസന്യാസിനിയും ആണ്. ഇപ്പോഴും കണ്ണാടിയുറുമ്പ് മഠത്തിലുണ്ട്.)

പ്രേ. മു. സ. ഉണ്ണി ഈ. സ. കൊച്ചുത്രേസ്യായുടെ
പ്രസ്താവന

Clarist Convent
Kannadiurump
27– 6– 58.

Dear Rev. Father

ദൈവദാസി അൽഫോൻസാമ്മയും ഞാനും സഹ
നൊവീസായിരുന്നു. 'അന്നു് അൽഫോൻസാമ്മയ്ക്ക്' 'വലിയ പ്രിയോരച്ചൻ' എന്നറിയപ്പെട്ടിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മദ്ധ്യസ്ഥത്താൽ രോഗശാന്തി ലഭിച്ച വിവരം ഒരു ദൃക്സാക്ഷി എന്ന നിലയിൽ പ്രസ്താവിക്കുവാൻ എനിക്കു് അതിയായ സന്തോഷമുണ്ട്.

ഞങ്ങൾ 1935 ആഗസ്റ്റു മാസത്തിൽ നൊവീഷ്യറ്റിൽ പ്രവേശിച്ചു. നൊവീഷ്യറ്റിലെ നിഷ്കൃഷ്ടമായ പ്രതിദിന പരിപാടി അനുസരിച്ചു് ഏറ്റവും തീക്ഷ്ണതയോടുകൂടിയും ഉത്സാഹത്തോടും മറ്റുള്ളവക്കു മാതൃകാപരമായ രീതിയിലും ദിവസങ്ങൾ പിന്നിട്ടു. വിധിവൈപരീത്യം എന്നേ പറയേണ്ടു ഒരാഴ്ച കഴിഞ്ഞപ്പോൾ ഭയങ്കരമായ ''രക്തസ്രാവം'' അവളെ അവശയാക്കി. അതോടുകൂടി വലത്തുകാലിന്റെ തുടയിൽ മുകൾഭാഗത്തു് അകവശത്തായി ഒരു വ്രണവും ഉണ്ടായി. പരസഹായം കൂടാതെ യാതൊന്നും ചെയ്യുന്നതിനു് അവൾ പ്രാപ്തയായിരുന്നില്ല. ഈ വിധത്തിൽ നൊവീഷ്യറ്റിൽ താമസിപ്പിച്ചാൽ അതു മറ്റു നവസന്ന്യാസികൾക്കു് ക്രമാനുഷ്ഠാനങ്ങൾക്കു പ്രതിബന്ധമായിത്തീരുമല്ലൊ എന്നു വിചാരിച്ചു് ഭരണങ്ങാനത്തേയ്ക്കു തിരിച്ചയയ്ക്കാൻവേണ്ട ആലോചനകൾ നടന്നു. എന്നാൽ അന്നത്തെ ശ്രുപതാധികാരി ആയിരുന്ന വന്ദ്യമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് അതിനു വിസമ്മതിക്കുകയാൽ നൊവീഷ്യറ്റിൽനിന്നും പുറത്തയച്ചില്ല.

പല മാസങ്ങൾ കഴിഞ്ഞിട്ടും രോഗത്തിനു യാതൊരു ശമനവും കണ്ടില്ല. രക്തപ്രവാഹം വർദ്ധിച്ചുകൊണ്ടിരുന്നു. വായിൽക്കൂടിയും മൂക്കിൽക്കൂടിയും രക്തം ധാരാളം പ്രവഹിച്ചു തുടങ്ങി. അനങ്ങുകയൊ, തിരിയുകയൊ ചെയ്താൽ രക്തം പ്രവഹിച്ചിരുന്നു. പരസഹായം കൂടാതെ ഒന്നു തിരിഞ്ഞു കിടക്കുന്നതിനുപോലും കഴിഞ്ഞിരുന്നില്ല. ഡോക്ടർമാരും വൈദ്യന്മാരും കൈവിട്ടു. ചികിത്സകൊണ്ടു യാതൊരു ഫലവും ഇല്ലാതിരുന്നതിനാൽ മരുന്നുകളും നിറുത്തി. ഒരത്ഭുതം കൊണ്ടല്ലാതെ രോഗിണിക്കു സുഖലബ്ധി ഉണ്ടാകില്ലെന്നു് ഞങ്ങൾക്കെല്ലാവർക്കും ബോദ്ധ്യമായി.

ആ അവസരത്തിൽ-- 1871-ൽ കാലം ചെയ്ത ചാവറ കുര്യാക്കോസു് ഏലിയാസച്ചന്റെ പുണ്യകീർത്തിയേയും മാദ്ധ്യസ്ഥശക്തിയേയുംപറ്റിയുള്ള പ്രസിദ്ധി പ്രചരിച്ചിരുന്നതിനാൽ ഞങ്ങളുടെ ആദ്ധ്യാത്മികോ

പദേഷ്ടാവും, ഗുരുഭ്രതനുമായിരുന്ന പെ. ബ. ളയീസച്ചൻ ആ വന്ദ്യദേഹത്തിന്റെ ഛായാപടം ബ. അൽഫോൻസാമ്മയ്ക്കും ഞങ്ങൾക്കും നൽകുകയും സുഖലബ്ധിക്കായി ഏലിയാസച്ചനോട് ഒരു നൊവേന കഴിക്കുന്നതിനു ഞങ്ങളോടും ബ അൽഫോൻസാമ്മയോടും ഉപദേശിക്കുകയും ചെയ്തു. അന്നു മുതൽ ഞങ്ങൾ കൂട്ടമായും ബ. അൽഫോൻസാമ്മ തനിച്ചും നൊവേന നടത്തി. ദൈവദാസി കുര്യാക്കോസച്ചന്റെ ഛായാപടവും തലമുടി അടങ്ങിയ അരുളിക്കായും കിടക്കയ്ക്കു സമീപം വച്ചുമുത്തുകയും പ്രാർത്ഥിക്കുകയും പതിവായിരുന്നു.

നൊവേന തുടർന്നിട്ടും രോഗം ശമിക്കുന്നതിന്റെ ലക്ഷണങ്ങൾ കണ്ടില്ല. ദിനം ഒന്നിനൊന്നു വഷളായിരുന്നതായി തോന്നി. എങ്കിലും ദൈവദാസിയും ഞങ്ങളും അത്യന്തം പ്രതീക്ഷയോടുകൂടി നൊവേന തുടർന്നിരുന്നു. എല്ലാസമയവും രോഗിണി വളരെ അവശയായി കാണപ്പെട്ടിരുന്നു. നന്നാ അടുത്തു നോക്കിയാൽ മാത്രമെ ജീവൻ ഉണ്ടോയെന്നും അറിവാൻ കഴിഞ്ഞിരുന്നുള്ളു.

നൊവേന പൂർത്തി ആയതിന്റെ പിറെ ദിവസം രാവിലെ ഉണർത്തുമണി കിലുക്കിയപ്പോൾ, തലേദിവസം അവശയായി അനങ്ങാൻ പാടില്ലാതെ കിടന്നിരുന്ന ബ. അൽഫോൻസാമ്മ എണീറ്റു ഞങ്ങളോടൊപ്പം നടക്കുന്നതും മുഖം കഴുകുന്നതും കപ്പേളയിൽപ്പോരുന്നതും ദിവ്യകർമ്മങ്ങളിൽ സജീവമായി പങ്കുകൊള്ളുന്നതും, പ്രഭാതഭക്ഷണം കഴിക്കുന്നതും കണ്ടു ഞങ്ങൾ വിസ്മയിച്ചുപോയി. പ്രഭാതഭക്ഷണാനന്തരം, കുര്യാക്കോസ് ഏലിയാസച്ചന്റെ മാദ്ധ്യസ്ഥം മൂലം അൽഫോൻസാമ്മയ്ക്കു രാത്രി പൊട്ടുന്നനവേ സുഖം കിട്ടിയതാണെന്നു ബ. ഗുരുത്തിയമ്മ പറഞ്ഞപ്പോൾ ഞങ്ങൾക്കു വളരെ സന്തോഷമായി. കപ്പേളയിൽ ചെന്നു ഞങ്ങൾ ഉപകാരസ്മരണചെയ്തു.

തുടയിലുണ്ടായിരുന്ന വ്രണവും, രക്തപ്രവാഹവും നൊവിഷ്യറ്റിൽ വച്ചു, പിന്നീടൊരിക്കലും ഉണ്ടായി

ട്ടില്ല. ദൈവദാസി അൽഫോൻസാമ്മയ്ക്ക് കിട്ടിയ ഈ അനുഗ്രഹം ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ വിശുദ്ധിയുടെ ഒരു തെളിവായി ഞങ്ങൾ പരിഗണിക്കയും ചെയ്തു.

ഇതിൽപറഞ്ഞിരിക്കുന്ന കാര്യങ്ങൾ എനിക്കു നേരിട്ടറിയാവുന്നതും, പരമാർത്ഥവും ആണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

എന്ന്

പ്ര. മു. സ ഉണ്ണീശോയുടെ
സ. കൊച്ചുത്രേസ്യാ

സി. മഗ്ദലീത്താ പഴയപറമ്പിൽ, ആനിക്കാട്

(1958–ൽ ഈ സാക്ഷ്യം എഴുതുന്ന കാലത്തു് കൊഴുവനാൽ മഠത്തിൽ ആയിരുന്നു. സഹനൊവീസ് ആണു്. ഇപ്പോൾ ജീവിച്ചിരിപ്പില്ല.)

സി. മഗ്ദലീത്തായുടെ പ്രസ്താവന

ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മദ്ധ്യതിരുവതാംകൂറിൽ കുട്ടനാട്ടിലുള്ള കൈനകരി ഗ്രാമത്തിൽ ചാവറ എന്ന പുരാതന കത്തോലിക്കാ കുടുംബത്തിൽ ഭക്തരായ മാതാപിതാക്കളിൽനിന്നു ജ്ഞാതനായി. 1829–ൽ പുരോഹിതപദവിയിലേയ്ക്കു അവരോധിക്കപ്പെട്ടു. 1831–ൽ മാന്നാനം കുന്നിൽ ആരംഭിച്ച കേരള കർമ്മലീത്താ സുറിയാനി സഭയുടെ സ്ഥാപകരിൽ ഒരാളും അതിന്റെ അഭ്യുന്നതിക്കായി നിസ്തുല പരിശ്രമങ്ങൾ ചെയ്തു് അതിനെ ഒരു കാനോനിക സഭയാക്കിത്തീർത്തവനും, പ്രസ്തുത സഭയുടെ പ്രഥമ പ്രിയോർ

ജനറാളും, സുറിയാനിക്കാരുടെ വികാരിജനറാളും, അന്നു കേരളത്തിൽ പ്രബലപ്പെട്ടിരുന്ന ശീശ്മയോടു ധൈര്യസമേതം പോരാടിയിട്ടുള്ള ഒരു മഹാനുമായിരുന്നു. മാമ്മോദീസായിൽ കിട്ടിയിട്ടുള്ള വരപ്രസാദം ഇദ്ദേഹം ഒരിക്കലും നഷ്ടമാക്കിയിട്ടില്ല എന്നാണു പറയപ്പെടുന്നതു്. 1871 ജനുവരി 3-ാം നു- ഇദ്ദേഹം ഭാഗ്യമരണം പ്രാപിച്ചു. മരണശേഷം ഇദ്ദേഹത്തിന്റെ സഹായത്താൽ പലർക്കും പല അനുഗ്രഹങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്നു. ഇദ്ദേഹത്തെ ധന്യനെന്നും, വിശുദ്ധനെന്നും, നാമകരണം ചെയ്യുന്നതിനുള്ള നടപടി ആരംഭിക്കുന്നതിനു് റീത്തുകളുടെ തിരുസംഘത്തിൽ 1955 ഡിസംബർ 9—ാനു-യിലെ തിരുവെഴുത്തുമൂലം ചങ്ങനാശ്ശേരി മെത്രാനച്ചനെ (മെത്രാപ്പോലീത്തായെ) ചുമതലപ്പെടുത്തിയിരിക്കയാണു്.

ദൈവദാസൻ ചാവറ കുര്യാക്കോസച്ചൻ മൂലം ദൈവദാസി അൽഫോൻസാമ്മയ്ക്കു ലഭിച്ച രോഗശാന്തി.

1935—36—ൽ ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ നടത്തിയിരുന്ന കാനോനിക നൊവീഷ്യറിൽ ചെത്തിപ്പുഴ ആശ്രമത്തിലെ നോവീസ് മാസ്റ്ററും, അന്നത്തെ ദഫ് നിത്തോർ ജനറലും ആയ പെ. ബ. ളയീസച്ചൻ (Fr. Aloysius of St. Joseph) പെരുമാലി മാന്നാനം നൊവീസുകളുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവും ഗുരുവുമായിരുന്നു. പാലാരൂപത തിരിയുന്നതിനുമുമ്പും അതിനുശേഷവും പല പ്രാവശ്യം ക്ലാരമഠങ്ങളുടെ ബ. ജനറാളമ്മ ആയിരുന്നിട്ടുള്ള ആളും, ഇപ്പോഠം ഭരണങ്ങാനം മഠത്തിന്റെ ശ്രേഷ്ഠത്തിയും ബ. ജനറാളമ്മയുടെ ഒന്നാം ആലോചനക്കാരിയുമായ ബ. ഉർസുലാമ്മ, നൊവീസ് മിസ്ട്രസുമായിരുന്നു.

1935 ആഗസ്റ്റു 12-ാം നു- ആരംഭിച്ച നൊവീഷ്യറിൽ ദൈവദാസിയായ അൽഫോൻസാമ്മയോടുകൂടി ഞാനും സഹനൊവീസുകളായി ഇന്നും ജീവിച്ചിരിക്കുന്ന സി. അനസ്താസ്യ, ചങ്ങനാശ്ശേരി രൂപത ക്ലാരമഠങ്ങളുടെ ഇപ്പോഴത്തെ പൊതു ശ്രേഷ്ഠത്തി സി. മത്തീന മണി

യൻകുന്നു മഠം വില്ലന്താനം, അമ്പാറനിരപ്പേൽ സി. സെലസ്റ്റീനാ തീക്കോയി (കൊച്ചു കണ്ടത്തുങ്കര അരു വിത്തുറ) സി. കൊച്ചുത്രേസ്യാ കണ്ണാടിയുറമ്പ് (പൂഞ്ഞാ ക്കുന്നേൽ പാല) സി. അൽഫോൻസാ പുളിങ്കുന്നു മഠം (അഞ്ചിൽ ചമ്പക്കുളം) സി. ല്യൂയീസാ (ഓലിക്കര കുറുമ്പ നാടം) എന്നിവരും പരലോകപ്രാപ്തരായ പുത്രക്കന്യാസ്ത്രീ എവുപ്രാസിയാ ബ. അനസ്താസ്യാമ്മ എന്നിവരും ഉണ്ടാ യിരുന്നു.

നൊവീഷ്യറ്റു ആരംഭിച്ചു ഏകദേശം ഒരു മാസ ത്തോളം ഞങ്ങളെല്ലാവരും വിശിഷ്യാ അൽഫോൻസാ മ്മയും കൂട്ടക്രമങ്ങളെല്ലാം കൃത്യമായി അനുസരിച്ചുകൊ ണ്ടിരുന്നു. ഒരു മാസം കഴിഞ്ഞതോടെ ബ. അൽഫോൻ സാമ്മ സുഖമില്ലാതെയും ഉറക്കമില്ലാതെയും തീരെകിട പ്പിലായി. വടക്കുമുറി വൈദ്യൻ ഡോ. ചൂവാട്ടി തുടങ്ങി യവരും ചികിത്സകരും ചെയ്തുകൊണ്ടിരുന്നു. എങ്കിലും രക്തസ്രാവത്തിനും വയറുവീർപ്പിനും മറ്റും യാതൊരു കുറവും ഉണ്ടായിരുന്നില്ല. സഹോദരിമാരും ബ. ഗ്രു ത്തിയമ്മയും വേണ്ടസഹായസഹകരണങ്ങളും ചെയ്തുകൊ ണ്ടിരുന്നുവെങ്കിലും ദീനത്തിനു് ഒരു ശമനവും കാണാ ഞ്ഞതിനാൽ അൽഫോൻസാമ്മയെ നൊവീഷ്യറ്റിൽ താമസിപ്പിച്ചാൽ അതു സഹനൊവീസുകളുടെ ക്രമാനു ഷ്ഠാനത്തിനുപോലും തടസ്സമായിത്തീരുമെന്നു കരുതി ഗ്രുത്തിയമ്മ അൽഫോൻസാമ്മയെ സ്വന്തമഠമായ ഭര ണങ്ങാനത്തേക്കു തിരിച്ചയയ്ക്കുന്നതിനു വേണ്ട ആലോ ചനകളും നടത്തി അനുമതി ലഭിക്കുന്നതിനുവേണ്ടി ചങ്ങ നാശ്ശേരി രൂപത വന്ദ്യമെത്രാനായിരുന്ന കാലംചെയ്ത കാളാശ്ശേരി പിതൃയും പെ. ബ. മാർ ജയിംസ് മെത്രാന ച്ചൻ തിരുമനസ്സിലെ സന്നിധിയിലേയ്ക്കു അപേക്ഷ അയച്ചു.

അടുത്തദിവസം തന്നെ വന്ദ്യ മെത്രാനച്ചൻ നൊവീ ഷ്യറ്റിൽ വന്നു അൽഫോൻസാമ്മയെ കാണുകയും ദീന വിവരവും, അൽഫോൻസാമ്മയ്ക്കു നൊവീഷ്യറ്റു അവസാ നിക്കുന്നതുവരെ നൊവീഷ്യറ്റിൽത്തന്നെ താമസിക്കുന്നു

തിനു് നൊവീഷ്യററു പൂത്തിയാക്കണമെന്നുള്ള ആഗ്രഹവും സഹനസന്നദ്ധതയും മനസ്സിലാക്കുകയും ചെയ്തു. ഞങ്ങൾക്കുവേണ്ട ഉപദേശവും പറഞ്ഞുതന്നു. അൽഫോൻസാമ്മയെ ഭരണങ്ങാനത്തേക്കു തിരിച്ചയക്കണ്ട മരിക്കുമെങ്കിൽ മരിച്ചുകൊള്ളട്ടെ എന്നു കല്പിച്ച തന്നിമിത്തം സുഖമില്ലാതിരുന്നിട്ടും അൽഫോൻസാമ്മയ്ക്കു അവിടെ താമസിച്ചു നൊവീഷ്യററു പൂർത്തിയാക്കുന്നതിനു് സാധിച്ചു.

രോഗം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. അല്പം കുറിയോ; ഒരു പഴമോ; അല്പം പൊടിയരിക്കഞ്ഞിയോ ഒക്കെ ആയിരുന്നു കഴിക്കുന്നതു്. ഇങ്ങനെ കഴിച്ചാൽ തന്നെയും, ചർദ്ദിയും, വയറുവീർപ്പും പരവശവും മറ്റും കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നു. രക്തസ്രാവവും വർദ്ധിച്ചുകൊണ്ടിരുന്നു. വയററിൽ നിന്നുമാത്രമല്ല, മൂക്കിൽക്കൂടിയും, കണ്ണിൽക്കൂടിയും രക്തം പോയിരുന്നു. അതു ഞാൻ തന്നെ കണ്ടിട്ടുണ്ടു്—ഡോക്ടർമാർ ദീനം സുഖമാകുന്ന കാര്യം അസാദ്ധ്യമെന്നു അഭിപ്രായപ്പെട്ടു. ഒരത്ഭുതംകൊണ്ടല്ലാതെ ദീനം സുഖപ്പെടുകയില്ല എന്നു് എല്ലാവർക്കും മനസ്സിലായി. എല്ലാവരും അപേക്ഷയിൽ ശരണം പ്രാപിച്ചു.

പെ. ബ. ളയീസച്ചൻ വലിയ പ്രിയോരച്ചന്റെ മാധ്യസ്ഥം തേടുന്നതിനും ഞങ്ങളോടും ബ. ഗ്രുത്തിയമ്മയോടും ഉപദേശിക്കുകയും കുര്യാക്കോസച്ചന്റെ പടവും അപേക്ഷയും തരികയും ചെയ്തു. ദൈവദാസി തനിച്ചും ബ. ഗ്രുത്തിയമ്മയും ഞങ്ങളും കൂട്ടമായും നൊവേന കഴിച്ചുതുടങ്ങി. രാത്രിയും പകലും സഹോദരികളും ഗ്രുത്തിയമ്മയും മരണം പ്രതീക്ഷിച്ചു കാത്തിരുന്നു. എന്നാൽ നൊവേനയുടെ ഒമ്പതാം ദിവസം രാത്രിയിൽ അൽഫോൻസാമ്മയുടെ മുറിയിൽ കിടന്നിരുന്ന ഗ്രുത്തിയമ്മ പെട്ടെന്നു അൽഫോൻസാമ്മയ്ക്കു വല്ലവിഷമതയും ഉണ്ടായതിനാൽ ദീനശുശ്രൂഷിയായ സഹോദരി ബ. ളയീസാമ്മ, വല്ലതും പറയുകയായിരിക്കും എന്നു കരുതി അൽഫോൻസാമ്മയുടെ മുറിയിലേയ്ക്കു വേഗത്തിൽ ചെന്നു.

എന്നാൽ അൽഫോൻസാമ്മ ഉറക്കത്തിൽക്കിടന്നു ആംഗ്യം കാണിച്ചു സംസാരിക്കുന്നതും ളയീസാമ്മ പായിൽക്കിടന്നുറങ്ങുന്നതുമാണ് കണ്ടതു്. ഉടനെ ഗ്രുത്തിയമ്മ അൽഫോൻസാമ്മയെ വിളിച്ചു് എന്താണു സംസാരിക്കുന്നതു് എന്നു ചോദിച്ചു. അപ്പോഴാ ഗ്രുത്തിയമ്മ കാണുന്നില്ലേ. ഇതാ വലിയപ്രിയോരച്ചൻ വന്നിരിക്കുന്നു. ഞാൻ ആശീർവ്വാദം അപേക്ഷിക്കട്ടെ എന്നു പറഞ്ഞുകൊണ്ടു കിടക്കയിൽനിന്നും തനിയെ എഴുന്നേറ്റിരുന്നു് എന്റെ ദീനം സുഖമായി എന്നു അൽഫോൻസാമ്മ പറഞ്ഞു എന്നും രക്തസ്രാവം ഇനി ഉണ്ടാകുകയില്ല എന്നാൽ മരണംവരെ മറ്റു പലതരത്തിലുള്ള അസുഖങ്ങളും സഹിക്കേണ്ടിവരുമെന്നു പറഞ്ഞു. ബ. കുര്യാക്കോസു് ഏലിയാസച്ചൻ മറഞ്ഞുപോയി എന്നും ഉടനെ അല്പോൻസാമ്മയും ഗ്രുത്തിയമ്മയും ളയീസാമ്മയുംകൂടി കപ്പേളയിൽപ്പോയി ഉപകാരസ്മരണചെയ്തു എന്നും ബ. ഉർസുലാമ്മ കൊഴുവനാൽ മഠത്തിന്റെ ശ്രേഷ്ഠത്തിയായിവന്നതിൽപ്പിന്നെ പലപ്പോഴും പറഞ്ഞുകേട്ടിട്ടുണ്ടു്. എന്നാൽ നൊവേന കഴിഞ്ഞദിവസം അൽഫോൻസാമ്മ കൂട്ടത്തിൽ വന്നതുടങ്ങിയതു് കൂട്ടസഹോദരികളായ എല്ലാവരും കണ്ടിട്ടുള്ളതാണു്. ഈ ദീനത്തിൽനിന്നും ബ. അൽഫോൻസാമ്മയ്ക്കു സുഖംകിട്ടിയതു് ദൈവദാസനായ കുര്യാക്കോസു് ഏലിയാസച്ചന്റെ മാദ്ധ്യസ്ഥം മൂലമാണെന്നു് ഇപ്പോഴും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

ഭരണങ്ങാനത്തിനു ചെന്നശേഷം സിദ്ധിച്ച രോഗശാന്തി. അൽഫോൻസാമ്മ ഭരണങ്ങാനത്തിനു ചെന്നശേഷം പലവിധ അസുഖങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. അവിടെച്ചെന്നു് ഒരുവർഷം കഴിയാറായപ്പോഴും ഒരു പനി വന്നു. ഡോക്ടർ വന്നു പരിശോധിച്ചപ്പോഴും ക്ഷയമാണെന്നും അതിനാൽ കൂട്ടത്തിൽനിന്നും മാറ്റി താമസിപ്പിക്കണമെന്നുമുള്ള ആലോചനകൂടം അമ്മമാർ നടത്തി. വീട്ടുകാർ അല്പോൻസാമ്മയെ വീട്ടിലോട്ടു കൊണ്ടുപോകണമെന്നും ആഗ്രഹിച്ചു. അല്പോൻസാമ്മയ്ക്കു വീട്ടിൽ പോകുന്നകാര്യം വലിയ സങ്കടമായിരുന്നു. അതിനാൽ

ഈ ആലോചനകളം മനസ്സിലാക്കിയ അൽഫോൻസാമ്മ ബ. മദറിനോട് പറഞ്ഞു ബ. കുര്യാക്കോസച്ചന്റെ ഒരു നൊവേന കൂട്ടത്തിൽ കഴിച്ചശേഷം വിട്ടാൽ മതിയെന്ന്. ദീനക്കാരിയുടെ ആഗ്രഹം അനുസരിച്ച് കൂട്ടത്തിൽ നൊവേന കഴിച്ചു. പനി വർദ്ധിച്ചുതന്നെ വന്നുവെങ്കിലും നൊവേനയുടെ ഒമ്പതാമത്തെ ദിവസം വെളുപ്പിന് അച്ചൻ പ്രത്യക്ഷപ്പെട്ടു. നിനക്കു പകർച്ചവ്യാധി ഒന്നുമില്ല എന്നുപറഞ്ഞു പനി സുഖമാക്കി. അൽഫോൻസാമ്മ പൊട്ടിച്ചിരിക്കുന്നതുകണ്ട് അടുത്തുണ്ടായിരുന്ന സെലിൻ കാര്യം എന്താണ് എന്നു ചോദിച്ചപ്പോൾ അൽഫോൻസാമ്മ സന്ദർഭവശാൽ ഉണ്ടായ കാര്യം വെളിപ്പെടുത്തുകയും ഇപ്പോൾ പരലോകപ്രാപ്തയായിരിക്കുന്ന ആ സഹോദരി അൽഫോൻസാമ്മയുടെ മരണശേഷം ഈ കാര്യം ബ. ഉർസുലാമ്മയോടും മറുസഹോദരികളോടും പറയുകയും ചെയ്ത എന്നുള്ള വിവരം കേട്ടറിഞ്ഞിട്ടുണ്ട്. ഈ രോഗശാന്തിയും ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മാദ്ധ്യസ്ഥം മൂലമാണ് നടന്നിട്ടുള്ളതു് എന്നു് എനിക്കു പൂർണ്ണമായ വിശ്വാസമുണ്ട്.

അൽഫോൻസാമ്മയ്ക്ക് ആദ്യം ലഭിച്ച രോഗശാന്തി

അൽഫോൻസാമ്മ നൊവീഷ്യറിൽ വച്ച് വയറുവീർത്തും അല്പഭക്ഷണമൊ വെള്ളമോപോലും കുടിക്കുവാൻ നിവൃത്തിയില്ലാതെ വിശപ്പുകൊണ്ടും ദാഹം കൊണ്ടും വിഷമിക്കുന്നതായും കണ്ടിട്ടുണ്ട്. എന്നാൽ നൊവീഷ്യറു അവസാനിക്കാറായപ്പോൾ വയറുവീപ്പ് ഇല്ലാതായി. ഇതും അൽഫോൻസാമ്മയുടെ പ്രസ്താവനയിൽ നിന്നും മനസ്സിലാക്കുന്നതുപോലെ ബ. കുര്യാക്കോസച്ചന്റെ മാദ്ധ്യസ്ഥംമൂലം ലഭിച്ചതാണെന്ന് എനിക്കു വിശ്വാസമുണ്ട്.

വയർവീഴ്ച്ചിൽനിന്നും രക്തസ്രാവത്തിൽനിന്നും ക്ഷയത്തിൽനിന്നും അൽഫോൻസാമ്മയ്ക്കു ലഭിച്ച രോഗശാന്തി ശാശ്വതമായിരുന്നു. അൽഫോൻസാമ്മയ്ക്കു മരണംവരെയും ശാരീരികമായും മാനസികമായും മറ്റുപലവിധ അസുഖങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. രക്തസ്രാവവും വയറുവീഴ്ച്ചും മറ്റും ഒരിക്കലും പൂർണ്ണസുഖമാവുകയില്ല എന്നു പല വൈദ്യന്മാരും ഡോക്ടർമാരും വിധിച്ചിട്ടുള്ളതായിരുന്നു. അതിനാൽ ഈ രോഗശാന്തി മൂന്നും ബ. കുര്യാക്കോസ് ഏലിയാസച്ചന്റെ മാദ്ധ്യസ്ഥംമൂലം ആണെന്നാണ് എന്റെ പൂർണ്ണമായ ബോദ്ധ്യം. അതിനാൽ അദ്ദേഹത്തിന്റെ നാമകരണം സാദ്ധ്യമാകുന്നതിനായി പ്രാർത്ഥിക്കുകയും പ്രാർത്ഥിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

ദൈവദാസിയായ അൽഫോൻസാമ്മതന്നെയും ഭരണങ്ങാനത്തുചെന്നശേഷം തനിക്കുലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദിപ്രകടിപ്പിക്കുന്നതിനുവേണ്ടി മാന്നാനത്തുപോയി ദൈവദാസന്റെ പൂജ്യാവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്ന കുഴിമാടം സന്ദർശിച്ച് ഉപകാരസ്മരണ ചെയ്യുകയും അദ്ദേഹത്തിന്റെ നാമകരണം സാദ്ധ്യമായിത്തീരുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

കൊഴുവനാൽമഠം
1958 ജൂലൈ 5

തി. സ. മഗ്ദലീന
Sr. margaret of S.H.

സി. മേരിറീത്താ പറേടം, ചങ്ങനാശ്ശേരി

(ബാല്യത്തിൽ അൽഫോൻസാമ്മ ചങ്ങനാശ്ശേരിയിൽ പഠിക്കുവാൻ വന്നതു മുതൽ പരിചയമുണ്ട്. ഇപ്പോൾ ജീവിച്ചിരിപ്പില്ല)

സി. മേരി റീത്താ പറേടത്തിന്റെ പ്രസ്താവന

ഇൗ. മ. യൌ.

ചങ്ങനാശ്ശേരി.,
വി. ക്ലാരമഠം.,
14–7–58.

സ്നേഹ. ബ. അച്ചാ.

ബ. അൽഫോൻസാമ്മ ഇവിടെ പഠിക്കാൻ വന്നതു മുതൽ എനിക്കു പരിചയം ഉണ്ട്. ഞാൻ അന്നു ബോർഡിംഗിൽ ആയിരുന്നു. താമസിയാതെ ഞാനും തലമുണ്ടിട്ടു ഒന്നിച്ചുതാമസിച്ചു. ഞാൻ പഠിക്കുന്നില്ലാതിരുന്നതിനാൽ ഞങ്ങൾ തമ്മിൽ അധികം ഇടപെട്ടില്ല. നല്ല സുഖമില്ല മൂക്കിൽനിന്നും രക്തം പോയിരുന്നു. എന്നൊക്കെ സഹോദരിമാർ പറഞ്ഞുകേട്ടിട്ടുണ്ട്. 1935 ഓഗസ്റ്റു 12–ൽ ബ. അൽഫോൻസാമ്മ നൊവീഷ്യറിനു വന്നു. സുഖമില്ലാത്തതുകൊണ്ട് പ്രത്യേകം പ്രാർത്ഥിക്കണം എന്നു ഞങ്ങളോടു പറഞ്ഞു. പിന്നെ കുറെ ദിവസം കഴിഞ്ഞപ്പോൾ കൂട്ടത്തിൽ കാണാതെയായി സുഖക്കേടു പഴയതുപോലെ വഷ്ടിച്ചു. രക്തസ്രാവം അന്നു വളരെ കൂടുതലായി. വൈദ്യന്മാരെ വരുത്തുകയും ഡോക്ടർ വന്നു ചികിത്സിക്കുകയും കുറവില്ലാഞ്ഞിട്ടു ഭരണങ്ങാനത്തിനു വിടാൻ പോകുന്നു എന്നൊക്കെ ആലോചിക്കുന്നതും ഒക്കെ അറിയുന്നുണ്ടായിരുന്നു. ഒരു ദിവസം ഉല്ലാസത്തിനു കൂട്ടത്തിൽ വന്നപ്പോൾ, ഞാനും സി. അൽഫോൻസായുംകൂടി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ മുഖം ചുമക്കുന്നതും കണ്ണിൽനിന്നും മൂക്കിൽനിന്നും രക്തം എടുക്കുന്നതും ഉടൻ തൂവാലകൊണ്ടു മുഖം പൊത്തി

ക്കൊണ്ട്, കൂട്ടത്തിൽനിന്നും പോകുന്നതും മാത്രം കണ്ടിട്ടുണ്ട്. പിന്നീട് ബ. ഗ്രുത്തിയമ്മ (ബ. ഉർസുലാമ്മ) പറഞ്ഞു ബ. വലിയ പ്രിയോരച്ചന്റെ നൊവേന ബ. ളയീസച്ചൻ പറഞ്ഞതനുസരിച്ച് കഴിക്കുന്നുണ്ട്. ദൈവതിരുമനസ്സുപോലെ നിറവേറട്ടെ കുഞ്ഞുംകൂടി അപേക്ഷിക്കണം എന്നു എന്നോട് പറഞ്ഞു. ഈ പരിതാപകരസ്ഥിതിയിൽ സഹതാപം തോന്നി ഞാനും പ്രാത്ഥിച്ചു. തലേ ദിവസം വരെ സുഖക്കേടിനു കുറവില്ലാ എന്നാണ് അറിഞ്ഞിരുന്നതു്. നൊവേനയുടെ ഒമ്പതാം ദിവസം രാവിലെ കൂട്ടക്രമങ്ങൾക്ക് കപ്പേളയിൽ സി. അൽഫോൻസായെ കണ്ടപ്പോൾ ഞങ്ങൾക്കെല്ലാം വളരെ അത്ഭുതം തോന്നി. ദൈവത്തിനു സ്തുതിപറഞ്ഞു. രാവിലെ ഉല്ലാസത്തിനു ബ. ഗ്രുത്തിയമ്മ താഴെ വന്നപ്പോൾ വളരെ സന്തോഷത്തോടെ വലിയ പ്രിയോരച്ചന്റെ സഹായത്താൽ സി. അൽഫോൻസായുടെ സുഖക്കേടുകൾ അത്ഭുതമായിട്ട രാത്രിയിൽ 3 മണിയോടുകൂടി സുഖമായി. ഞാനും സി. അൽഫോൻസായും സി. ളയീസായും കൂടി അപ്പോൾത്തന്നെ കപ്പേളയിൽപ്പോയി ഉപകാരസ്മരണ ചെയ്തു. ഞങ്ങൾ വിവരങ്ങൾ അറിയാൻ തത്രപ്പെട്ടു. പലതും ചോദിച്ചു. ഇപ്പോൾ അതൊന്നും പരസ്യമാക്കാൻ പാടില്ലല്ലൊ എന്നുമാത്രം പറഞ്ഞു. പിന്നീട് ഒരിക്കൽ അൽഫോൻസായ്ക്കു പാരവശ്യം വന്നതിന്റെശേഷം ഞങ്ങളും ബ. ഗ്രുത്തിയമ്മയുംകൂടി സംസാരിച്ചപ്പോൾ ബ. ഉർസുലാമ്മയുടെ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്ന സുഖക്കേടു വിവരവും അത്ഭുതവുമെല്ലാം പറഞ്ഞപ്പോൾ ആണ് ഞാൻ പരമാർത്ഥം അറിയുന്നതു്.

കഴിഞ്ഞവർഷം ഒരു പെൺകുട്ടി 17 വയസ്സുണ്ട്. ഏതോ പ്രലോഭനത്തിൽനിന്നും ജയിക്കാൻ വേണ്ടി അൽഫോൻസാമ്മയുടെ സഹായം അപേക്ഷിച്ചുകൊണ്ട് വീട്ടിൽനിന്നും ഒളിച്ചു ഇവിടുത്തെ അഗതി മന്ദിരത്തിൽ വന്നുതാമസിച്ചു. പിന്നീടു മനക്ലേശങ്ങളും സുഖക്കേടും

മൂലം വളരെ സങ്കടപ്പെടുന്നതുകണ്ട് ഞാൻ ബ. പ്രിയോരച്ചന്റെ നൊവേന ഒരു കടലാസിൽ എഴുതി ഇതു വിശ്വാസത്തോടെ എത്തിക്കാൻ പറഞ്ഞു. നൊവേനയുടെ 9–ാം ദിവസം സുഖക്കേടും കുറഞ്ഞു. മറ്റു ക്ലേശങ്ങളും മാറി എന്നു് ആ കുട്ടി പറഞ്ഞു.

എന്നു്

പ്ര. മു. സ. സി. മേരി റീത്താ
പറേടം

സി. മറിയം ക്ലാര

(വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയുടെ മദർ ആയിരുന്ന. 1958 – ൽ ചങ്ങനാശ്ശേരി മഠത്തിൽ ജീവിച്ചിരുന്ന കാലത്താണു് ഈ സാക്ഷ്യം എഴുതുന്നതു്.)

J. M. J.

സി. മറിയം ക്ലാരയുടെ പ്രസ്താവന

ക്ലാരിസ്റ്റ് കോൺവെന്റ് 12–7–1958
ചങ്ങനാശ്ശേരി

സ്നേഹ. ബ. അച്ചാ

1946–ൽ രേണങ്ങാനം ക്ലാരമഠത്തിൽവച്ചു് ചരമമടഞ്ഞ ബ. അൽഫോൻസാമ്മ 1935–'36–ൽ ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ കാനോനിക നൊവീഷ്യറ്റു കഴിച്ചുകൊണ്ടിരുന്നു. അന്നു ഞാൻ ചങ്ങനാശ്ശേരി ക്ലാരമഠത്തിന്റെ ശ്രേഷ്ഠത്തിയായിരുന്നതുകൊണ്ടു് ബ. അൽഫോൻസാമ്മയോടു് അടുത്തു പെരുമാറുന്നതിനും നേരിട്ടു വിവരങ്ങൾ അറിയുന്നതിനും ഇടയായിട്ടുണ്ടു്.

ബ. അൽഫോൻസാമ്മ നൊവീഷ്യററിൽ ചേർന്നു് കുറച്ചുനാൾ കഴിഞ്ഞപ്പോൾ തുടങ്ങി പലവിധ സുഖക്കേടുകൾക്കു് അധീനയായിത്തീർന്നു. പ്രധാന സുഖക്കേടു രക്തസ്രാവം ആയിരുന്നു. ചികിത്സകളെ അതിലംഘിച്ചു് സുഖക്കേടു നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നു. പരസഹായം കൂടാതെ അനങ്ങുവാൻപോലും പാടില്ലാത്ത നിലയിലായി. അപ്പോൾ അന്നു നൊവീഷ്യററു ഗുരുവായിരുന്ന പെ. ബ. ളൂയിസച്ചൻ (മാന്നാനം പെരുമാലി) സുഖപ്രാപ്തിക്കായി വലിയ പ്രിയോരച്ചനോടു് അപേക്ഷിക്കാൻ പറഞ്ഞുകൊണ്ടു് ചാവറ കുര്യാക്കോസു് ഏലിയാസച്ചന്റെ ഒരു ഛായാപടം കൊടുത്തു. ബ. അൽഫോൻസാമ്മ അതു കിടക്കയിൽത്തന്നെവച്ചു് ഭക്തിപൂർവ്വം മുത്തിക്കൊണ്ടു് പ്രാർത്ഥിച്ചിരുന്നതു കൂടാതെ തനിച്ചും കൂട്ടത്തിലും ചാവറ കുര്യാക്കോസു് ഏലിയാസച്ചനോടു് സുഖപ്രാപ്തിക്കായി ഒരു നൊവേന ആരംഭിച്ചു. പത്താം ദിവസം രാവിലെ കുർബാന കഴിഞ്ഞു് നൊവീഷ്യററു മിസ്ട്രസു് ബ. ഉർസുലാമ്മ എന്റെ പക്കൽ വന്നു ബ. അൽഫോൻസാമ്മയ്ക്കു് പെട്ടെന്നു് സുഖപ്രാപ്തി ഉണ്ടായി എന്നും രാത്രി വലിയപ്രിയോരച്ചൻ കാണപ്പെട്ടു എന്നും പറഞ്ഞു. ഉടൻതന്നെ ഞാൻ നൊവീഷ്യററിൽച്ചെന്നു് ബ. അൽഫോൻസാമ്മയെ നേരിൽക്കണ്ടു വിവരങ്ങളും മനസ്സിലാക്കി. (തലേദിവസം രാത്രി) $3\frac{1}{2}$ മണിയോടുകൂടി വലിയപ്രിയോരച്ചൻ തന്റെ പക്കൽ വന്നുനിന്നു എന്നും മേലാൽ ഈ സുഖക്കേടു് ഉണ്ടാകയില്ലെന്നു പറഞ്ഞു എന്നും ബ. അൽഫോൻസാമ്മതന്നെ എന്നോടു പറഞ്ഞു. പരസഹായം കൂടാതെ അനങ്ങാൻപോലും പാടില്ലാതെ കിടന്നിരുന്ന ബ. അൽഫോൻസാമ്മയ്ക്കു് പെട്ടെന്നു സുഖപ്രാപ്തിയുണ്ടായി. മറ്റു സഹോദരിമാരോടൊപ്പം ക്രമാനുഷ്ഠാനങ്ങളിൽ പങ്കുകൊണ്ടു എന്നുള്ളതിനും ഇവിടെനിന്നും പോകുന്നതുവരെ ആ സുഖക്കേടിനു് ഒരിക്കലും അധീനയായിട്ടില്ല എന്നുള്ളതിനും ഞാൻ ദൃക്സാക്ഷിയാണു്. ഈ അത്ഭുതകരമായ

സുഖപ്രാപ്തി ബ. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മാദ്ധ്യസ്ഥശക്തിയാൽ ഉണ്ടായതാണെന്നു് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

ആശീർവ്വാദം അപേക്ഷിച്ചുകൊണ്ടു് പ്രാർത്ഥനയുടെ ഐക്യതയിൽ നിറുത്തുന്നു.

എന്നു്

പ്ര. മു. സ. യൗ. പി. മറിയം ക്ലാര

സി. മേരി മത്തീനാ കിഴക്കേ കരഞ്ഞാണി മുത്തോലപുരം

(1958–ൽ ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ ആയിരുന്ന കാലത്താണു് ഈ പ്രസ്താവന എഴുതുന്നതു്. ഇപ്പോൾ ജീവിച്ചിരിപ്പില്ല.)

സി. മേരി മത്തീനായുടെ പ്രസ്താവന

ഇ. മ. യ.

ചങ്ങനാശ്ശേരി
ക്ലാരമഠം
12–7–1958

സ്നേഹ. ബ. പിതാവേ!

ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും ദൈവദാസി അൽഫോൻസാമ്മയേയും പറ്റി അറിവുള്ളതും ഓരോരുത്തർക്കും വല്ല അനുഗ്രഹങ്ങളും കിട്ടിയിട്ടുണ്ടെങ്കിൽ അതും ഞങ്ങളുടെ മദർ ജനറാൾ ബ. അനസ്താസ്യാമ്മ ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ചു് എഴുതുന്നു.

ഇങ്ങനെ ഒരെഴുത്തെഴുന്നതിനു് അവസരമുണ്ടായതിൽ ദൈവത്തിനു സ്തുതി. ഏറ്റവും അയോഗ്യയായ എനിക്കു് അറിവുള്ളതു് എഴുതുന്നു. ബ. അൽഫോൻസാമ്മ കാനോനികനൊവീഷ്യറു കഴിക്കുന്നതിനായിട്ടു 1935 ആഗസ്റ്റു മാസം 12–ാം തീയതി വി. ക്രൂരമഠത്തിൽ വരികയും നൊവീഷ്യറു കഴിഞ്ഞു് ഒരുവഷ്ം പൂത്തിയായപ്പോഴം 1936 ആഗസ്റ്റുമാസം 12–ാം നുതന്നെ നിത്യവ്രതം സ്വീകരിക്കുകയും അതിന്റെശേഷം ഭരണങ്ങാനത്തിനു തിരിച്ചു പോകുകയുംചെയ്തു (1935–36). ഈ വർഷത്തിൽ അൽഫോൻസാമ്മയ്ക്കു പലതവണയും സുഖക്കേടുവന്നു കൂടുതലായിട്ടുണ്ടു്.

രക്തസ്രാവം എന്ന സുഖക്കേടു വന്നു് കൂടുതലാകുകയും പരസഹായം കൂടാതെ ഒന്നു് എഴുന്നേല്ക്കുന്നതിനുപോലും സാധിക്കാതെയും പല ചികിത്സയും വളരെയെല്ലാം ചെയ്തിട്ടും ഗുണമൊന്നും കാണാത്തതിനാൽ അന്നു നൊവീഷ്യറു ഗുരുവായിരുന്ന പെ. ബ. ളയീസച്ചൻ പറഞ്ഞതനുസരിച്ചു് ചാവറ കുര്യാക്കോസ് ഏലിയാസച്ചനോടു് ഒരു നൊവേന കഴിക്കുകയും നൊവീഷ്യറിൽ അവർ കൂട്ടമായും അൽഫോൻസാമ്മതനിച്ചും ഈ നൊവേന കഴിച്ചിരുന്നു. ആ ദിവസങ്ങളിൽ ബ. അൽഫോൽസാമ്മ പെട്ടെന്നു സുഖം പ്രാപിക്കുകയും കൂട്ടത്തിൽ കപ്പേളയിലും ഊട്ടുമുറിയിലും മറ്റും വരുന്നതും കണ്ടു. അന്നു നൊവീഷ്യറു ഗുരുത്തി ബ. ഉർസുലാമ്മ മദർ ആയിരുന്നു. ഉർസുലാമ്മ മദർ എന്നെറയും ഗുരുത്തിയമ്മ ആയിരുന്നതിനാൽ ഞാൻ സ്വാതന്ത്ര്യത്തോടെ ഗുരുത്തിയമ്മയോടു് അൽഫോൻസാമ്മയുടെ സുഖസ്ഥിതിയെപ്പറ്റി ചോദിക്കയുണ്ടായി. അപ്പോഴം പറയുന്നു അൽഫോൻസാമ്മയ്ക്കു ദീനം സുഖമായി എന്നു്. വലിയപ്രിയോരച്ചനോടു നൊവേന കഴിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി സുഖം കിട്ടിയെന്നു പറയുന്നു.

മറെറാന്നും പറഞ്ഞില്ല. ഒന്നുംതന്നെ അറിയുവാനും സാധിച്ചില്ല എന്നുള്ളതിനെ ഞാൻ എളിമയോടെ അറിയിക്കുന്നു. പിതാവേ!

എന്നു് അയോഗ്യ ശ്രുശ്രൂഷി സി. മത്തീന
(കിഴക്കേ കുരഞ്ഞാണി മുത്തോലപുരം)

സി. മേരി സെലിനാമ്മ പൂണ്ടിക്കുളം
ഭരണങ്ങാനം

(വാഴ്ത്ത. അഫോൻസാമ്മയുടെ സഹനവസന്യാസിനി ആയിരുന്നു. ഒരു വഷ്ക്കാലം സഹപാഠികളുമായിരുന്നു. ഇപ്പോഴും ജീവിച്ചിരിപ്പില്ല)

സി. മേരി സെലീനാമ്മയുടെ പ്രസ്താവന
ഇ. മ. യ.

ക്ലാരിസ്റ്റു് കോൺവെൻറു്
ചങ്ങനാശ്ശേരി 12–7–1958

സ്നേഹ. ബഹു പിതാവേ!

ദൈവദാസനായ പെരിയ ബഹു. കുര്യാക്കോസു് ഏലിയാസച്ചൻ ദൈവദാസിയായ ബ. അൽഫോൻസാമ്മയ്ക്കു ചെയ്ത അത്ഭുതങ്ങളെപ്പററി ചുരുങ്ങിയ രണ്ടു മൂന്നു വാക്കുകളും എഴുതുവാൻ ദൈവം ഈ എളിയ സഹോദരിക്കു ഇടയാക്കിയതിനു ഞാൻ ആദ്യമായി ദൈവത്തിനു നന്ദി പറയുന്നു.

ബ. അൽഫോൻസാമ്മ പഠിക്കുന്നതിനായി ഇവിടെ (ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ) വന്നപ്പോഴും പുതുക്കന്യാസ്ത്രീകളായ ഞങ്ങളും ഒരുമിച്ചാണു് താമസിച്ചിരു

ന്നതു്. അപ്പോഴാ വിശേഷാൽ അസുഖം ഒന്നും ഇല്ലായിരുന്നു. സഭാവസ്ത്രം സ്വീകരിച്ചു ഒരു കൊല്ലം പൂർത്തിയാകുന്നതിനു മുമ്പു് ഓരോ തരത്തിൽ രോഗിയായായിത്തീർന്നു. വയറ്റിൽ കുറേശ്ശേ വേദനയും ഭക്ഷണം കഴിക്കാൻ കുറേശ്ശേ വിഷമം കണ്ണിൽ അസുഖം കണ്ണിൽനിന്നും മൂക്കിൽനിന്നും രക്തം വരിക ഇങ്ങനെയുള്ള അസുഖങ്ങളും ഉണ്ടായിരുന്നു എന്നുള്ളതു പരമാർത്ഥമായി ഈ എളിയ സഹോദരിക്കറിയാം. പഠനമുറിയിലും ഉല്ലാസമുറിയിലും മറ്റും വച്ചു് മൂക്കിൽനിന്നും രക്തം വീണു് കപ്പൂസു് വൃത്തികേടായിട്ടു കുട്ടത്തിൽനിന്നു് ഇറങ്ങിപ്പോകുന്നതു് ചിലപ്പോഴൊക്കെ ഞാൻ കണ്ടിട്ടുണ്ടു്. ഓരോ ചികിത്സകളും ചെയ്തു് സുഖക്കേടു കൂടിയും കുറഞ്ഞും സഹിച്ചും ക്ഷമിച്ചും ഒരു വിധത്തിൽ പഠനം അവസാനിച്ചു തിരികെപ്പോയി. മേൽപ്പറഞ്ഞ അസുഖങ്ങൾക്കു് പല ചികിത്സകളും ചെയ്തു. ചില സമയം ശക്തിയായ വിധത്തിൽ രോഗം കൂടിയും, സഹിച്ചും ക്ഷമിച്ചും ജീവിച്ചു പോന്നിരുന്നതിനാൽ നൊവീഷ്യറ്റു കഴിക്കാൻ സാധിക്കാതെവന്നു. നൊവീഷ്യറ്റു കുട്ടസഹോദരികളോടൊപ്പം കഴിക്കാൻ സാധിക്കാത്തതിനാൽ അതിയായി വിഷമിക്കുകയും കൂടുതലായി പ്രാർത്ഥിക്കുകയും ചെയ്തു. ചികിത്സ ഈ അവസരങ്ങളിലെല്ലാം നടക്കുന്നുണ്ടു്. കുറച്ചുനാളത്തേക്കു് ഒരുവിധം കുറവു തോന്നുകയാൽ 1935 ഓഗസ്റ്റു് 12—നു് നൊവീഷ്യറ്റിൽ പ്രവേശിച്ചു. രണ്ടാഴ്ചതികയുന്നതിനു മുമ്പു തന്നെ ബ. അൽഫോൻസാമ്മയുടെ പഴയ അസുഖങ്ങളും കുറേശ്ശേ വർദ്ധിച്ചുതുടങ്ങി. ചികിത്സ ഓരോരുത്തരുടെ മാറി, മാറി ചെയ്തു. എന്നിട്ടും ഫലമൊന്നും ഇല്ലാതെ രോഗി നൊവീഷ്യറ്റിൽ വന്ന കാര്യം സാധിക്കുകയില്ലല്ലോ എന്നോർത്തു് അതിയായി വിഷമിച്ചും ദീനത്തിന്റെ സഹിക്കവയ്യാത്ത വേദനകളും സന്തോഷമായി സഹിച്ചും തന്റെ ഉദ്ദേശസിദ്ധിക്കായി പ്രാർത്ഥിച്ചും ദിവസങ്ങൾ കഴിച്ചിരുന്നു. ഇതിനിടയിൽ തിരികെ ഭരണങ്ങാനത്തിനു വിടുന്നതിനു് ബ. ഗ്രൂത്തിയമ്മ ആലോചിച്ചു. (ഉർസുലാമ്മ) കാലം ചെയ്ത വന്ദ്യ

പിതാവിനോട് അനുവാദം ചോദിച്ചു. പിതാവ് അതു് അനുവദിച്ചില്ല. ഇതിനിടയിൽ നൊവീഷ്യ റ്റുകാരെല്ലാവരും അല്ഫോൻസാമ്മ തനിച്ചും പ്രാർത്ഥന യ്ക്കായി നടത്തുന്നുണ്ട്. ഈ അവസരത്തിൽ പെ. ബ. കുര്യാക്കോസ് ഏലിയാസച്ചന്റെ അത്ഭുതത്തെപ്പറ്റി ബ. ഗ്രുവച്ചൻ (ബ. ളയീസച്ചൻ) പറഞ്ഞറിയുകയും അതിൽ പൂർണ്ണമായ വിശ്വാസം തോന്നുകയാൽ പെ. ബ. കുര്യാക്കോസ് ഏലിയാസച്ചനോട് നൊവീഷ്യ റ്റുകാരെല്ലാവരും രോഗി തനിച്ചും നൊവേന കഴിച്ചു. പ്രത്യേകം പ്രാർത്ഥിക്കാൻ തുടങ്ങി. നൊവേന അവ സാനിക്കുന്നതിനോടുകൂടി ബ. അൽഫോൻസാമ്മയെ ശക്തിയായി വേദനപ്പെടുത്തുകയും വിഷമിപ്പിക്കുകയും ചെയ്തിരുന്ന രക്തസ്രാവവും തുടയിലുണ്ടായിരുന്ന വ്ര ണവും പെ. ബ. കുര്യാക്കോസ് ഏലിയാസച്ചൻ പൂ ർണ്ണമായി സുഖപ്പെടുത്തി. തൽക്ഷണം മുതൽ തലേദിവ സം വരെ തീരെ അവശയായികിടന്നിരുന്ന രോഗി എല്ലാ കൂട്ടക്രമങ്ങളിലും മറ്റുള്ളവരോടൊപ്പം പങ്കുകൊ ള്ളുകയും ചെയ്തു. നൊവീഷ്യറ്റിൽ പ്രവേശിച്ചതിൽപ്പി ന്നെയുള്ള അസുഖങ്ങളും പെ. ബ. കുര്യാക്കോസ് ഏ ലിയാസച്ചനോടുള്ള മാദ്ധ്യസ്ഥാപേക്ഷയാൽ അത്ഭുതക രമായി രോഗി സുഖം പ്രാപിച്ചതും ബ. ഉർസുലാമ്മ പറഞ്ഞു ഞാൻ പരമാർത്ഥമായി അറിഞ്ഞിട്ടുണ്ട്. നിത്യ വ്രതം കഴിഞ്ഞു ബ. അൽഫോൻസാമ്മ ഭരണങ്ങാന ത്തിനു പോയി. പിന്നീടൊരിക്കൽ ബ. ഉർസുലാമ്മയും അൽഫോൻസാമ്മയും കൂടെ ഇവിടെ വന്നപ്പോഴും ഞാൻ ബ. അൽഫോൻസാമ്മയുമായി സ്വല്പനേരം സം സാരിച്ചതിനിടയിൽ സെലീനാമ്മയുടെ സുഖക്കേടുമാ റാൻ പെ. ബ. കുര്യാക്കോസ് ഏലിയാസച്ചനോടു പ്രാ ർത്ഥിക്കണമെന്ന് എന്നോടു പറഞ്ഞു. ഞാൻ കുറച്ചു ദി വസം പ്രാർത്ഥിച്ചു. പിന്നെ ആ പ്രാർത്ഥന നിറുത്തി. എ നിക്ക് അതിൽ യഥാർത്ഥ ഭക്തിയും വിശ്വാസവും തോ ന്നാഞ്ഞതിനാലാണ് പ്രാർത്ഥന നിറുത്തിയത്. എന്റെ വിശ്വാസമില്ലായ്മകൊണ്ടും എളിമയില്ലായ്മകൊണ്ടും എന്റെ പ്രാർത്ഥനയ്ക്കു ഫലം ഉണ്ടായില്ല. ഇതിൽ എ

ന്റെ വിശ്വാസം ഇല്ലായ്കയും ഏളിമയില്ലായ്കയും ഈ എളിയ സഹോദരി ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു. മാപ്പപേക്ഷിക്കുന്നു. എന്നാൽ ഈ അവസരങ്ങളിൽ എനിക്കു നല്ല വിശ്വാസം തോന്നുന്നുണ്ട്. ദൈവദാസനായ കുര്യാക്കോസ് ഏലിയാസച്ചനെ അതിവേഗം വിശുദ്ധന്മാരുടെ ഗണത്തിൽ പരസ്യമായി വണങ്ങപ്പെടുന്നതിനു ഈ എളിയവളായ ഞാൻ ഹൃദയപൂർവ്വം പ്രാർത്ഥിക്കുകയും ത്യാഗങ്ങളും സമർപ്പിക്കുകയും ചെയ്യുന്നു.

ബ. അച്ചന്റെ ആശീർവ്വാദം യാചിച്ചുകൊണ്ടും അപേക്ഷയും കൃപാളിച്ചുകൊണ്ടും നിറുത്തട്ടെ.

Sr. Mary Celine of the I.C.T.O.S.F.
13–7–1958

Clarist Convent
Changanacherry

സി. ബ്രജീത്താ

(ചങ്ങനാശ്ശേരി മദർ ജനറൽ ആയിരുന്നു. ഇപ്പോൾ ജീവിച്ചിരിപ്പുണ്ട്.)

സ്നേഹ ബ. അച്ചാ,

അൽഫോൻസാമ്മ 1935–36–ൽ ഈ മഠത്തിൽ വച്ചാണ് കാനോനിക നൊവീഷ്യേറ്റു കഴിച്ചത്. അന്നു ഞാൻ ഈ മഠത്തിൽ ഉണ്ടായിരുന്നു. അൽഫോൻസാമ്മ 1935 ആഗസ്റ്റു മാസത്തിൽ നൊവീഷ്യേറ്റിൽ പ്രവേശിച്ചു. ഒരാഴ്ചയോളം സുഖമായി കൂട്ടക്രമങ്ങളിൽ സംബന്ധിച്ചു. എന്നാൽ ഒരാഴ്ച കഴിഞ്ഞപ്പോഴും അൽഫോൻസാമ്മ രോഗബാധിതയായി ശയ്യയെ അവലംബിച്ചു.

പ്രധാനരോഗം രക്തസ്രാവം ആയിരുന്നു. ഒരു രോഗിണിയെ നൊവീഷ്യേറ്റു കഴിപ്പിക്കാൻ സാധിക്കാത്തതുകൊണ്ട് ഭരണങ്ങാനം മഠത്തിലേയ്ക്ക് അൽഫോൻസാമ്മയെ തിരിച്ചയയ്ക്കുന്നതിന് ആലോചനകൂടം നടത്തുകയും അന്നത്തെ ത്രുപതാധികാരിയായ പരേതനായ കാളാശ്ശേരിൽ മെത്രാനച്ചൻ തിരുമേനിയെ ബോധിപ്പിക്കയും ചെയ്തു. വന്ദ്യപിതാവു രോഗിണിയെ സന്ദർശിച്ചശേഷം ''അവളും അവിടെത്തന്നെ കിടന്നുകൊള്ളട്ടെ അവളെ തിരിച്ചയക്കണ്ട അവളും മരിക്കുമെങ്കിൽ മരിച്ചു കൊള്ളട്ടെ എന്നു കല്പിച്ചു.

രോഗം വളരെ വർദ്ധിച്ചു. രക്തപ്രവാഹം വർദ്ധിച്ചുകൊണ്ടിരുന്നു. അനങ്ങുകയൊ തിരിയുകയൊ ചെയ്താൽ രക്തം പ്രവഹിച്ചിരുന്നു. പല വൈദ്യന്മാരുടെ ചികിത്സ ചെയ്തിട്ടും യാതൊരു കുറവും ഉണ്ടായില്ല. രോഗിണി അത്യന്തം അവശയായി. പരസഹായം കൂടാതെ ഒന്നു തിരിഞ്ഞു കിടക്കുന്നതിനുപോലും കഴിഞ്ഞിരുന്നില്ല.

കുമ്പളീത്താ സഭയിലെ ദഫ്നിത്തോർ ജനറാളും, ചെത്തിപ്പുഴ കുമ്പളീത്താ ആശ്രമത്തിലെ വൈദിക വിദ്യാർത്ഥികളുടെ ഗുരുവുമായിരുന്ന പെ. ബ. ളയീസച്ചൻ (പെരുമാലി മാന്നാനം) അക്കാലത്തു ഇവിടുത്തെ നോവീസുകളുടെ ആദ്ധ്യാത്മിക ഉപദേഷ്ടാവും, ഗുരുവുമായിരുന്നു.

കുര്യാക്കോസ് ഏലിയാസച്ചന്റെ വലിയ ഭക്തനായിരുന്ന അദ്ദേഹം അല്ഫോൻസാമ്മയുടെ രോഗശമനത്തിനു് കുര്യാക്കോസ് ഏലിയാസച്ചന്റെ മദ്ധ്യസ്ഥാപേക്ഷ കഴിക്കുന്നതിനു് പറയുകയും ഒരു പ്രാർത്ഥന ദൈവദാസിക്കു കൊടുക്കുകയും ചെയ്തു. കുര്യാക്കോസ് ഏലിയാസച്ചന്റെ ഒരു ഛായാപടവും അൽഫോൻസാമ്മയ്ക്കു കൊടുത്തു.

ദൈവദാസി അൽഫോൻസാമ്മയ്ക്കു കുര്യാക്കോസ് ഏലിയാസച്ചനോടു് വലിയ ഭക്തിയും അദ്ദേഹത്തിന്റെ

മദ്ധ്യസ്ഥതയിൽ വലിയ വിശ്വാസവും ഉണ്ടായിരുന്നു. കുര്യാക്കോസ് ഏലിയാസച്ചന്റെ ഛായാപടം അൽഫോൻസാമ്മയ്ക്കു കിട്ടിയപ്പോഴും നോവീസുകൂടി കൂട്ടമായും അൽഫോൻസാമ്മ തനിച്ചും നൊവേന ആരംഭിച്ചു. നൊവേനയുടെ ഒൻപതാം ദിവസം രാത്രിയിൽ മൂന്നു മണിയോടുകൂടി അൽഫോൻസാമ്മയുടെ മുറിയിൽനിന്നും ആരോ സംസാരിക്കുന്നതു് നൊവീസ് മിസ്ട്രസ്സായ ഉർസുലാമ്മ കേട്ടു. ഉർസുലാമ്മയുടെ മുറി അതിനടുത്തായിരുന്നു. അൽഫോൻസാമ്മയ്ക്കു വല്ലവിഷമവും ഉണ്ടായതിനാൽ രോഗിശുശ്രൂഷയ്ക്കായി കിടന്നിരുന്ന സി. ളയീസാ എഴുന്നേറ്റു് സംസാരിക്കുന്നതായിരിക്കുമെന്നു് ബ. ഉർസുലാമ്മ ഊഹിച്ചു. കഠിന മിണ്ടാട്ടക്കാലമായതുകൊണ്ടു് ഉച്ചസ്വരത്തിൽ സംസാരിക്കുന്നതുകേട്ടു് അസ്വസ്ഥയായി ബ. ഉർസുലാമ്മ അൽഫോൻസാമ്മയുടെ മുറിയുടെ വാതുക്കൽ ചെന്നുനോക്കി. അപ്പോഴാ ളയീസായും അൽഫോൻസാമ്മയും ഉറങ്ങുന്നതായിട്ടാണു് കണ്ടതു്. ബ. ഉർസുലാമ്മ അൽഫോൻസാമ്മയുടെ കിടക്കയുടെ അടുത്തുചെന്നപ്പോഴാ അൽഫോൻസാമ്മ ഉറങ്ങുകയായിരുന്നു. എങ്കിലും എന്തോ സംസാരിച്ചുകൊണ്ടിരുന്നു. ഉർസുലാമ്മയ്ക്കു ഒന്നും മനസ്സിലായില്ല. ഉർസുലാമ്മ അൽഫോൻസാമ്മയെ വിളിച്ചുണർത്തി മിണ്ടാട്ടക്കാലമായതുകൊണ്ടു് സംസാരിക്കുന്നതെന്താണെന്നു ചോദിച്ചു. അപ്പോഴാ അൽഫോൻസാമ്മ പറഞ്ഞു. ''ഇതാ വലിയ പ്രയോരച്ചൻ വന്നിരിക്കുന്നതു കുരുത്തിയമ്മ കാണുന്നില്ലേ. ഞാൻ ആശീർവ്വാദം അപേക്ഷിക്കട്ടെ'' എന്നു പറഞ്ഞുകൊണ്ടു തനിയെ എഴുന്നേറ്റിരുന്നു. അപ്പോഴത്തെ അൽഫോൻസാമ്മയുടെ സംസാരവും ആംഗ്യങ്ങളും കുര്യാക്കോസ് ഏലിയാസച്ചനെ നേരിട്ടു കണ്ടു സംസാരിക്കുന്നേരാളിനേക്കാളുതന്നെ ആയിരുന്നു. അൽഫോൻസാമ്മ തുടർന്നുപറഞ്ഞു ''എന്റെ ദീനം സുഖമായി വലിയ പ്രിയോരച്ചൻ ഇവിടെ വന്നു ഞാൻ കണ്ടു. എന്നെ ആശീർവ്വദിച്ചു. എന്നെ തൊട്ടു. ഈ ദീനം സുഖമായിരിക്കുന്നു. ഇനിമേലിൽ ഈ ദീനം നിനക്കുണ്ടാകുകയില്ല. എങ്കിലും നീ മറ്റു പലവിധ രോഗങ്ങളാൽ എന്നും പീഡിപ്പിക്കപ്പെടും എന്നും എന്നോടുപറഞ്ഞു. ഒരുപക്ഷെ

ഇതു് എന്റെ വെറും തോന്നലോ സ്വപ്നമോ ആയിരിക്കാം എന്നാൽ എനിക്കിപ്പോഴും ഒരു വിഷമവുമില്ല. രക്തപ്രവാഹം നിന്നു. തുടയിലുണ്ടായിരുന്ന വ്രണവും കരിഞ്ഞിരിക്കുന്നു'' അൽഫോൻസാമ്മ സംസാരിക്കുന്നതു കേട്ടു് രോഗശുശ്രൂഷകയായിരുന്ന ളയീസാമ്മ ഉറക്കംതെളിഞ്ഞു എഴുന്നേറ്റു. ഉർസുലാമ്മയുടെ നിർദ്ദേശപ്രകാരം അൽഫോൻസാമ്മയുടെ തുടയിൽ അതുവരെ പഴുത്തുപൊട്ടിക്കൊണ്ടിരുന്ന വ്രണം പരിശോധിച്ചു നോക്കിയതിൽ അതു പെട്ടെന്നു കരിഞ്ഞിരിക്കുന്നതായിക്കണ്ടു. തിരിയുകയൊ മറിയുകയൊ ചെയ്യുമ്പോഴും രക്തംപ്രവഹിച്ചിരുന്നതു അപ്പോഴും അൽഫോൻസാമ്മ എഴുന്നേറ്റു നടന്നിട്ടു് ഉണ്ടായില്ല. ആകയാൽ അൽഫോൻസാമ്മയ്ക്കു് ആ രാത്രിയിൽ പെട്ടെന്നു് പൂർണ്ണരോഗശാന്തി ലഭിച്ചതായി ബ. ഉർസുലാമ്മയ്ക്കും, സി. ളയീസാമ്മയ്ക്കും ബോദ്ധ്യമായി. ഉടനെ അൽഫോൻസാമ്മയോടൊന്നിച്ചു് ബ. ഉർസുലാമ്മയും സി. ളയീസായും കപ്പേളയിൽ പോയി കുറേനേരം ഉപകാരസ്മരണചെയ്തു. അതിനുശേഷം മൂന്നുപേരും പോയികിടന്നു.

അൽഫോൻസാമ്മയുടെ പെട്ടെന്നുള്ള രോഗശാന്തിയെ സംബന്ധിച്ചു് നോവീസു് മിസ്ട്രസ്സായ ബ. ഉർസുലാമ്മ പറഞ്ഞു ഞാനറിഞ്ഞിട്ടുള്ളതാണു്. ഈ അത്ഭുതമായ സുഖപ്രാപ്തി കുര്യാക്കോസു് ഏലിയാസച്ചന്റെ മാദ്ധ്യസ്ഥശക്തിയാൽ ഉണ്ടായതാണെന്നു് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

എന്നു്

പ്രം. മൂ. സ. ഈ. തിരുഹൃദയത്തിന്റെ
സി. ബ്രിജിറ്റു്

സി. മേരി മത്തീനാ വില്ലന്താനം, അമ്പാറനിരപ്പേൽ

(1958–ൽ മണിയംകുന്നു മഠത്തിൽ ആയിരുന്ന കാലത്താണു് എഴുത്തു് എഴുതുന്നതു്. സഹനവസന്യാസിനിയാണു്. ഇപ്പോഴും മലബാറിൽ ഉള്ള മഠത്തിലുണ്ടു്)

സ. മത്തീനാമ്മയുടെ പ്രസ്താവന

മണിയംകുന്നുമഠം
21–7–1958

1935 ആഗസ്റ്റു് 12–നു ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ വെച്ചു് ഞങ്ങൾക്കു് കാനോനിക നൊവിഷ്യേറ്റു് ആരംഭിച്ചു. മണിയംകുന്നു്–ഭരണങ്ങാനം ഈ മഠങ്ങളിൽ നിന്നും നൊവീഷ്യേറിനായുള്ള പുതുക്കന്യാസ്ത്രീകളും ഒരുമിച്ചു് ഒരു വള്ളത്തിലാണു് ചങ്ങനാശ്ശേരിക്കു പോയതു്. ക്ലേശപൂർണ്ണമായ ഒരു യാത്ര കഴിച്ചു് നിശ്ചിത ദിവസം ഞങ്ങളും സ്ഥലത്തു ചെന്നുചേർന്നു. നൊവിഷ്യേറ്റു ഗുരു ബ. ളയീസച്ചനും ഗുരുത്തി ബ. ഉർശ്ശുലാമ്മയും ആയിരുന്നു. നൊവിഷ്യേറു് ആരംഭിച്ച ദിവസം ബ. ഗുരുവച്ചൻ സാരസമ്പൂർണ്ണമായ ഒരു ഉപദേശം നൽകി. ആ ദിവസം മുതൽ നൊവിഷ്യേറിലെ ഓരോ നിയമങ്ങളും അതതിന്റെ പൂർണ്ണതയോടെ നിർവ്വഹിക്കുന്നതിനു് എല്ലാവരും ബദ്ധശ്രദ്ധരായിരുന്നു. നൊവിഷ്യേറിലെ നിഷ്കൃഷ്ടമായ നിയമങ്ങളും അനുനിമായി പാലിക്കുന്നതിനു് ബ. അൽഫോൻസാമ്മയും അതീവ തല്പരയായിരുന്നു. കുറേ ദിവസത്തേക്കു് ബ. അൽഫോൻസാമ്മ പൂർണ്ണസുഖത്തോടെ ഞങ്ങളുടെ കൂട്ടത്തിൽ എല്ലാ ക്രമങ്ങളും കൃത്യമായി അനുഷ്ഠിച്ചുകൊണ്ടു് നടന്നിരുന്നു. എന്നാൽ പൊടുന്നനവെ അൽഫോൻസാമ്മ രോഗബാധിതയായിത്തീരുകയാണുണ്ടായതു്. സുഖക്കേടിന്റെ വിവരം ബ. ഗുരുത്തിയമ്മയുടെ ലേഖനത്തിൽ നിന്നും അറിയാവുന്നതാണല്ലൊ. ആ ദീനത്തിന്റെ ഉഗ്രതയും

മറ്റു വിഷമതകളും അനുഭവസ്ഥരായ ഞങ്ങൾക്കും അനുഭവിച്ച ബ. അൽഫോൻസാമ്മയ്ക്കും മാത്രമെ അറിഞ്ഞുകൂടൂ. രക്തസ്രാവത്തിൽനിന്നും ഉണ്ടായ വിഷമതകൾക്കും പുറമേ കാലിലുണ്ടായ ഒരു നീരിന്റെ ഉഗ്രവേദനയും അനുഭവിക്കേണ്ടി വന്നു. കണ്ണിൽക്കൂടെയും മൂക്കിൽക്കൂടെയും രക്തം പ്രവഹിച്ചിരുന്നു. പരസഹായം കൂടാതെ എഴുന്നേൽക്കുന്നതിനോ അല്പമെങ്കിലും ആഹാരം കഴിക്കുന്നതിനോ സാധിച്ചിരുന്നില്ല. ഇടയ്ക്കിടയ്ക്ക് ഉണ്ടായിക്കൊണ്ടിരുന്ന പാരവശ്യം നിമിത്തം അത്യധികം അവശതയിലായി. നൊവീഷ്യറ്റു പൂർത്തിയാക്കാൻ സാധിക്കുമൊ എന്നുപോലും ഞാൻ സംശയിച്ചിട്ടുണ്ട്. കൂട്ടുസഹോദരികളായ ഞങ്ങൾ കഴിയുന്ന എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുത്തിരുന്നു. ശുശ്രൂഷയുടെ ഒരു നല്ല പങ്കു ഞാൻ വഹിച്ചിട്ടുണ്ട്. രാത്രിയിൽ കഠിന മിണ്ടാടക്കസമയത്തു് എല്ലാവരും കൂടെനടന്നു്. ഒച്ചപ്പാടുണ്ടാക്കാതിരിക്കാൻ ഒരാളെ മാത്രമെ ശുശ്രൂഷയ്ക്കു് അനുവദിച്ചിരുന്നുള്ളൂ. അതു മിക്കവാറും ബ. ളയീസാമ്മയാണു് വഹിച്ചിരുന്നതു്. സുഖക്കേടു് മൂർധന്യാവസ്ഥയിൽ എത്തി. അപ്പോഴും ബ. അൽഫോൻസാമ്മ അനുഭവിച്ചിരുന്ന വേദന കണ്ടിട്ടുള്ള ഞങ്ങൾക്കു് ഇപ്പോഴും കണ്ണുനീരോടുകൂടി മാത്രമെ അതേപ്പറ്റി സ്മരിക്കാൻ സാധിക്കയുള്ളൂ. ചികിത്സകൊണ്ടു യാതൊരു ഫലവും ഇല്ലെന്നും ഇനി പ്രാർത്ഥനയിൽ മാത്രമെ ശരണമുള്ളൂ എന്നും വളരെ തീക്ഷ്ണതയോടെ പ്രാർത്ഥിക്കണമെന്നും ബ. ഗുരുത്തിയമ്മ ഞങ്ങളോടു പറഞ്ഞു. ഈ അവസരത്തിൽ ബ. ഗുരുവചൻ അവിടെ വരികയും പെ. ബ. കൂര്യാക്കോസ് ഏലിയാസച്ചന്റെ ഒരു നവനാൾ ഈ നിയോഗത്തോടെ ഭക്തിപൂർവ്വം കഴിക്കണമെന്നു ഞങ്ങളോടു പറയുകയും ചെയ്തു. ബ. അൽഫോൻസാമ്മയുടെ തലയ്ക്കൽ വയ്ക്കുന്നതിനു് ദൈവദാസന്റെ ഒരു ഫോട്ടോയും കൊടുത്തു. ഞങ്ങൾ പൂർണ്ണവിശ്വാസത്തോടും ഉദ്ദിഷ്ടകാര്യം സാധിക്കുമെന്നുള്ള പൂർണ്ണശരണത്തോടും കൂടെ നൊവേന ആരംഭിച്ചു. നൊവേന ദിവസങ്ങളിലും സുഖക്കേടു് അടിക്കടി കൂടുതലായതല്ലാതെ ശമനം ഒന്നും ഉണ്ടായില്ല.

ബ. അൽഫോൻസാമ്മ കട്ടിലിൽ കിടന്നും കൊണ്ടുതന്നെ നൊവേന കഴിച്ചിരുന്നു. നവനാളിന്റെ ഒമ്പതാം ദിവസം രാത്രിയിൽ ഞങ്ങൾ ഉറങ്ങിക്കിടക്കവേ, ബ. അൽഫോൻസാമ്മ കിടക്കുന്ന സ്ഥലത്തുനിന്നും സംസാരം കേട്ടുകൊണ്ട് ഞാൻ എഴുന്നേറ്റു. അൽഫോൻസാമ്മയ്ക്കു കൂടുതൽ ആയതുകൊണ്ട് സഹോദരിമാർ എഴുന്നേറ്റു പരസ്പരം സംസാരിക്കുന്നതാണെന്നു വിചാരിച്ചുകൊണ്ടാണു ഞാൻ എഴുന്നേറ്റത്. ഞാൻ അവിടെനിന്ന് ആ സ്ഥലത്തേക്കു നോക്കിയിട്ട് അൽഫോൻസാമ്മയുടെ അടുത്തു ആരേയും കണ്ടില്ല. ബ. അൽഫോൻസാമ്മ എന്തൊക്കെയൊ സംസാരിക്കുന്നതു മാത്രം കേൾക്കാമായിരുന്നു. അപ്പോഴേക്കു ബ. ഗ്രുത്തിയമ്മയും എഴുന്നേറ്റു ചെന്നു. ഞാൻ അല്ഫോൻസാമ്മ കിടന്നിരുന്ന സ്ഥലത്തുനിന്നും അല്പം അകലെയായിരുന്നതുകൊണ്ട് എന്തൊക്കെയാണു സംസാരിച്ചതെന്നു മനസ്സിലായില്ല. ബ. ഗ്രുത്തിയമ്മയും ബ. ളയീസാമ്മയും എഴുന്നേറ്റു ചെന്നതുകൊണ്ടും കഠിനമിണ്ടേടക്കസമയത്തു് എല്ലാവരും കൂടി എഴുന്നേറ്റു നടന്നു് ഒച്ചപ്പാടുണ്ടാക്കുന്നതു ശരിയല്ലെന്നു കണ്ടതുകൊണ്ടും എന്തെങ്കിലും അത്യാവശ്യം ഉണ്ടെങ്കിൽ ബ. ഗ്രുത്തിയമ്മ വിളിക്കുമ്പോൾ പോയാൽ മതിയെന്നു് എനിക്കു തോന്നിയതുകൊണ്ടും ഞാൻ അവിടെത്തന്നെ കിടന്നു. തലേദിവസം ഞങ്ങൾ ഉറങ്ങാൻ പോകുന്നതു വരെ അത്യന്തം അവശയായി ഒരുവിധം മരണാസന്നയായി കിടക്കുന്നതു കണ്ട ബ. അൽഫോൻസാമ്മ അന്നു നേരം വെളുത്തപ്പോൾ എഴുന്നേറ്റു പല്ലുതേച്ചു മുഖം കഴുകുന്നതും പള്ളിയിൽ പോകുന്നതും വി. കുർബ്ബാന സ്വീകരിക്കുന്നതും മറ്റുമുള്ള കാഴ്ച ഞങ്ങളെ അത്ഭുതവിവശരാക്കി. നൊവേനയുടെ ഒമ്പതാം ദിവസം ആയിരുന്നതിനാൽ— രാത്രിയിൽ എന്തൊ വലിയ അത്ഭുതം ''വലിയ പ്രിയോരച്ചൻ'' വഴി നടന്നിട്ടുണ്ടെന്നു ഞാൻ മനസ്സിലാക്കി. വി. കുർബാന കഴിഞ്ഞു ഞങ്ങൾ കൂട്ടത്തിൽ വന്നപ്പോൾ വലിയ പ്രിയോരച്ചൻ അല്ഫോൻസാമ്മയെ സുഖപ്പെടുത്തിയെന്നു ബ. ഗ്രുത്തിയമ്മ പറഞ്ഞു. ആ അവസരത്തിൽ അല്ഫോൻ

സാമ്മ ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. രക്തസ്രാവം നിശ്ശേഷം മാറിയെന്നും. വ്രണം കരിഞ്ഞു എന്നും അൽഫോൻസാമ്മ തന്നെ ഞങ്ങളോടു പറഞ്ഞു. ഞാൻ കണ്ടറിഞ്ഞിട്ടുള്ള സംഗതികളാണു് മേൽപ്രസ്താവിച്ചതു്. ബ. അൽഫോൻസാമ്മയെ അത്യധികം പീഡിപ്പിച്ചിരുന്ന രക്തസ്രാവം എന്ന ദീനം ദൈവദാസനായ ചാവറ കുര്യാക്കോസച്ചന്റെ മാദ്ധ്യസ്ഥ ശക്തിയാൽ മാറിയിട്ടുള്ളതാണെന്നു് ഞാൻ കണ്ടു് അറിയുകയും പൂർണ്ണമായി വിശ്വസിക്കുകയും ആ പാവനചരിതന്റെ പുണ്യകീർത്തിയെ എന്നെന്നും നിലനിർത്താനുള്ള ഒരത്ഭുത സംഭവമായി ഇതിനെ ഞാൻ കരുതുകയും ചെയ്യുന്നു.

എന്നു്,

ഇ൪. തി. സ. മർത്തീനാ

സി. മേരി റീത്ത

(1958–ൽ വളക്കാട്ടുകുന്നു മഠത്തിൽ താമസിക്കുമ്പോഴാണു് ഈ സാക്ഷ്യം എഴുതുന്നതു്. അന്നു് ഈ സഹോദരി വളക്കാട്ടുകുന്നു മഠത്തിലെ മദർ സുപ്പീര്യർ ആയിരുന്നു. വാഴ്ത്ത. അൽഫോൻസാമ്മയും മേരി റീത്താമ്മയും ഭരണങ്ങാനം മഠത്തിലെ അംഗമായിരുന്നു. വാഴ്ത്ത. അല്പോൻസാമ്മയുടെളുടെ 7–ാം ക്ലാസിൽ ഒരുമിച്ചുപഠിച്ചു. വാഴ്ത്ത. അല്പോൻസാമ്മയുടെളുടെ സഹനവസന്യാസിനിയായിരുന്നു. വാഴ്ത്ത. അല്പോൻസാമ്മയുടെ രോഗാവസ്ഥയിൽ ശ്രുശ്രൂഷിച്ചിട്ടുണ്ടു്. അമ്പാറനിരപ്പേൽ ഇടവകക്കാരിയാണു്. ഇപ്പോഴും ഭരണങ്ങാനത്തുതു് അടുത്തുള്ള, കാക്കോളി മഠത്തിൽ വിശ്രമജീവിതം നയിക്കുന്നു.)

സി. മേരി റീത്തായുടെ പ്രസ്താവന

ഇ. മ. യ.

വളക്കാട്ടുകുന്നു്
രാമപുരം
18–11–58

സ്നേ. ബ. പിതാവെ!

ദൈവദാസനായ ബ. കുര്യാക്കോസച്ചന്റെ മദ്ധ്യസ്ഥം വഴിയായി, ദൈവദാസിയായ ബ. അല്പോൻസാ

മ്മയ്ക്ക ചങ്ങനാശ്ശേരി ക്രമത്തിൽവച്ച് നൊവീ
സ്യാത്തു കാലത്തു് ലഭിച്ച രോഗശാന്തിയെ സംബ
ന്ധിച്ച് അറിവുള്ള സംഗതികളും എഴുതി അയയ്ക്കണ
മെന്നുള്ള അങ്ങയുടെ ആഗ്രഹപ്രകാരം എന്റെ അറിവിൽ
പെട്ടതിനെ താഴെ ചേർക്കുന്നു.

ബ. അല്ഫോൻസാമ്മ 1935 ആഗസ്റ്റ് 12–ാം നു-
നൊവീസ്യാത്തിൽ പ്രവേശിച്ചു. ദൈവാനുഗ്രഹത്താൽ
ആ കൂട്ടത്തിൽ തന്നെ എനിക്കും അവിടെ പ്രവേശി
ക്കാൻ സാധിച്ചു. ബ. അല്ഫോൻസാമ്മ ഒരാഴ്ചത്തേക്കു
എല്ലാ കൂട്ടക്രമങ്ങളിലും സംബന്ധിച്ചു. അതുകഴിഞ്ഞു്
പഴയ സുഖക്കേടു് (രക്തസ്രാവം) ആരംഭിച്ചു. സാധാരണ
അല്ലാത്ത വിധത്തിൽ വായിൽകൂടിയും, മൂക്കിൽകൂടിയും
രക്തം ധാരാളം വരുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. അതോടു
കൂടി കാലിന്റെ തുടയിൽ മുകംഭാഗത്തായി ഒരു
വ്രണവും ഉണ്ടായി. നടക്കാൻ വയ്യാതെ വളരെ വിഷ
മിച്ചു് മുറിയിൽക്കൂടി നടക്കുന്നതും ഞങ്ങൾ കണ്ടു് കഴി
യുന്ന സഹായങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടു്. ഇതിനിട
യിൽ പല ചികിത്സകളും ചെയ്തെങ്കിലും യാതൊരു
പ്രയോജനവും ഉണ്ടായില്ല. ഇങ്ങനെ കുറെകഴിഞ്ഞ
പ്പോൾ ഞങ്ങളുടെ ഗുരുത്തിയമ്മയായിരുന്ന ബ.
ഉർശ്ശുലാമ്മ (ഭരണങ്ങാനം മഠം) ഈ സഹോദരിയെ
ഭരണങ്ങാനത്തിനു വിട്ടേക്കാം മറ്റു സഹോദരിമാർക്കും
മഠംകാർക്കും വിഷമമല്ലേ എന്നു പറയുമായിരുന്നു. അങ്ങനെ
യിരിക്കുമ്പോൾ ഒരു ദിവസം വന്ദ്യപിതാവു് (കാളാശ്ശേ
രിൽ മെത്രാനച്ചൻ) വരികയും ബ. അല്ഫോൻസാമ്മയെ
കാണുകയും ചെയ്തു. ആ അവസരത്തിൽ മറ്റുള്ളവരുടെ
ബുദ്ധിമുട്ടുകൊണ്ടു് തിരിച്ചുവിടണമെന്നു് പറഞ്ഞോ
എന്തോ ''അവൾ ഇവിടെത്തന്നെ കിടന്നുകൊള്ളട്ടെ
തിരിച്ചു വിടേണ്ടാ, മരിക്കുന്നെങ്കിൽ മരിച്ചുകൊള്ളട്ടെ''
എന്നു വന്ദ്യപിതാവു് തിരുമനസ്സുകൊണ്ടു് കല്പിച്ചു.

ബ. അൽഫോൻസാമ്മയ്ക്കു് അസുഖങ്ങൾ ഒന്നി
നൊന്നു് വർദ്ധിച്ചതല്ലാതെ കുറവൊന്നും കണ്ടില്ല. ഈ
സ്ഥിതിയിൽ ഇരിക്കുമ്പോൾ ഞങ്ങളുടെ നൊവീ
സ്യാത്തു് ഗുരുവായിരുന്ന ബ. ഉയീസച്ചൻ, ഏലിയാസ

ച്ചന്റെ ഒരു പ്രാർത്ഥനയും പടവും ബ. അല്ഫോൻസാമ്മയ്ക്കു കൊടുത്തു. ഈ പ്രാർത്ഥന ബ. അൽഫോൻസാമ്മ തനിച്ചും ഞങ്ങളും കൂട്ടമായും എത്തിച്ചു. നൊവേന ദിവസങ്ങളിലെല്ലാം തീരെ സുഖമില്ലായിരുന്നു. അവസാന ദിവസം ബ. അൽഫോൻസാമ്മ പൂർണ്ണസുഖം പ്രാപിച്ചു് ഞങ്ങളുടെ കൂട്ടത്തിൽ കപ്പേളയിൽ വന്നു് കുമ്പസാന കാണുകയും കൈക്കൊള്ളുകയും ചെയ്തു. ക്ഷീണ സമയമായപ്പോൾ ഭക്ഷണവും കഴിച്ചു. ഇതുകണ്ടു് ഞങ്ങളും എല്ലാവരും വിസ്മയിക്കുകയും സന്തോഷിക്കുകയും ചെയ്തു. ഭക്ഷണശേഷം ഉല്ലാസമായപ്പോൾ ബ. ഗ്രേത്തിയമ്മ ഞങ്ങളോടു് അൽഫോൻസാമ്മയ്ക്കു് ഏലിയാസച്ചന്റെ മാദ്ധ്യസ്ഥം മൂലം സുഖമായി എന്നു പറഞ്ഞു. ഈ സുഖപ്രാപ്തി ബ. ഏലിയാസച്ചന്റെ മാദ്ധ്യസ്ഥം മൂലമാണെന്നു് എനിക്കു് പൂർണ്ണവിശ്വാസമുണ്ടു്.

നൊവീഷ്യറു കഴിഞ്ഞു് ബ. അൽഫോൻസാമ്മ പറഞ്ഞൊപ്പു് കഴിഞ്ഞും എനിക്കു് പറഞ്ഞൊപ്പിനുള്ള കാലാവധി ആകാഞ്ഞതുകൊണ്ടു് അതു് കഴിയാതെയും ഞങ്ങളും ഭരണങ്ങാനത്തു വന്നു. കുറച്ചു കഴിഞ്ഞപ്പോൾ (എത്രനാളു് എന്നു് നിശ്ചയമില്ല.) അല്ഫോൻസാമ്മ പനിയായി കിടപ്പിലായി. കുറെനാൾ കഴിഞ്ഞപ്പോൾ അല്ഫോൻസാമ്മയ്ക്കു് ക്ഷയമാണു്, വീട്ടിൽ വിടുന്നു എന്നൊക്കെ കേട്ടു. ആ കാലങ്ങളിൽ തന്നെ അല്ഫോൻസാമ്മയുടെ പനി പോകുന്നതിനായി എല്ലാവരും കൂട്ടമായി ഏലിയാസച്ചന്റെ നൊവേന എത്തിക്കുവാൻ തുടങ്ങി. യാതൊരു കുറവും കണ്ടില്ല. ഒൻപതാം ദിവസം വി. കുമ്പസാന കഴിഞ്ഞു് എല്ലാവരും വന്നപ്പോൾ ബ. അൽഫോൻസാമ്മ പനിമാറി സുഖമായിരിക്കുന്നതു കണ്ടു് ഞങ്ങളും എല്ലാവരും സന്തോഷിച്ചു. ഈ സുഖപ്രാപ്തി ബ. ഏലിയാസച്ചന്റെ മനോഗ്രണത്താലാണു് എന്നു് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

എന്നു് എളിയ സഹോദരി

Sr. Mary Ritha
Mother Superior

സി. മേരി സിസ്സിലി കാഞ്ഞിരത്തിങ്കൽ കുടമാളൂർ

(1958–ൽ കുടമാളൂർ മഠത്തിലായിരുന്ന കാലത്താണ് ഈ സാക്ഷ്യം എഴുതുന്നത്. ഇപ്പോഴും ജീവിച്ചിരിപ്പില്ല.)

സി. മേരി സിസ്സിലിയുടെ പ്രസ്താവന

Clarist Convent
Kudamaloor
1-11-1958

ഏ. സ്തേ. പെ. ബ. പിതാവെ,

ബ. അൽഫോൻസാമ്മയുടെ പെ. ബ. കൃത്യാക്കോസ് ഏലിയാസച്ചൻ കാണപ്പെട്ട ദിനം സുഖപ്പെടുത്തിയതിനെ സംബന്ധിച്ച് അറിയാവുന്നത് എഴുതി അറിയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നല്ലോ. മറുപടി അയയ്ക്കാൻ താമസിച്ചതിൽ ക്ഷമിക്കണമെന്നും അപേക്ഷിക്കുന്നു.

ബ. അൽഫോൻസാമ്മ അത്താനിയായിട്ട് ചങ്ങനാശ്ശേരി ക്ലാരമഠത്തിന്റെ ബോർഡിംഗിൽ താമസിച്ചുകൊണ്ട് വാഴപ്പള്ളി മഠംവക സ്കൂളിൽ 8, 9, ക്ലാസ്സുകളിൽ പഠിച്ചിരുന്നു. പിന്നീട് 35 ആഗസ്റ്റിൽ കാനോനിക നൊവീഷ്യറിനും ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ താമസിച്ചു. എനിക്കും ബ. അല്ഫോൻസാമ്മയെ നല്ല പരിചയമായിരുന്നു.

നൊവീഷ്യറിൽവന്നും ഏകദേശം രണ്ടാഴ്ച കഴിഞ്ഞപ്പോഴും ബ. അല്ഫോൻസാമ്മയ്ക്ക് സുഖക്കേട് തുടങ്ങി ഒന്നിനൊന്നു വഷളിച്ചുവന്നു. പല ചികിത്സകളും ചെയ്തു. യാതൊരു കുറവും കണ്ടില്ല. നൊവീഷ്യറു പൂർത്തിയാക്കുവാൻ സാധിക്കുകയില്ലെന്നു ബ. മദറിനും ഗ്രഹിയമ്മയ്ക്കും തോന്നി. ഭരണങ്ങാനത്തിനു തിരിയെ വിടുന്നതിനു തീരുമാനിച്ചു. വന്ദ്യപിതാവിനെ അറിയിച്ചു. ബ. അല്ഫോൻസാമ്മയെ നന്നായി അറിഞ്ഞിരുന്ന വന്ദ്യപിതാവ് ''അവൾ ദീനത്തിൽ കിടന്നു നൊവീഷ്യറു പൂർത്തിയാക്കട്ടെ അതല്ല മരിക്കുന്നുവെങ്കിൽ മരിക്കട്ടെ. തിരിയെ വിടേണ്ട'' എന്നു കല്പിച്ചു.

അന്നത്തെ നൊവീഷ്യറ്റു ഗ്രൂ പെ. ബ. ളയീസച്ചൻ ആയിരുന്നു. അദ്ദേഹം വലിയ പ്രിയോരച്ചന്റെ ഒരു തികഞ്ഞ ഭക്തനാണു്. അദ്ദേഹം വലിയ പ്രിയോരച്ചന്റെ ഒരു ചെറിയ ഛായാപടവും അതിൽ അടിച്ച ഒരു നൊവേനയും അല്പോൻസാമ്മയ്ക്കൊടുത്തു് അപേക്ഷിക്കാൻ ഉപദേശിച്ചു. ബ. അല്പോൻസാമ്മ തനിച്ചും നവകന്യകകളും കൂട്ടമായും മഠത്തിൽ പൊതുവേയും നൊവേന എത്തിച്ചു. ബ. അല്പോൻസാമ്മയുടെ രോഗം ഒന്നിനൊന്നു വഷ്ടിച്ചുവന്നു. കിടക്കയിൽ തിരിഞ്ഞു കിടക്കുവാൻപോലും വഹിയാ എന്നായി. രോഗം കൂറുക അസാദ്ധ്യമെന്നു് എല്ലാവർക്കും തോന്നി. പ്രാർത്ഥനയിൽ ശരണം ഗമിച്ചു് നൊവേന മുടങ്ങാതെ നടത്തി.

നൊവേന 9 ദിവസം കഴിഞ്ഞു. പിറ്റെദിവസം രാവിലെ എല്ലാവരുടേയും കൂട്ടത്തിൽ തലേദിവസം വരെ അവശതയിൽ കിടന്നിരുന്ന ബ. അല്പോൻസാമ്മയെ ഉഷകാലജപം, ദിവ്യപൂജ മുതലായ ഭക്ത്യാഭ്യാസങ്ങളിൽ സംബന്ധിക്കുന്നതായി ഞാൻ എന്നല്ല മഠത്തിൽ മിക്കവരും തന്നെ കണ്ടു. കുബ്ബാന കഴിഞ്ഞു് ബ. ഉർശ്ശുലാമ്മയോടു് അല്പോൻസാമ്മയെക്കുറിച്ചു് അന്വേഷിച്ചപ്പോഴും ഒരത്ഭുതംകൊണ്ടല്ലാതെ പെട്ടെന്നു് ഇത്രയും ആരോഗ്യം ലഭിക്കുന്നതല്ലെന്നും പെ. ബ. പ്രിയോരച്ചന്റെ നൊവേനയുടെ ഫലമാണെന്നും ഇനിയും ആ സുഖക്കേടു് ഉണ്ടാകാൻ ഇടയില്ലെന്നും ആ വ്രണം തീർത്തും കരിഞ്ഞെന്നും പറയുകയുണ്ടായി.

അന്നുമുതൽ ഞങ്ങളിൽ പലരും വലിയ പ്രിയോരച്ചനെ വിശ്വാസികളുടെ പട്ടികയിൽ ചേർക്കുന്നതിനായി പ്രാർത്ഥിച്ചു വരുന്നു.

അങ്ങയുടെ അനുഗ്രഹാശീർവ്വാദം അപേക്ഷിച്ചുകൊണ്ടും പ്രാർത്ഥനയ്ക്കു കയ്യാളിച്ചുകൊണ്ടും നിർത്തുന്നു.

എന്നു്

അ. ശ്രു. പ്രം. മൂ. സ
സി. മേരി സിസ്സിലി.

സി. ഫിലോമിന ചെറുകരക്കുന്നേൽ

(1959–ൽ ചങ്ങനാശ്ശേരി ക്ലാരമഠത്തിൽ ആയിരുന്ന സമയത്താണു് ഇതെഴുതുന്നതു്. വാഴ്ത്ത. അൽഫോൻസാമ്മയുമായി ഒരു വർഷം ഒരുമിച്ചു പഠിച്ചു. ഒരു വർഷം ഒരുമിച്ചു താമസിച്ചു. വാഴ്ത്ത. അൽഫോൻസാമ്മയെ ശ്രുശ്രൂഷിച്ചിട്ടുണ്ടു്.

സി. ഫിലോമിനയുടെ പ്രസ്താവന

ഇ. മ. യ.

Clarist Convent
Changanacherry
16–9–1959

ഏ. സ്നേഹ ബ. പിതാവെ!

ഭരണങ്ങാനത്തുവച്ചു് എന്നോടു പറഞ്ഞപ്രകാരം ദൈവദാസനായ ചാവറ കുര്യാക്കോസു് ഏലിയാസച്ചന്റെ സഹായത്താൽ ദൈവദാസിയായ അല്പോൻസാമ്മയ്ക്കു് ലഭിച്ച അത്ഭുതകരമായ രോഗശാന്തിയെപ്പറ്റി എനിക്കറിവുള്ള സംഗതികളും എഴുതി അറിയിക്കുന്നു.

പല തെറ്റുകളും വന്നുകാണും. എഴുതിക്കൊണ്ടിരിക്കുമ്പോഴും ഓർക്കുന്നകാര്യം മറന്നുപോകുന്നു. കണ്ണും കാണാൻ പാടില്ല. എന്നോടു് ക്ഷമിക്കേണമെ.

ഇതിനു് സഹായകമായി അയച്ചുതന്ന രണ്ടു പുസ്തകങ്ങളും നൊവേന കടലാസും തിരുശേഷിപ്പും കിട്ടി. എഴുത്തിൽ പറഞ്ഞിരുന്നതുപോലെ എല്ലാം ഓരോന്നു് ക്ലാരമ്മയ്ക്കും കൊടുത്തു. ഞങ്ങളും രണ്ടുപേരും വളരെ വളരെ ഉപകാരം പറയുന്നു. എന്റെ കണ്ണിനു് ദൈവത്തിരുമനസ്സുണ്ടെങ്കിൽ കാഴ്ചലഭിക്കുന്നതിനുവേണ്ടി ദൈവദാസനോടു് നിരന്തരം പ്രാർത്ഥിക്കുന്നുണ്ടു്. എനിക്കുവേണ്ടി പിതാവും എല്ലാ ബ. അച്ചന്മാരും, ദൈവദാസനോടു് പ്രാർത്ഥിക്കേണമെ. സുഖം ലഭിച്ചാൽ ഉടനെ അവിടെ

അറിയിക്കുന്നതാണ്. ആശീർവ്വാദം അപേക്ഷിച്ചുകൊണ്ട്
പ്രാർത്ഥനയുടെ ഐക്യതയിൽ

എന്ന് അങ്ങേ അയോഗ്യദാസി

പ്ര. മൂ. സ.

യൗ. സിസ്റ്റർ ഫിലോമിനാ

1935 ആഗസ്റ്റു 12—ാം നു- ദൈവദാസിയായ അൽ ഫോൻസാമ്മ ചങ്ങനാശ്ശേരി ക്കാരമഠത്തിൽ കാനോനിക നൊവീഷ്യേററിന് വന്നു.

മൂന്നു വർഷക്കാലം ദൈവദാസിയും ഞാനും അടു ത്തു പരിചയപ്പെട്ടന്നതിനു ഇടയായിട്ടുണ്ട്. രണ്ടു കൊ ല്ലം ഞങ്ങടം ഒന്നിച്ച് വാഴപ്പള്ളിയിൽ പോയി പഠി ക്കയും ചെയ്തു. ഞാൻ ഏഴാം ക്ലാസ്സിലും ദൈവദാസി 8—ലും 9—ലും ആണ് പഠിച്ചിരുന്നതു്. പിന്നീട് നൊ വീഷ്യേററിൽ വെച്ചാണ്.

ഇവിടെ വന്ന് കുറെ ദിവസത്തേക്കു് ദിനചര്യകടം കൃത്യമായി ചെയ്യകൊണ്ടിരുന്നു. പിന്നീട് സുഖമില്ലാ തായി. ഗുരുത്തിയമ്മസ്സു് (ബ. ഉർസുലാമ്മ) നല്ല സുഖമി ല്ലാതായി. വേറെ ദീനക്കാരുണ്ടായിരുന്നതിനാൽ ഗുരു ത്തിയമ്മയെക്കൊണ്ടതന്നെ സാധിക്കാതെ വന്നതി നാൽ ഗുരുത്തിയമ്മയുടെ ആഗ്രഹപ്രകാരം വന്ദ്യപി താവ് (കാളാശ്ശേരിൽ ജെയിംസ് മെത്രാനച്ചൻ) എ ന്നെ ഗുരുത്തിയമ്മയുടെ— ബ. ഉർസുലാമ്മയുടെ സഹാ യക്കാരത്തിയും രോഗശുശ്രൂഷിയുമായി നിയമിച്ചു. ഉർ സുലാമ്മ എന്നെ നൊവീഷ്യേററിൽ കൊണ്ടുപോയി. ദൈവദാസിയുടെ അടുക്കൽ നിർത്തി. അൽഫോൻസാമ്മ സുഖമില്ലാതെ കട്ടിലിൽകിടക്കയാണ്. എന്നെ കണ്ടപ്പോഠം വലിയ സന്തോഷം കാണിച്ചു. അതിനുശേ ഷം ഗുരുത്തിയമ്മ മറ്റുള്ളവക്കു് ഉപദേശം കൊടുക്കുന്ന തിനായി പോയി. എന്താണ് സുഖക്കേടു് എങ്ങനെ യിരിക്കുന്നു എന്നു ഞാൻ ചോദിച്ചു. അപ്പോഠം സുഖ

ക്കേടിന്റെ സകല വിവരങ്ങളും സ്വതസിദ്ധമായ പുഞ്ചിരിയോടും ശിശുസഹജമായ നിഷ്കപടതയോടും കൂടി എന്നെ പറഞ്ഞുകേൾപ്പിച്ചു.

ഞാൻ വാകക്കാട്ടിൽ ഒരു കൊല്ലം പഠിപ്പിക്കാൻ പോയി. തിരിച്ചുപോരുമ്പോൾ എളപ്പത്തിന് വേണ്ടി ഒരു വലിയ കുന്ന് കയറിയും വേറെ വലിയൊരു കുന്ന് ഇറങ്ങിയും കഴിഞ്ഞപ്പോൾ എനിക്ക് ഭയങ്കരമായ വയറ്റിൽ വേദന ഉണ്ടായി. അതോടുകൂടി എന്റെ സുഖക്കേട് വർദ്ധിച്ചു. പിന്നെ ഒരുപാട് ചികിത്സ ചെയ്തു സുഖമായതായിരുന്നു. ഇപ്പോൾ ഇവിടെ വന്ന് കോവണി പലപ്രാവശ്യം കയറുകയും ഇറങ്ങുകയും ചെയ്തപ്പോൾ വീണ്ടും പഴയ സുഖക്കേട് ആരംഭിച്ചു. കിടക്കാനും ഇരിക്കാനും നടക്കാനും ഒന്നും പാടില്ല. എനിക്ക് നൊവീഷ്യേറ്റു കാക്കാൻ സാധിക്കയില്ലെന്നാണ് തോന്നുന്നത്. സാരമില്ല. നമുക്കു പ്രാർത്ഥിക്കാം. ക്ഷാരപുണ്യവതി സുഖംതരും വിഷമിക്കേണ്ടാ എന്നുപറഞ്ഞ് ആശ്വസിപ്പിച്ചു. അതെസമയം ഭയങ്കരമായ വേദനയും രക്തസ്രാവവും കാലിന്റെ തുടയിൽ ഒരു ചെറിയ പൊതിച്ച തേങ്ങായുടെ വലിപ്പത്തിൽ രക്തനിറത്തിൽ ഒരു നീരും ഈ സംഗതികൾ ദൈവദാസി തന്നെ എന്നോട് പറഞ്ഞറിഞ്ഞതാണ്, വേദന ശക്തിപ്പെട്ടവരുമ്പോൾ വയറുവീർത്തു കണ്ടുനിൽക്കുന്നവർക്ക് പേടി തോന്നിക്കത്തക്കവിധത്തിൽ അനക്കമില്ലാതെ ജീവനുണ്ടോയെന്ന് സംശയം തോന്നി നാഡിപിടിക്കയും മൂക്കിനു സമീപം കൈവച്ചു നോക്കുകയും ചെയ്തിട്ടുണ്ട്. ഡോ. പൂവാട്ടി M. B. B. S. പഠിച്ച മരുന്നുകളൊക്കെ ചെയ്തു. യാതൊരു ഫലവും ഉണ്ടായില്ല. ഇങ്ങനെ ഒരു സുഖക്കേട് ഞാൻ കണ്ടിട്ടില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. ഇത്രയും വലിയ ഒരു ദീനക്കാരിയെ നൊവീഷ്യേറ്റിൽ വച്ചുകൊണ്ടിരിക്കുന്നത് ആ ആളിനും മറ്റു സഹോദരികൾക്കും ബുദ്ധിമുട്ടിനു കാരണമാണെന്നു എല്ലാവരും അഭിപ്രായപ്പെട്ടു. എന്നാൽ സുഖക്കേട് ഒന്നിനൊന്ന് വർദ്ധിച്ചുവന്നതിനാൽ വിവരം വന്ദ്യപി

താവിനെ—കാലം ചെയ്ത കാളാശ്ശേരിൽ മെത്രാനച്ചനെ അറിയിച്ചു. വന്ധ്യപിതാവു് ഞാൻ വന്നു് അവളെ ഒന്നു കാണട്ടെ. പിതാവു് വന്നു് രോഗിയെ സന്ദർശിച്ചു. അവളെ ഭരണങ്ങാനത്തിനു് അയയ്ക്കണ്ടാ. ഇവിടെ കിടന്നു മരിച്ചുകൊള്ളട്ടെയെന്നു് കല്പിച്ചു. അന്നുമുതൽ വലിയ സന്തോഷമായി.

ഇങ്ങനെ കുറെ ദിവസമായി ദൈവദാസിയെ കാണാതെ ആയപ്പോഴും ഗ്രുവച്ചൻ പെ. ബ. ളയീസച്ചൻ തിരക്കി. ആ കൊച്ചിനു് എന്താണു് സുഖക്കേടു് എന്നു് ബ. ഉർസുലാമ്മയോടു് ചോദിച്ചു. സുവിശേഷത്തിലെ സ്ത്രീയുടെ സുഖക്കേടാണെന്നു പറഞ്ഞു. അപ്പോഴും അദ്ദേഹം സഹതാപം പ്രദർശിപ്പിച്ചുകൊണ്ടു് ദൈവദാസി കിടന്നിരുന്ന മുറിയിലേക്കു് ഗ്രുത്തിയമ്മയോടുകൂടി വന്നു. ആ സമയം ചൂടുപിടിച്ചുകൊണ്ടു് ഞാൻ മുറിയിൽ ഉണ്ടായിരുന്നു. ഞാൻ വെളിയിലേക്കു് ഇറങ്ങി. ഭയങ്കരമായ വേദന അനുഭവിച്ചുകൊണ്ടു് കിടക്കയാണു്. വേദനയുള്ള ഭാഗത്തു് ഒരാളിന്റെ ശക്തി മുഴുവൻ എടുത്തു് അമർത്തിയാൽ പോലും വേദനയ്ക്കു് ശമനം ഉണ്ടായിരുന്നില്ല. രക്തപ്രവാഹം വർദ്ധിച്ചിരുന്നു. വായിൽനിന്നും മൂക്കിൽനിന്നും രക്തം ചിലപ്പോഴും ചെവിയിൽനിന്നു വരുന്നതും ഞാൻ കണ്ടിട്ടുണ്ടു്. അതിനോടുകൂടി കാലിന്റെ തുടയിൽ ഒരു പൊതിച്ച തേങ്ങായുടെ വലിപ്പത്തിൽ ഒരു നീരും ഉണ്ടായിരുന്നു. അതു് ദൈവദാസി തന്നെ എന്നോടു് പറഞ്ഞതാണു്. അതുകൊണ്ടു് കിടക്കുന്നതിനും ഇരിക്കുന്നതിനും നടക്കുന്നതിനും വിഷമമായിരുന്നു. ഇങ്ങനെ കിടക്കുന്ന അവസരത്തിലാണു് ബ. ഗ്രുവച്ചൻ വന്നു് ദൈവദാസിയെ കണ്ടതു്.

കേരള സുറിയാനി കമ്മലീത്താ സഭയുടെ സ്ഥാപകനും പാവനചരിതനുമായിരുന്ന 1871—ൽ കാലം ചെയ്ത ചാവറ കുര്യാക്കോസു് ഏലിയാസച്ചന്റെ മരണവും അതിനുശേഷം അദ്ദേഹം മൂലം ലഭിച്ചുകൊണ്ടിരിക്കുന്ന അത്ഭുതങ്ങളും രോഗശാന്തികളും അദ്ദേഹം ദൈ

വദാസിയെ പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹത്തെ വലിയ പ്രിയോരച്ചൻ എന്നാണ് അറിയപ്പെടുന്നതു്. അദ്ദേഹവും ഒരു വലിയ ഭക്തനായിരുന്നു. നമുക്കു് അദ്ദേഹത്തോടു് മാദ്ധ്യസ്ഥം അപേക്ഷിക്കാം. കുഞ്ഞിന്റെ ദീനം നിശ്ചയമായും സുഖമാകും എന്നു പറഞ്ഞു ഒരു പ്രാർത്ഥന ദൈവദാസിക്കു് കൊടുക്കുകയും ചെയ്തു.

ദൈവദാസന്റെ ആ ഛായാപടം വലിയ വിശ്വാസത്തോടും സ്നേഹത്തോടും കൂടി വാങ്ങിച്ചു് ചുംബിച്ചു് തലയണയുടെ അടുത്തു സൂക്ഷിച്ചുവെച്ചു പ്രാർത്ഥിക്കുവാൻ തുടങ്ങി.

കുറെ കഴിഞ്ഞു് ഞാൻ അടുത്തുവന്നപ്പോൾ ബ. ഗ്രുവച്ചൻ പറഞ്ഞകാര്യങ്ങളും വളരെ സന്തോഷത്തോടെ പടം എടുത്തു ചുംബിച്ചുകൊണ്ടു് കാണിച്ചു. ദൈവദാസി തനിച്ചും മറ്റുള്ള പുതുക്കന്യാസ്ത്രീകളും കൂട്ടമായും പ്രാർത്ഥന തുടങ്ങി. നൊവേന തുടങ്ങിയപ്പോൾ രോഗം കുറയുന്നതിനു പകരം ഒന്നിനൊന്നു് വർദ്ധിച്ചു വരികയാണുണ്ടായതു്. ഞാൻ നൊവേന കഴിച്ചിട്ടു് സുഖക്കേടു് കൂടിവരികയാണെന്നു് ദൈവദാസി പറഞ്ഞു. സാരമില്ല കൂടിയിട്ടു കുറയുവാനാണു് എന്നു് ഞാൻ പറഞ്ഞു. ഈ ദിവസങ്ങളിലൊക്കെ ഒരു തുള്ളി വെള്ളം പോലും ഇറക്കാൻ വയ്യാതെ മരണകരമായ നിലയിൽ കിടക്കയാണു്. മരിക്കുവാൻ കിടക്കുന്നവക്കു് തൊട്ടു് ചുണ്ടുനനയ്ക്കുന്ന മാതിരി ഞാനും മറ്റു പുതുക്കന്യാസ്ത്രീകളും മാറി മാറിചുണ്ടു് നനച്ചിരുന്നു. മരിച്ചുപോകുമെന്നു് ഞങ്ങൾ തീർച്ചപ്പെടുത്തി. കുറെ കഴിഞ്ഞപ്പോൾ ഒരു മാതിരി ബോധം വന്നെങ്കിലും അപകടം മാറിയില്ലാഞ്ഞതിനാൽ എല്ലാവരേയും കിടക്കുന്നതിനു് ഗ്രുത്തിയമ്മ—ഉർസുലാമ്മ പറഞ്ഞുവിട്ട അമ്മയും കിടന്നു. കുറെ കഴിഞ്ഞു് നൊവീഷ്യേറ്റിലുള്ള ഒരു പുതുക്കന്യാസ്ത്രീ (ബ. ളൂവീസ) ഞാൻ നോക്കിക്കൊള്ളാം എന്തെങ്കിലും വിശേഷം ഉണ്ടെങ്കിൽ അറിയിക്കാം കിടന്നു് ഉറങ്ങാൻ പറഞ്ഞതുകൊണ്ടു് താഴത്തെ നിലയിലുള്ള എന്റെ മുറിയിൽ വന്നു കിടന്നു. മരിച്ചുപോകും

എന്നെ ഇപ്പോഴും വിളിക്കും എന്നുള്ള വിചാരത്തോടു കൂടിയാണു് ഞാൻ കിടന്നതു്.

നൊവേനയുടെ ഒൻപതാം ദിവസം രാവിലെ ഞാൻ കപ്പേളയിൽ ചെന്നപ്പോഴും എല്ലാവരുടേയും കൂടെ ദൈവദാസിയും നിൽക്കുന്നതു കണ്ടു. ഇതെന്തൊരദ്ഭുതം എന്റെ കണ്ണു് എന്നെ വഞ്ചിക്കുന്നതാണോ എന്നെനിക്കു് സംശയം തോന്നി. അറിയാത്ത ഭാവത്തിൽ സമീപത്തുകൂടി ഒന്നു കടന്നു പോയി.

കുർബ്ബാന കഴിഞ്ഞു് അവർ നൊവീഷ്യേറ്റു മുറിയിലേക്കു പോയ കൂട്ടത്തിൽ ഞാനും അവിടെ ചെന്നു. ഇതെന്തുകളിയാണു് അൽഫോൻസാ എന്നു ചോദിച്ചപ്പോഴും ചിരിച്ചുകൊണ്ടു് ''എനിക്കു് ഇനി ചൂടുവെള്ളം വേണ്ട, കാപ്പിതാ, കഞ്ഞിതാ എന്നു പറഞ്ഞുകൊണ്ടിരുന്നു.

ഞാൻ ആശ്ചര്യത്തോടുകൂടി ഗ്രുത്തിയമ്മേ എന്താണു് ഈ കൊച്ചു പറയുന്നതു്. ''ദിനം സുഖമായി എന്നും എനിക്കു് ഒന്നും ഇല്ലെന്നും'' അമ്മ കുറെ നേരം മിണ്ടാതെ ഇരുന്നു. ഞാൻ വീണ്ടും നിർബ്ബന്ധിച്ചു ചോദിച്ചപ്പോഴും ഈ രാത്രിയിൽ അൽഫോൻസായുടെ മുറിയിൽ കഠിനമിണ്ടടക്കസമയത്തു് ആരോ സംസാരിക്കുന്നതു കേട്ടു. സംസാരം ആരാണെന്നു നോക്കാൻ ചെന്നു. ആരെയും അവിടെ കണ്ടില്ല ദൈവദാസി ഉറങ്ങുകയാണു്. ഞാൻ അടുത്തുചെന്നു നിന്നു. എന്തൊക്കെയൊ സംസാരിക്കുകയും ആംഗ്യം കാണിക്കയും ചെയ്യുന്നുണ്ടു്. ഒന്നും മനസ്സിലാകുന്നില്ല. ഞാൻ കട്ടിലിൽ കൊട്ടി വിളിച്ചുണർത്തി. മിണ്ടടക്കസമയത്തു് കുഞ്ഞെന്താണു് സംസാരിക്കുന്നതെന്നു് ചോദിച്ചു. ഗ്രുത്തിയമ്മ കണ്ടില്ലെ ഇതാ വലിയ പ്രിയോരച്ചൻ വന്നിരിക്കുന്നു. ഞാൻ ആശീർവാദം അപേക്ഷിക്കയാണു് എന്നു പറഞ്ഞു് തനിയെ എഴുന്നേറ്റിരുന്നു. അതിനുശേഷം ഞാനും ളയീസായും ദൈവദാസിയോടു കൂടി കപ്പേളയിൽ പോയി ഉപകാരസ്മരണ ചെയ്തുവെന്നു് അമ്മ എന്നോടു പറഞ്ഞു.

D.V.K. Library,
Bangalore-560 029.

അതിനുശേഷം ദൈവദാസിയോട് ഞാൻ ചോദിച്ചു. ചിരിച്ചു കൊണ്ടിരുന്നതല്ലാതെ പറഞ്ഞില്ല ഗുരുവച്ചന്റെ ഓമ്മയോട് കിടന്നതുകൊണ്ട് സ്വപ്നം കണ്ടതായിരിക്കും. ഇങ്ങനെ പല അടവുകളും പറഞ്ഞപ്പോഴും അല്ല വലിയ പ്രിയോരച്ചന്റെ പടം എടുത്ത് മുത്തിക്കൊണ്ട് ഈ ആളിനെ ആണ് കണ്ടതും എന്റെ സുഖക്കേട് സുഖമാക്കിയതെന്നും പറഞ്ഞു. ഇത് ദൈവദാസി എന്നോട് പറഞ്ഞതാണ്.

ഇത്രയും അവശതയിൽ കിടന്ന ദൈവദാസി പെട്ടെന്നു സുഖമായി കൂട്ടക്രമങ്ങളിൽ പോകുവാൻ തക്ക ആരോഗ്യം ഉണ്ടായത് വലിയ പ്രിയോരച്ചന്റെ സഹായത്താൽ ആണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഇത്രയും സംഗതികൾ എനിക്ക് കണ്ടും കേട്ടും ദൈവദാസി തന്നെ പറഞ്ഞും അനുഭവമാണ്. ദൈവദാസി രോഗവിമുക്തയായി നിത്യ വ്രതവാഗ്ദാനം കഴിഞ്ഞ് ഭരണങ്ങാനത്തിന് പോകുന്നതുവരെയുള്ള സംഗതികളാണ്. വാക്കുകളിൽ തെറ്റും വാചകവേർച്ചയും ഇല്ലാതെ വന്നിട്ടുള്ളത് ദയവായി എന്നോട് ക്ഷമിക്കണം എനിക്കുവേണ്ടി അപേക്ഷിക്കണമെ.

ആശീർവ്വാദം അപേക്ഷിച്ചുകൊണ്ട് നിറുത്തുന്നു.

എന്ന്. അ. അ. ദാസി.

പ്ര. മ. സ.

Sr. Philomina

സി. മേരിസെലസ്റ്റീനാ, കൊച്ചുകണ്ടത്തുങ്കര

(അരുവിത്തുറ തീക്കോയി മഠത്തിൽനിന്നും 1958–ൽ എഴുതി അറിയിച്ച സാക്ഷ്യമാണ്. സഹനോവീസ് ആയിരുന്നതിനാൽ അടുത്തു ശ്രുശ്രൂഷിക്കുവാൻ ധാരാളം അവസരം കിട്ടിയിട്ടുണ്ട്. ഇപ്പോൾ ജീവിച്ചിരിപ്പില്ല.)

ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാ സച്ചൻ ദൈവദാസി അമലോത്ഭവത്തിന്റെ അൽഫോൻ സാമ്മയ്ക്ക് നൽകിയ അത്ഭുത രോഗശാന്തിയെപ്പറ്റി തീക്കോയി ക്ലാരമഠാംഗമായ ഉണ്ണിയീശോയുടെ സഹോദരി മേരിസെലസ്റ്റീനാ (കൊച്ചുകണ്ടത്തുങ്കര അരുവിത്തുറ) നൽകുന്ന സാക്ഷ്യം.

1929–ൽ ഞാൻ ചങ്ങനാശേരി ക്ലാരമഠം വക ബോർഡിംഗിൽ താമസിക്കുന്ന കാലത്ത് അത്ഥിനിയായിരുന്ന ദൈവദാസിയുമായി സഹപാഠി എന്ന നിലയിലും, 1935 ആഗസ്റ്റ് 12 മുതൽ 1936 ആഗസ്റ്റ് 12 വരെ സഹനോവീസ് എന്ന നിലയിലും ആത്മാർത്ഥമായ സ്നേഹത്തോടും വിശ്വാസത്തോടും കൂടി ഏറ്റം അടുത്തു പെരുമാറുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ദൈവദാസി അൽഫോൻസാമ്മ ശിരോവസ്ത്രധാരിയായി എന്റെ സഹപാഠിയായിരുന്ന കാലത്ത് കുശുമ്പാത്രിയെങ്കിലും പറയത്തക്ക യാതൊരു സുഖക്കേടും അവർക്ക് ഉണ്ടായിരുന്നില്ല. 1930 ൽ സന്യാസവസ്ത്രം ധരിച്ച് നവസന്യാസിനിയായി പഠിച്ചുകൊണ്ടിരിക്കുമ്പോൾ രക്തസ്രാവം എന്ന സുഖക്കേട് പിടിപെട്ടു. അന്നുമുതൽ പല വിദഗ്ധന്മാരായ ഡോക്ടർമാരും ചികിത്സിച്ചിട്ടുണ്ട്. ഇടയ്ക്കിടെ രോഗത്തിന് ശമനമുണ്ടാകുമെന്നല്ലാതെ ഒരിക്കലും പൂർണ്ണ സുഖം കിട്ടിയിരുന്നില്ല. 1934–ൽ ആണ് ചങ്ങനാശ്ശേരി രൂപതയിലെ ക്ലാരസഭക്കാരായ നവകന്യകകൾക്ക് കാനോനിക നൊവീഷ്യറ് ആദ്യമായി ആരംഭിച്ചത്. നോവീസ് മാസ്റ്റർ ബ. ഉയീസച്ചനും നോവീസ് മിസ്ട്രസ്

ഉർശ്ശുലാമ്മ മടുറം ആയിരുന്നു. 1935 ആഗസ്റ്റു 12–ാംനു് രണ്ടാമത്തെ ബാച്ചുകാരുടെ നൊവീഷ്യറ്റു് ആരംഭിച്ചു. ഞാനും സ. മത്തീനായും (മണിയംകുന്നു മഠാംഗവും ഇപ്പോഠം അവിടുത്തെ ശ്രേഷ്ഠത്തിയും) ദൈവദാസി അൽഫോൻസാമ്മയും കൂട്ടരും, ഒരുമിച്ചു് 1935 ആഗസ്റ്റു 11–ാംനു് രാവിലെ ഭരണങ്ങാനത്തുനിന്നും പുറപ്പെട്ടു് ദീഘ്ഘവും പ്രയാസമേറിയതുമായ വഞ്ചിയാത്ര കഴിച്ചു് 12–ാംനു രാവിലെ ചങ്ങനാശ്ശേരിയിലെത്തി. അന്നുതന്നെ ഞങ്ങഠം നൊവീഷ്യറ്റിൽ പ്രവേശിച്ചു. യാത്രാക്ഷീണവും മറും ഉണ്ടായിരുന്നിട്ടും ദൈവദാസി കൂട്ടുകുമങ്ങളെല്ലാം ശരിക്കു് അനുസരിച്ചുപോന്നു. പിന്നീടു് അവം രോഗബാധിതയായി ശയ്യയെ അവലംബിച്ചു. വയറ്റിൽനിന്നുമുള്ള രക്തപ്രവാഹം നിമിത്തം പരസഹായം കൂടാതെ ഒന്നും ചെയ്യാൻ നിവൃത്തിയില്ലാതായി. ചിലപ്പോം കണ്ണിൽകൂടിയും, മൂക്കിൽ കൂടിയും രക്തം പ്രവഹിക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. രോഗം മൂർദ്ധന്യാവസ്ഥയിൽ എത്തി. കാൽത്തുടയുടെ അകത്തു് മുകളിലായി ഒരു വ്രണവും ഉണ്ടായിരുന്നു. സഹനോവീസുകളായ ഞങ്ങഠം വേണ്ട ശുശ്രൂഷകഠം ചെയ്തുകൊണ്ടിരുന്നു. ഇങ്ങനെയിരിക്കെ ഒരു ദിവസം ചാവറ കുര്യാക്കോസച്ചന്റെ ജീവചരിത്രവും പുണ്യകീർത്തിയും മാദ്ധ്യസ്ഥശക്തിയും ഞങ്ങളുടെ ഗുരുവായ പെ. ബ. ളയീസച്ചൻ ഞങ്ങളോടു് പറഞ്ഞു മനസ്സിലാക്കി. ''വലിയ പ്രിയോരച്ചൻ'' എന്നപേരിലാണു് ദൈവദാസനെ അന്നു് അറിയപ്പെട്ടിരുന്നതു്. ദൈവദാസി അൽഫോൻസാമ്മയുടെ സുഖക്കേടു് ഭേദമാകുന്നതിനായി വലിയ പ്രിയോരച്ചനോടുള്ള ഒരു നൊവേന ഞങ്ങഠം കൂട്ടത്തിലും അൽഫോൽസാമ്മ തനിച്ചും ഏറ്റെടുത്തിക്കാൻ ഉപദേശിച്ചുകൊണ്ടു് അദ്ദേഹം ഒരു പ്രാർത്ഥനയുംതന്നു. വലിയ മനോവിശ്വാസത്തോടെ ഞങ്ങഠം ഒൻപതുനൊവേനകഴിച്ചു. നൊവേനയുടെ അവസാനദിവസം രോഗിണി പൂർണ്ണസുഖം പ്രാപിച്ചു. നിശ്ചയമായും വലിയ പ്രിയോരച്ചൻ ചെയ്ത അത്ഭുതത്താലാണു് ഇതു് സംഭവിച്ചതെന്നു് എനിക്കുതോന്നി. ദൈവദാസി അൽഫോൻസാമ്മയും ഞാനും തമ്മിൽ കണ്ടുമുട്ടിയനാം തുടങ്ങി

ഞങ്ങളും പരസ്പരസ്നേഹത്തോടും മനോവിശ്വാസത്തോടും കൂടി ജീവിക്കയും ആദ്ധ്യാത്മിക കാര്യങ്ങളെക്കുറിച്ചുപോലും തുറന്നു സംസാരിക്കുകയും ചെയ്തിരുന്നു. ആയതുകൊണ്ട് പെട്ടെന്നുണ്ടായ ഈ സുഖപ്രാപ്തിയുടെ വിവരം അറിവാൻ തക്കസമയം നോക്കി ഞാൻ തനിച്ച് അൽഫോൻസാമ്മയുടെ അടുത്തെത്തി. സുഖവിവരങ്ങളും ചോദിച്ചുകൊണ്ട് സംഭവിച്ചതെല്ലാം എന്നോടു പറയണമെന്നു ഞാൻ നിർബന്ധിച്ചു. അപ്പോൾ വലിയ സന്തോഷത്തോടെ ചിരിച്ചുകൊണ്ട്, ''വലിയ പ്രിയോരച്ചനാണു സുഖപ്പെടുത്തിയതു്. ഇനി ആ സുഖക്കേടു ഉണ്ടാകുകയില്ല. ഈ വിവരം ആരോടും പറയരുതെന്നു ളയീസച്ചൻ എന്നോടു പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു എന്റെ സെലസ്റ്റീനാമ്മേ! ഇതു് ആരോടും പറയല്ലെ'' എന്നു ദൈവദാസിതന്നെ എന്നോടു് പറഞ്ഞു. പിന്നീടു് രക്തസ്രാവം എന്ന സുഖക്കേടു ദൈവദാസിക്കു് മരണംവരെ ഉണ്ടായിട്ടില്ല. ഈ അത്ഭുതരോഗശാന്തി ശാശ്വതവും പരിപൂർണ്ണവും ആയിരുന്നു. ഇതു് ദൈവദാസൻ ചാവറ കുര്യാക്കോസു് ഏലിയാസച്ചന്റെ മദ്ധ്യസ്ഥതയാൽ ലഭിച്ചതാണെന്നാണു് എന്റെ പൂർണ്ണബോദ്ധ്യം. ഞാൻ സഹനൊവീസു് ആയിരുന്നതിനാൽ മേൽപറഞ്ഞ സംഗതികളും ഞാൻ നേരിട്ടു കാണുകയും ദൈവദാസി അൽഫോൻസാമ്മ തന്നെ നേരിട്ടു എന്നോടു് പറയുകയും ചെയ്തിട്ടുള്ളതാണു്.

Sr. Mary Celestin of child Jesus
Clarist Convent

Theekoy
24–7–1958

സി. മേരി അനസ്താസ്യാ

(1958–ൽ കുമ്പനാടം മഠത്തിൽ ആയിരുന്നു. വാഴ്ത്ത. അൽഫോൻസാമ്മയുടെ സഹനൊവീസും സഹനവസന്യാസിനിയും ആയിരുന്നു. അതുകൊണ്ട് വാഴ്ത്ത. അൽഫോൻസാമ്മയെ ശ്രുശ്രൂഷിക്കാൻ ഇടയായിട്ടുണ്ട്. ഇപ്പോൾ ജീവിച്ചിരിപ്പില്ല.)

സ. മേരി അനസ്താസ്യയുടെ പ്രസ്താവന

Mother General
Clarist Convent, Kurumpanadam
Perumpanachi 14–10–1958

ഏ. സ്നേ. ബ. അച്ചാ,

ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ മദ്ധ്യസ്ഥതയാൽ ദൈവദാസിയായ അൽഫോൻസാമ്മയ്ക്കു സിദ്ധിച്ച സുഖപ്രാപ്തിയെപ്പറ്റി എനിക്കുള്ള അറിവ് രേഖപ്പെടുത്തി അയയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നല്ലോ. വിവരം അറിയിക്കുന്നതിനു കാലതാമസം വരുത്തിയതു് സദയം ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു.

ദൈവദാസിയായ അൽഫോൻസാമ്മയുടെ സഹനൊവീസാണ് ഞാൻ. നൊവീഷ്യറ്റിൽ വരുന്നതിനു മുമ്പ് തന്നെ ബ. അൽഫോൻസാമ്മ സുഖക്കേടുകാരിയായി കഴിയുകയായിരുന്നു. നൊവീഷ്യറ്റു കഴിക്കത്തക്ക ആരോഗ്യം ഇല്ല എന്നു് അധികാരികൾക്കും അറിയാമായിരുന്നതിനാൽ 1934–ലെ നൊവീഷ്യറ്റിൽ പ്രവേശിക്കാൻ ദൈവദാസിക്ക് സാധിച്ചില്ല. തന്റെ തീക്ഷ്ണതാപൂർവ്വകമായ പ്രാർത്ഥനയാലും തീവ്രമായ ആഗ്രഹത്താലും 1935ലെ നൊവീഷ്യറ്റിൽ പ്രവേശനം ലഭിച്ചു.

തീരെ കുറച്ചു ദിവസങ്ങൾ മാത്രമെ ബ. അൽഫോൻസാമ്മയ്ക്ക് ദിനചര്യ ക്രമമായി പാലിക്കുവാൻ സാധിച്ചുള്ളൂ. രോഗബാധിതയായി ശയ്യയെ അവലംബിച്ചു. രോഗവിവരങ്ങൾ ഞങ്ങളുടെ ഗ്രുത്തിയായിരുന്ന ബ. മേരി ഉർസുലാമ്മയുടെ പ്രസ്താവനയിൽ കാണുന്നവ തന്നെ

യാണു്. രോഗി കഠിനമായ വേദന അനുഭവിച്ചിരുന്നു. എങ്കിലും സഹനത്തിന്റെയും സന്തോഷത്തിന്റെയും ഒരു ത്തമ മാതൃക ഞങ്ങൾക്കു് തന്നുകൊണ്ടാണിരുന്നതു്. രോ ഗിയുടെ അവശത വർദ്ധിച്ചു വന്നതിനാൽ അവളെ നൊവീഷ്യറിൽനിന്നും പിരിച്ചയയ്ക്കുന്നതിനു് അധികാ രികൾ ആലോചന നടത്തി. വിവരം വന്ദ്യപിതാവിനെ അറിയിച്ചു. വന്ദ്യപിതാവു് രോഗിയെ വന്നു കണ്ടശേ ഷം അവൾ മരിക്കുന്നുവെങ്കിൽ ഇവിടെ കിടന്നു മരി ക്കട്ടെ. പിരിച്ചയയ്ക്കേണ്ട എന്നു് കല്പിച്ചു. ദൈവദാസിക്കും ഞങ്ങൾക്കും സന്തോഷമായി. ചികിത്സകൊണ്ടു് യാ തൊരു ഫലവുമില്ലായിരുന്നു.

ഇങ്ങനെ ഇരിക്കവേ ഞങ്ങളുടെ പെ. ബ. ഗ്രുവാ യിരുന്ന ളയീസച്ചന്റെ ഉപദേശപ്രകാരം ഞങ്ങൾ ദൈ വദാസനായ പാവറ കുര്യാക്കോസു് ഏലിയാസച്ചന്റെ നൊവേന ഞങ്ങളുടെ കൂട്ടത്തിൽ കഴിക്കാൻ തുടങ്ങി. 8 ദിവസമായിട്ടും യാതൊരു കുറവും കണ്ടില്ല. ഒമ്പതാം ദിവസം രാവിലെ ദൈവദാസി പൂർണ്ണസുഖപ്രാപ്തയായി കൂട്ടക്രമങ്ങളിൽ സംബന്ധിച്ചു. പിന്നീടു് ഒരു സുഖ ക്കേടു് ഉണ്ടായതുമില്ല. ഈ സംഗതിക്കു് ഞാൻ ദൃക് സാക്ഷിയാണു്. എന്നാൽ ദൈവദാസൻ കാണപ്പെട്ടു് സംസാരിച്ചതായും മറ്റും ബ. ഗ്രുത്തിയമ്മയാകട്ടെ ബ. അൽഫോൻസാമ്മയാകട്ടെ യാതൊന്നും എന്നോടു് പറഞ്ഞതായി ഓർമ്മയില്ല. പുസ്തകത്തിൽ അടിച്ചിറക്കി യപ്പോഴാ മാത്രമാണു് വിവരം അറിഞ്ഞതു്. ദൈവദാ സന്റെ മദ്ധ്യസ്ഥത്താൽ ബ. അൽഫോൻസാമ്മയ്ക്കു് സുഖംകിട്ടി എന്നു് ഞങ്ങളെല്ലാവരും ഇന്നും പരിപൂർണ്ണ മായി വിശ്വസിക്കുന്നു. (സഹനൊവീസുകാരം) ദൈവ ദാസൻ വിശുദ്ധരുടെ ഗണത്തിൽ ചേർക്കപ്പെടുന്നതിനു വേണ്ടി ഞാൻ പ്രാർത്ഥിക്കുകയും പ്രാർത്ഥിപ്പിക്കുകയും ചെയ്യുന്നുണ്ടു്. അപേക്ഷയ്ക്കു് കയ്യാളിച്ചു് ആശീർവ്വാദം അപേക്ഷിച്ചുകൊണ്ടു് അവസാനിപ്പിക്കുന്നു.

എന്നു് എളിയ സഹോദരി

Sr. Mary Anasthasia

സി. ളൂയീസാ, ഓലിക്കര, കുമ്പനാടം

(1958–ൽ കുമ്പനാടം മഠത്തിലായിരുന്ന കാലത്താണ് ഇതെഴുതുന്നതു്. സഹനവസന്യാസിനിയാണു്. ഇപ്പോഴും കുമ്പനാടം ക്ലാരമഠത്തിൽ കഴിയുന്നു.)

സി. ളൂയീസായുടെ പ്രസ്താവന

കുമ്പനാടം
ക്ലാരമഠം
12–10–1958

ഞാനും അൽഫോൻസാമ്മയും ഒന്നിച്ചാണു നൊവീഷ്യറ്റു കഴിച്ചതു്. എപ്പോഴും തന്നെ അസുഖങ്ങളും ബ. അൽഫോൻസാമ്മയ്ക്കുണ്ടായിരുന്നു. ഞാൻ ശരിയായി ഒന്നും ഓർക്കുന്നില്ല. ഒരവസരത്തിൽ ബ. അൽഫോൻസാമ്മയുടെ സുഖക്കേടു വർദ്ധിച്ചു. ക്ഷീണം വളരെ ശക്തിപ്പെട്ടു. കട്ടിലിൽത്തന്നെ കിടപ്പായി. ആയിടയ്ക്കു ഞങ്ങളുടെ ബ. ഗ്രുവച്ചൻ കാലം ചെയ്ത ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ പുണ്യങ്ങളേയും മാദ്ധ്യസ്ഥത്തേയുംപറ്റി ഞങ്ങളോടു ഒരു ഉപദേശം പറഞ്ഞു. അദ്ദേഹത്തോടുള്ള ഒരു നൊവേനപ്രാർത്ഥനയും തന്നു. ഞങ്ങളെല്ലാവരും വളരെ ഭക്തിയോടുകൂടി നൊവേന ആരംഭിച്ചു. അൽഫോൻസാമ്മയുടെ ക്ഷീണത്തിനും സുഖക്കേടിനും വലിയ കുറവൊന്നും കണ്ടില്ല. ഒടുവിൽ ഒരു ദിവസം (അതു് നൊവേന തീർന്ന ദിവസമാണോ എന്നു ഞാൻ ശരിയായി ഓർക്കുന്നില്ല.) കിടന്ന കിടപ്പിൽകിടന്നയാൾ രാവിലെ പള്ളിയിൽ വരികയും വി. കുർബാന കൈക്കൊള്ളുകയും ഉല്ലാസസമയത്തു ഞങ്ങളുടെകൂടെ ഉല്ലസിക്കയും ചെയ്തു. ഇങ്ങനെ സുഖം കിട്ടിയതു് ബ. കുര്യാക്കോസ് ഏലിയാസച്ചന്റെ അത്ഭുതമാണെന്നും, ആ വന്ദ്യദേഹം അൽഫോൻസാമ്മയ്ക്കു കാണ

പ്പെട്ട സുഖപ്പെടുത്തിയതാണെന്നും ഞങ്ങൾ വിശ്വസിച്ചു. ഞാൻ ബ. അൽഫോൻസാമ്മയെ ശുശ്രൂഷിച്ചിട്ടുണ്ട്. പക്ഷെ അത്ഭുതം നടന്ന രാത്രിയിൽ ഞാൻ ശുശ്രൂഷിച്ചതായി ഓർക്കുന്നില്ല. അൽഫോൻസാമ്മയുടെ എളിമ കാരണമായിരിക്കും. ഈ കാര്യങ്ങളെല്ലാം രഹസ്യം കാക്കുന്നതായിട്ടാണ് എനിക്കു മനസ്സിലായിട്ടുള്ളതു്.

എന്നു്

എ. ശ്രു. പ്ര. മു. സ. അ. മ. ളയീസാ

Cure of the Servant of God Sr. Alphonsa Doctor's analysis of the Case

By Dr. Thomas Thamarappally, Kallooppara

Sr. Alphonsa during her younger days except for a serious attack of infantile eczema at the age of 4, was quite healthy, but after attaining the age of puberty, she was troubled by an excessive bleeding (Menarrahagia) during her periods. In May 1930, she received the habit of the Third Order Regular Clares at St. Mary's Church, Bharananganam from his Excellency, the Bishop of Changanacherry. A few months after the vestition, the bleeding during her periods became very profuse lasting for several days, during each menstrual cycle. For this uncontrollable bleeding, she has undergone treatment by several famous Ayurvedic physicians like Olassayil & Vaiskara Moosses at Kottayam and physician Mathai Kallookunnel at Meenachil.

Finding no relief for her troubles by the Ayurvedic treatment, she was taken to the General Hospital Ernakulam, where she was first treated by the well known, famous Physician — late Dr. C. L. Joseph MRCS & LRCP (London) and finding no relief by the medical treatment Dr. Rao, the chief surgeon in charge was consulted and according to his advice, the late Dr. Mrs. Francis has done a D & C Operation on her. (the mouth of the womb was dilated and the diseased portion of the interior surface of the womb was scraped out.) This has given her only a temporary cure for about a year and a half and during that period she worked as a teacher in the Convent School at Vakakkad. On her return journey from Vakakkad, she had to walk a long distance through the hilly places and thus on reaching Bharananganam she again fell ill, but a few months before her entry in the Canonical Novitiate, she had marked relief of her troubles and notable improvement in her general health.

In August 1935, she became a canonical novice in the Third Order Regular Clarist at Changanacherry but a week after her entry in the novitiate she fell ill again and was confined to her bed. This time, apart from her serious, profuse and prolonged haemorrhage from the womb she had bleeding from the nose also. (*Epistaris*) Added to these troubles, she also had gastro-intestinal troubles like nauseas. Vomiting and pain in the abdomen with distension. She could not retain anything taken by mouth owing to the incessant vomiting. At the most she took with great difficulty a few ounces of canjee water, which was the only food for her, continuously for several days.

Owing to the continuous, profuse bleeding and continuous prolonged starvation, she became extremely anaemic (pale) and reduced to mere skin and bone. She was completely bed-ridden and unable to raise up or to turn to either side in the bed without the help of her co-novice, Sr. Louisa who attended on her. The Bishop of Changanacherry was consulted by the novice mistress and His Excellency after visiting the patient said that she should not be shifted to any other place and that if she happened to die of this disease it was better for her to die there in the novitiate itself.

During this time also, she was treated by the famous physicians like Olasail Mose at Kottayam and Vadakanmuri Pothen Vaydhan at Changanacherry and afterwards by Dr. Joseph Poovatil M. B. B. S., an eminent Catholic doctor of the place. But she had no improvement by this treatment and she was practically dying inch by inch.

It was at this critical time that her spiritual father Rev. Fr. Aloysius of St. Joseph from Chethipuzha Monastery gave her a picture of the saintly priest, late Father Chavara Kuriakose Elias and asked her to pray to him for her cure. She also got, by the time a relic of the same revered priest from her grand-uncle, Rev. Fr. Joseph Muttathupadam. She kept these two precious things near her pillow and started a novena in honour of the saintly priest (Servant of God). The other novices, all joined together and began a separate novena to the same revered priest. In spite of these two novenas, her condition grew worse day by day and at last on the 9th day of the novena, about 3 a. m. at night, the saintly priest (Servant of God)

appeared to her, blessed her, touched her and told her very affectionately that she was cured of her disease and that she would not get the same troubles again in her life and that she would suffer in some other ways.

Hearing the voice from Sr. Alphonsa's room during the deep silence of the night, the novice mistress, Sr. Mary Urusula went to Sr. Alphonsa's room and found her muttering and making gestures in her sleep. She roused Sr. Alphonsa from her slumber and at once she spoke to her novice mistress thus. "Look, Mother, Father Elias is here – Can you not see him – Let me ask his blessing." She seemed to be speaking directly to the saintly priest as if in a vision. Then she told the novice mistress about her vision and the cure of her disease. By this time, her co-novice who attended on her also came to her room and then she was asked by the novice mistress to examine the pus discharging sinus at her right inguinal region and on examining it she found the sinus has completely healed. Then they went with Sr. Alphonsa to the chapel to give thanks to the Almighty for this miraculous cure. Early in the morning when the bell was rung for them to get up, Sr. Alphonsa also got up from her bed and after cleaning her teeth and washing her face, she also walked along with the other novice to the chapel and heard the Holy Mass and received the Holy Communion to the surprise of all other novices. In the morning she also went to the refectory along with the rest of the novices and had the usual break-fast with them to the great surprise of all the inmates of the house.

The miraculous nature of the above cure in Sr. Alphonsa is as follows:-

1) The sudden cessation of the profuse bleeding at the time of her vision and not recurring till the end of her life – "It is a permanent cure."

2) The sudden complete healing of the pus discharging sinus at the time of the vision and not receiving till the end of her life – "A permanent cure."

3) A completely bed ridden and helpless patient rising up suddenly from the bed at the time of the vision and going immediately afterwards to the chapel without anybody's help.

4) The complete cessation of the gastro – intestinal disturbances all on a sudden and there by enabling her to take the ordinary food served on the common table along with the other novices even though she was able to take only few ounces of canjee-water till to previous night.

രോഗശാന്തിയെക്കുറിച്ച ജീവചരിത്രകാരന്മാർ

രോഗം തുടങ്ങിയിട്ട് മാസങ്ങം എട്ട കഴിഞ്ഞിരുന്നു. ദാരുണമായ ഈ രോഗത്തെ ദൈവം അവിടുത്തെ ദുർഗ്രഹമായ പരിപാലനത്തിൽ, തന്റെ ഉപരിസ്തുതിക്കും തന്റെ വിശ്വസ്തനായ ഒരു സേവകന്റെ മഹത്വത്തിനും ഒരുപാധിയാക്കിക്കൊണ്ട് അവളെ അസാധാരണമായി അനുഗ്രഹിച്ചു. കേരള കർമ്മലീത്താ സഭയുടെ സ്ഥാപകപിതാക്കളിൽ ഒരുവനും . പുണ്യചരിതനും,. ഇപ്പോഴും വാഴ്ത്തപ്പെട്ടവനും ആയി അറിയപ്പെടുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ പുണ്യകീർത്തിയെയും മാദ്ധ്യസ്ഥശക്തിയെയും പറഞ്ഞിയുള്ള

പ്രസിദ്ധി ആരംഭിച്ചതുടങ്ങിയിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. അൽഫോൻസാമ്മയുടെ രോഗശാന്തിക്കായി ഈ പാവനചരിതനോടുള്ള ഒരു നവനാഹം പ്രാർത്ഥന നവസന്യാസഗ്രന്ഥവായ ബ. ഉയിസച്ചന്റെ നിർദ്ദേശപ്രകാരം അൽഫോൻസാ തനിച്ചും മറ്റു സഹോദരികളും സമൂഹമായും ജപിച്ചു തുടങ്ങി. നൊവേനയുടെ ഒൻപതാം ദിവസത്തിലും രോഗത്തിനു് യാതൊരു ശമനവും കണ്ടില്ല. മറിച്ചു് അതു വർദ്ധിക്കുകയത്രേ ചെയ്തതു്. ശേഷം ഭാഗം ഗ്രന്ഥനാഥയുടെ വാക്കുകളിൽ പറയാം.

''രോഗിണി മരിച്ചുപോകുമെന്നു വിചാരമുണ്ടായിരുന്നതിനാൽ ഞാൻ രാത്രിയിൽ കൂടെക്കൂടെ ചെന്നു നോക്കാറുണ്ടായിരുന്നു. നൊവേനയുടെ ഒമ്പതാം ദിവസം ഏകദേശം അർദ്ധരാത്രിസമയത്തു് അൽഫോൻസായുടെ മുറിയിൽനിന്നു് ഒരു സംഭാഷണം കേട്ടു. പെട്ടെന്നു വല്ലപാരവശ്യവുമുണ്ടായതിനാൽ മറ്റു സഹോദരികളും എഴുന്നേറ്റു ചെന്നതിന്റെ ശബ്ദമായിരിക്കാം അതെന്നു ഞാൻ കരുതി. കണിശമായ മൗനം ആചരിക്കേണ്ടിയിരുന്ന സമയത്തു് ശബ്ദമുണ്ടാക്കിയതിൽ ഞാൻ അസ്വസ്ഥയായി മുറിയുടെ വാതുക്കൽ ചെന്നുനോക്കി. അവിടെ ആരെയും കണ്ടില്ല. രോഗിണി ഉറങ്ങുകയാണു്. അപ്പോഴും എന്തോ സംസാരിക്കുന്നുണ്ടു്. എന്തെന്നു എനിക്കു മനസ്സിലായില്ല. ചില ആംഗ്യങ്ങളും കാണിക്കുന്നുണ്ടു്. ഞാൻ സഹോദരിയെ വിളിച്ചുണർത്തി. മിണ്ടാടക്കസമയത്തു് സംസാരിക്കുന്നതെന്താണെന്നു് ചോദിച്ചു. ''ഇതാ ഏലിയാസച്ചൻ വന്നിരിക്കുന്നു കാണുന്നില്ലേ? ഞാൻ ആശീർവ്വാദം അപേക്ഷിക്കട്ടെ?'' എന്നു പറഞ്ഞുകൊണ്ടു് പരസഹായം കൂടാതെ എഴുന്നേറ്റിരുന്നു. അപ്പോഴത്തെ സംസാരവും ആംഗ്യങ്ങളും ബ. ഏലിയാസച്ചനെ നേരിട്ടുകാണുന്ന ഒരാളിന്റേതായിരുന്നു. സഹോദരി തുടർന്നു പറഞ്ഞു. എന്റെ രോഗം സുഖമായി, ഏലിയാസച്ചൻ ഇവിടെ വന്നു. ഞാൻ കണ്ടു. എന്നെ ആശീർവ്വദിച്ചു് എന്നെ തൊട്ടു് ''ഈ ദീനം സുഖമാ

യിരിക്കുന്നു. ഇനിമേൽ ഈ രോഗം നിനക്കുണ്ടാകയില്ല. എങ്കിലും നീ മറ്റു പല വിധ രോഗങ്ങളാൽ ഇനിയും പീഡിപ്പിക്കപ്പെട്ടും'' എന്നു് എന്നോടു് പറഞ്ഞു. ''ഒരു പക്ഷേ എന്റെ തോന്നലോ സ്വപ്നമോ ആയിരിക്കാം'' എന്നും അവൾ കൂട്ടിച്ചേർക്കയുണ്ടായി.

''അൽഫോൻസാമ്മ പറഞ്ഞതു ശരിയായിരുന്നു. കാലിലുള്ള വ്രണം പൂർണ്ണമായി സുഖപ്പെട്ടിരിക്കുന്നതായും വ്രണത്തിന്റെ പാടുമാത്രം അവശേഷിച്ചിരിക്കുന്നതായും ഞാൻ തന്നെ കണ്ടു. രക്തസ്രാവവും തീർത്തു മാറിയിരുന്നു. ഈ ദർശനത്തെപ്പറ്റി ആരോടും പറയരുതെന്നു് അവൾ എന്നോടു അഭ്യർത്ഥിച്ചിരുന്നതിനാൽ ഏലിയാസച്ചന്റെ മാദ്ധ്യസ്ഥം വഴി രോഗശാന്തി ലഭിച്ചെന്നു മാത്രമെ മറ്റുള്ളവർ അറിഞ്ഞിരുന്നുള്ളു. പരസഹായം കൂടാതെ തിരിഞ്ഞുകിടക്കാൻപോലും പാടില്ലാതിരുന്ന അൽഫോൻസാ പ്രഭാതമായപ്പോഴേക്കു തനിയെ എണീറ്റു് കപ്പേളയിൽ പോയി സമൂഹത്തോടൊപ്പം ദിവ്യബലിയിൽ സംബന്ധിച്ചു് ദിവ്യകാരുണ്യം സ്വീകരിക്കുകയുണ്ടായി''. തുടർന്നു സമൂഹാനുഷ്ഠാനങ്ങളിൽ പങ്കെടുത്തു തുടങ്ങുകയും ചെയ്തു.

1931—ൽ എറണാകുളത്തുവച്ചു് അവളെ ശസ്ത്രക്രിയക്കു വിധേയയാക്കിയ രോഗം തന്നെയായിരുന്നു ഇതു്. ശസ്ത്രക്രിയകൊണ്ടു താല്ക്കാലികാശ്വാസമേ അവൾക്കു ലഭിച്ചിരുന്നുള്ളു. പിന്നീടു് ഈ ആലസ്യം അവളെ പലപ്പോഴും അലട്ടിക്കൊണ്ടാണിരുന്നതു്. എന്നാൽ ഈ നവനാൾ പ്രാർത്ഥനയ്ക്കുശേഷമുണ്ടായ വിസ്മയകരമായ രോഗശമനാനന്തരം അതു വീണ്ടും അവളെ ബാധിക്കാനിടയായിട്ടില്ല. എങ്കിലും ഏലിയാസച്ചൻ അവൾക്കു മുന്നറിവു നൽകിയിരുന്നതുപോലെ മറ്റു പലതരം രോഗങ്ങളും അവളെ പീഡിപ്പിച്ചുകൊണ്ടിരുന്നു.

അത്ഭുതകരമായ ഈ രോഗവിമുക്തിയെയും പിന്നീടുണ്ടായ അവളുടെ ജീവിതത്തിൽ ദർശിക്കുന്ന അസാധാര

ണങ്ങളായ സംഭവങ്ങളെയും പറഞ്ഞ് ചോദിക്കുമ്പോഴും ആ സഹോദരി വിനയംകൊണ്ട് ലജ്ജാഭരിതയായിത്തീരുക പതിവായിരുന്നു. നിർബന്ധിച്ചെങ്കിൽ മാത്രമേ വല്ലതും പറഞ്ഞിരുന്നുള്ളൂ.

ഫാ. റോമുളസ്. സി. എം. ഐ.
സ്നേഹബലി അദ്ധ്യായം VI പേജ് 33 & 34

At the Suggestion of Father Aloysius, therefore, a novena in honour of Father Cyriac Elias (1805–1871) the saintly founder of the Syrian carmelites of Kerala, was made by the novices in common. Sister Alphonsa also made a novena in his honour. But there seemed to be no improvement in her condition until the last day of the novena. That day, Mother Ursula had a strange experience. She heard someone speaking from sister Alponsa's cell at midnight. Annoyed at hearing voices at a time of strict silence, she went to the door and looked in, but found no one. She then entered the cell and found Sister Alphonsa talking and making gestures, apparently in her sleep. She awakened the young novice and asked her why she was breaking the rule of silence. "Look" said sister Alphonsa, sitting up. Father Elias is here. Dont you see him? Let me request his blessing. "Her manner of speech and gestures clearly indicated that she was addressing someone in front of her. "I am cured," She said, "Father Elias was here, I saw him. He blessed me, he touched me and he said to me. "you are cured of this illness: You will not suffer from it

again, but you will have to suffer always from other ailments". It may be that this was just a fancy or a dream. Anyway, I am quite well now." What she said seemed to be true, for, Mother Ursula, found that the ulcer had healed completely and that the haemorrhage had stopped. The next morning, the helpless invalid of the previous evening was seen walking up to the chapel and receiving Holy Communion. What Sister Alphonsa in her utter humility was inclined to consider a fancy or a dream was, it would appear, an actual vision of the saintly Father Elias. How else, can one account for such instantaneous cure, involving, as it did, even a total healing up of the ulcer in a matter of moments?

Dr. Joseph Minattur
Flame and Flower, Chapter V Pages 36 to 38

For over three months sister Alphonsa endured great suffering, regretting only that her illness kept her, and those attendant upon her, from community life: Then, at the suggestion of her spiritual director a novena was made by the novices in common, in honour of Father Cyriac Elias of Chavara, the saintly founder of the Syrian Carmelites, who was born in 1805 in the Diocese of Changanacherry and died in 1871. The novice mistress has herself described how their prayers were answered.

I often went into her room at night, as we feared that the worst might happen. One had to look at her very closely to make sure that she was alive. At mid-

night on the ninth day of the novena. I heard someone talking in the room. I thought it might be a sister who had gone in to attend to her during some sudden, convulsion or pain. Annoyed, neverthless, at hearing voices at a time of strictest silence, I went to the door and looked in: I saw no one, and entered the room to find sister Alphonsa talking and making gestures, apparently in her sleep perplexed, I roused her, reminding her that she was disturbing the silence of the house she sat up saying 'Look Father Elias is here. Can't you see him? Let me ask his blessing. She seemed to be speaking directly to him. Soon she went on: 'I am cured. Father Elias was here. I saw him. He blessed me: he touched me. He said to me. ' You are cured of this illness, and you won't be affected by it again. But you will always have to suffer in other ways. Perhaps it was just a fancy or a dream, but I am alright now.' Sister Alphonsa spoke the truth. For I saw that the ulcer had healed completely and the haemorrhage has stopped.

There seems no reason to doubt that she actually had a vision, although, in her humility, she was prepared to attribute her experience to imagination and always maintained great reserve in speaking of it. But only a miracle could account for a recovery so sudden and complete– one day a helpless invalid, the next, able to walk up to the chapel and receive Holy Communion. As Father Elias had said, the haemorrhage never troubled her again, but for the rest of her life, she had to endure many other sufferings.

K. C. Chacko

Sister Alphonsa, Chapter III Pages 54 to 56

അൽഫോൻസായുടെ രോഗം ആരംഭിച്ചിട്ട് എട്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൊണ്ടു തീരെ വഴങ്ങുന്നില്ലെന്നുകണ്ടപ്പോൾ രോഗശാന്തിക്കായി ദൈവദാസനായ പാവറ കുര്യാക്കോസ് ഏലിയാസച്ചനോടുള്ള ഒരു നവനാൾ പ്രാർത്ഥന മാദ്ധ്യസ്ഥം ആരംഭിക്കുന്നതിനു നവസന്യാസ ഗുരുവായ ബ. ളയീസച്ചൻ നിർദ്ദേശിച്ചു. അതനുസരിച്ച് അൽഫോൻസാ തനിച്ചും മറ്റു സന്യാസികളും സമൂഹമായും ഈ നവനാൾ പ്രാർത്ഥന നടത്തി.

പക്ഷേ ഒൻപതാം ദിവസമായിട്ടും രോഗത്തിനു ഒരു ഇറക്കവും കണ്ടില്ല. മറിച്ച്, ഒന്നിനൊന്നു മൂർച്ഛിച്ചതേയുള്ളൂ. രോഗിണി മരിച്ചുപോയേക്കുമെന്നു തന്നെ എല്ലാവരും കരുതി. മദർ ഉർശ്ശുല അർദ്ധരാത്രിയായിട്ടും ഉറക്കമൊഴിഞ്ഞു രോഗിണിയെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു.

അങ്ങനെയിരിക്കെ അൽഫോൻസായുടെ മുറിയിൽ അസാധാരണമായ ഒരു സംഭാഷണം കേട്ടു. ചെന്നു നോക്കിയപ്പോൾ അൽഫോൻസാ മയങ്ങിക്കിടക്കുന്നതല്ലാതെ മറ്റാരെയും കണ്ടില്ല. എങ്കിലും ആ മയക്കത്തിലും രോഗിണി ചുണ്ടനക്കി എന്തോ പറയുന്നതായും ആംഗ്യം കാണിക്കുന്നതായും ഉർശ്ശുലാമ്മയ്ക്കു തോന്നി. മദർ അൽഫോൻസായെ വിളിച്ചുണർത്തി ആരോടാണു സംസാരിക്കുന്നതെന്നു ചോദിച്ചു.

''ഇതാ, ഏലിയാസച്ചൻ വന്നിരിക്കുന്നു. കാണുന്നില്ലേ? ഞാൻ ആശീർവ്വാദം അപേക്ഷിക്കട്ടെ?'' എന്നു പറഞ്ഞുകൊണ്ട് അൽഫോൻസാ പരസഹായം കൂടാതെ എഴുന്നേറ്റിരുന്നു.

അൽഫോൻസാ തുടർന്നു:

''എന്റെ രോഗം സുഖമായി, ഏലിയാസച്ചൻ ഇവിടെ വന്നു. ഞാൻ കണ്ടു, എന്നെ ആശീർവദിച്ചു എന്നെ തൊട്ട് 'ഈ ദിനം സുഖമായിരിക്കുന്നു. ഇനിമേൽ ഈ രോഗം നിനക്കുണ്ടാകയില്ല എങ്കിലും നീ മറ്റു പല

വിധ രോഗങ്ങളാൽ ഇനിയും പീഡിപ്പിക്കപ്പെടും' എന്നു് എന്നോടു പറഞ്ഞു. ഒരു പക്ഷേ എന്റെ തോന്നലോ സ്വപ്നമോ ആയിരിക്കാം എന്നും അൽഫോൻസാ കൂട്ടിച്ചേർത്തു.

''അൽഫോൻസാ പറഞ്ഞതു ശരിയായിരുന്നു കാലിലെ വ്രണം പൂർണ്ണമായി സുഖപ്പെട്ടിരിക്കുന്നതായും വ്രണത്തിന്റെ പാടുമാത്രം അവശേഷിച്ചിരിക്കുന്നതായും ഞാൻതന്നെ കണ്ടു. രക്തസ്രാവവും തീർത്തുമാറിയിരുന്നു. ഈ ദർശനത്തെപ്പറ്റി ആരോടും പറയരുതെന്നു് അവർ എന്നോടു് അഭ്യർത്ഥിച്ചിരുന്നതിനാൽ ഏലിയാസച്ചന്റെ മാദ്ധ്യസ്ഥം വഴി രോഗശാന്തി ലഭിച്ചെന്നു മാത്രമേ മറ്റുള്ളവർ അറിഞ്ഞിരുന്നുള്ളു. പരസഹായം കൂടാതെ തിരിഞ്ഞു കിടക്കാൻപോലും പാടില്ലാതിരുന്ന അല്ഫോൻസാ പ്രഭാതമായപ്പോഴേക്കും തനിയെ എണീറ്റു് കപ്പേളയിൽ പോയി സമൂഹത്തോടൊപ്പം ദിവ്യബലിയിൽ സംബന്ധിച്ചു് ദിവ്യകാരുണ്യം സ്വീകരിക്കുകയുണ്ടായി. തുടർന്നു് സമൂഹാനുഷ്ഠാനങ്ങളിൽ പങ്കെടുത്തു തുടങ്ങുകയും ചെയ്തു.

വർഗ്ഗീസു് കാഞ്ഞിരത്തുങ്കൽ

തീർത്ഥാടകനായ മാപ്പ്ാപ്പയും വിശുദ്ധാത്മാക്കളായ ചാവറയും അൽഫോൻസയും പേജു് 128--130.

CMI Works
11032217
K100 P276



ഗ്രന്ഥകർത്താവ്

1934-ൽ ചേർത്തല അടുത്തുള്ള ഉഴവ എന്ന സ്ഥലത്തു് പട്ടശ്ശേരി എന്ന പുരാതന കുടുംബത്തിൽ ജനിച്ചു. മാതാപിതാക്കൾ വറുഗീസും മറിയാമ്മയും. ഇദ്ദേഹം 1953-ൽ സി. എം. ഐ. സഭയിൽ ചേർന്നു. 1962-ൽ വൈദികനായി. ഫിലോസഫി, തിയോളജി എന്നിവയിലുള്ള ഡിഗ്രികൾക്കു പുറമേ, ചരിത്രത്തിൽ മാസ്റ്റർ ബിരുദവും നേടിയിട്ടുണ്ടു്. ഒരു നല്ല ധ്യാനപ്രസംഗകനും, ഗായകനും, അനേകം ഗ്രന്ഥങ്ങളുടെ രചയിതാവുമാണു്. ഇപ്പോൾ മാന്നാനത്തു് വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ നാമകരണ കാര്യാലയത്തിന്റെ മേൽനോട്ടം വഹിക്കുന്ന വൈസ്പോസ്റ്റുലേറ്റർ (Vice Postulator) ആയി ജോലി നോക്കുന്നു.

Chavara Books and Publications, Alwaye